ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 ആഗസ്റ്റ് 2018 ലക്കം 04

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpharadio.com
0490- - 2342440

# ഉള്ളടക്കം


1. തടവറപ്രേഷിതത്വം-സർക്കുലർ ........ 05
2. Prot. No.473/2018 - സർക്കുലർ 12/2018 ........ 10
3. നീതി ഞായർ-സർക്കുലർ ........ 16
4. കച്ചേരിക്കാര്യം ........ 18
5. Prot. No.482/18, ഡിക്രി ........ 21
6. Prot. No.436/18, ദൈവമാതാ സെന്റർ-ബളാൽ ........ 24
7. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതി ........ 35
8. സെമിനാരി വാർത്തകൾ ........ 37
9. വിശ്വാസപരിശീലനം ........ 38
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 46
11. ചെറുപുഷ്പ മിഷൻലീഗ് ........ 49
12. തിരുബാലസഖ്യം ........ 57
13. യുവജനശുശ്രൂഷ ........ 59
14. കുടുംബപ്രേഷിതത്വം ........ 64
15. വിദ്യാഭ്യാസ ഏജൻസി ........ 70
16. സാൻജോസ് അക്കാഡമി ........ 74
17. വിമൽജ്യോതി വാർത്തകൾ ........ 87
18. നിർമ്മലഗിരി വാർത്തകൾ ........ 79
19. കരിസ്മാറ്റിക് നവീകരണരംഗം ........ 80
20. ദീപിക ഫ്രണ്ട്സ് ക്ലബ് ........ 81
21. കുടുംബക്കൂട്ടായ്മ ........ 82
22. എകെസിസി വാർത്തകൾ ........ 86
23. ഫ്രാൻസിസ്കൻ അൽമായസഭ ........ 89
24. ഇൻഫാം വാർത്തകൾ ........ 90
25. പ്രതീക്ഷാ വാർത്തകൾ ........ 92
26. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ........ 94
27. കെസിബിസി മദ്യവിരുദ്ധ സമിതി ........ 96
28. സാമൂഹ്യസേവനവേദി ........ 103
29. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 105
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 107
31. Programme of the Archbishop Mar George Njaralakatt ........ 110
32. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 112
33. Programme of the Auxiliary Bishop Mar Joseph Pamplany ........ 114

Ref: 3115/K-5/KCBC/OL/DS 20.7.2018

# തടവറ പ്രേഷിതദിനം

കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകത യെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.

കർത്താവിൽ പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച കേരള കത്തോലി ക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവു കാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14- ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ ആഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ട വനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിത ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. "നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം നഷ്ട പ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത

ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ധ്രഥ നത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർ സംയോജന ത്തിനുമുള്ള അവസരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യ പ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസി പ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചി രിക്കുന്നു''(ഏശ.61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭി ക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾ ക്കാണ് വൈദ്യനെ ആവശ്യം ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്"(ലൂക്ക. 5: 31-32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന്

മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായി രിക്കണം? ഉത്തരം ഇതാണ് : സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ (Gaudete et Exsultate No. 98 ) ക്രൈസ്തവ വിശുദ്ധിയിലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, "തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ,എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കു ത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിഛായയെ, യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോ ദരനെ അല്ലെങ്കിൽ സഹോദരിയെ കണ്ട് എനിക്ക് വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി പ്രത്യുത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരിക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ള വരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്ത പ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ

കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശി ക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണ ത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200-ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വത്തിൽ

വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗി യായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനു മോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവക യിൽ ശേഖരിക്കുന്ന പിരിവു കൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹു മുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗ തമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ നിന്ന്.

---

2018 ആഗസ്റ്റ് 5-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടു ക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 473/18, സർക്കുലർ നമ്പർ 12/2018

# തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മ

ഈശോയിൽ പ്രിയ സഹോദരീ, സഹോദരന്മാരേ,

ആദിമസഭയെക്കുറിച്ച് തിരുവചനം പറയുന്നത് ഇപ്രകാരമാണ്: അപ്പസ്തോലന്മാരുടെ വചനം ശ്രവിച്ചവർ കർത്താവായ യേശുവിൽ വിശ്വസിക്കുകയും സ്നാനം സ്വീകരിക്കുകയും ചെയ്തു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു. വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ അനുദിനം താൽപര്യപൂർവ്വം ദൈവാലയത്തിൽ ഒന്നിച്ച് കൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. (അപ്പ 2:41-46)

ആദിമസഭയിൽ ഇങ്ങനെ രൂപപ്പെട്ട ചെറുകൂട്ടായ്മകളാണ് പിന്നീടു പ്രാദേശിക സഭകളായി വളർന്നത്. പ്രാദേശിക സഭകളുടെ കൂട്ടായ്മയാണ് തിരുസഭ. അതിനാൽ സഭയുടെ നിലനിൽപ്പും വളർച്ചയും ഇത്തരം കൂട്ടായ്മകളുടെ വിശ്വാസചൈതന്യത്തിലും കരുത്തിലുമാണ് നിലകൊള്ളുന്നത്. ആദിമസഭയുടെ ആ ചൈതന്യം നമ്മുടെ ഇടവകകളിലും രൂപതയിലും പുനഃസ്ഥാപിക്കുവാൻ നമ്മുടെ അതിരൂപതയിൽ കുടുംബകൂട്ടായ്മകൾ പുനർസംവിധാനംചെയ്യണമെന്ന് അതിരൂപതാ അസംബ്ലി നിർദ്ദേശിച്ചിരുന്നു.

സ്വാർത്ഥത വളർന്നുവരുന്ന ലോകത്തിൽ കൂട്ടായ്മയുടെയും പരസ്പരസഹകരണത്തിന്റെയും പങ്കുവയ്ക്കലിന്റെയും സാക്ഷികളാകാൻ ക്രിസ്ത്യാനികൾക്ക് കഴിയണം. മർക്കോ 3:1-6ൽ ഈശോ കൈ ശോഷിച്ചവനെ സുഖപ്പെടുത്തിയ രംഗം ഓർക്കുക. സിനഗോഗിന്റെ മൂലയ്ക്ക് മൂടിപ്പുതച്ചിരുന്നവന് സൗഖ്യം നൽകാൻ ആഗ്രഹിച്ചപ്പോൾ ഈശോ ചെയ്തത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, അവനോടു എഴുന്നേറ്റ് നടുവിലേക്കു വരൂ എന്ന് ക്ഷണിച്ചു. രണ്ട്, കൈ നീട്ടുക എന്ന് ആവശ്യപ്പെട്ടു. അതായത് ഇന്ന് മനസ്സിലും ജീവിതത്തിലും സുഖം ലഭിക്കണമെങ്കിൽ നമ്മൾ ഒറ്റയ്ക്ക് ഇരിക്കുന്ന മൂലകളിൽനിന്ന് എഴുന്നേറ്റ്

കൂട്ടായ്മയിൽ പങ്കുചേരണം. അതുപോലെ പരസ്പരം കൈകോർത്ത് ബന്ധങ്ങൾ പുനഃസ്ഥാപിക്കണം.

കുടിയേറ്റ ജനതയായ നമ്മുടെ സാമൂഹ്യബന്ധങ്ങളിലും വിശ്വാസജീവിതത്തിലും മുൻപുണ്ടായിരുന്ന ഉണർവ്വും സന്തോഷവും പുനർജീവിപ്പിക്കുവാനും ബന്ധങ്ങൾ ഊഷ്മളമാക്കാനും സഹായിക്കുന്ന പുതിയ അജപാലനശൈലി രൂപപ്പെടുത്തുവാൻ നാം പരിശ്രമിക്കുകയാണ്. ഇടവകകളെ ചെറുകൂട്ടായ്മകളായി തിരിച്ച് ആദിമസഭയിൽ എന്നപോലെ കൂട്ടായ്മയുടെ ശക്തിയും സൗന്ദര്യവും നിറഞ്ഞ് നിൽക്കുന്ന കുടുംബക്കൂട്ടായ്മകൾക്ക് നാം തുടക്കം കുറിക്കുകയാണ്. ലത്തീൻ സഭയിൽ എതാനും വർഷങ്ങൾക്ക് മുമ്പ്തന്നെ ബേസിക് ക്രിസ്ത്യൻ കമ്മ്യൂണിറ്റി (BCC) എന്ന പേരിൽ തുടക്കം കുറിച്ച രീതിയോട് സമാനമായി നമ്മുടെ സഭയിലെ എല്ലാരൂപതകളിലും കുടുംബകൂട്ടായ്മകൾ രൂപീകരിക്കുവാൻ സീറോമലബാർ സിനഡ് നിർദ്ദേശിക്കുകയുണ്ടായി. കഴിഞ്ഞ വർഷം ചേർന്ന അതിരൂപതാ അസംബ്ലി ഇതു നമ്മുടെ അതിരൂപതയിലും അടിയന്തിരമായി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അസംബ്ലിയുടെ നിർദ്ദേശം പരിഗണിച്ച് കുടുംബക്കൂട്ടായ്മകളെ സംഘടിപ്പിക്കുവാനും മാർഗ്ഗനിർദ്ദേശം നല്കുന്നതിനുമായി കുടുംബക്കൂട്ടായ്മകളുടെ ഒരു ഡിപ്പാർട്ട്മെന്റ് നമ്മുടെ അതിരൂപതയിൽ ആരംഭിച്ചിട്ടുണ്ട്. ചെറുകൂട്ടായ്മകളുടെ രൂപീകരണംവഴി "കൈകോർക്കാം ഒന്നിച്ച് വളരാം" എന്ന മുദ്രാവാക്യത്തോടെ "കുടുംബകൂട്ടായ്മ തലശ്ശേരി അതിരൂപത"(Family Renewal Units in Thalassery) (FRUITS) എന്ന പേരിലായിരിക്കും ഈ ഡിപ്പാർട്ട്മെന്റ് അറിയപ്പെടുന്നത്. ഈ പുതിയ സംരംഭത്തിന് നേതൃത്വം കൊടുക്കുവാൻ ബഹു. മാത്യു ആശാരിപറമ്പിൽ അച്ചനെയാണ് നിയോഗിച്ചിരിക്കുന്നത്. സന്ദേശഭവനിൽ ഇതിനായി ഓഫീസും സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. പുതിയ രീതിയിലുള്ള കുടുംബക്കൂട്ടായ്മകൾക്ക് വേണ്ടസഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഈ പുതിയ ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിക്കും.

ഇപ്പോൾ നമ്മുടെ ഇടവകകളെ വാർഡുകളായി തിരിച്ചാണ് നാം ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. പിരിവുകൾ നടത്താനും ഭവനസന്ദർശനം നടത്തുവാനും പ്രാർത്ഥനായോഗങ്ങൾ നടത്തുവാനും ഇവ സഹായിച്ചിരുന്നു. പക്ഷേ ചില വാർഡിലെ കുടുംബങ്ങളുടെ എണ്ണം കൂടുതലായതിനാലും വീടുകൾ തമ്മിലുള്ള അകലം വലുതായതിനാലും പല യോഗങ്ങളും ആളുകളുടെ പങ്കാളിത്തകുറവുകൊണ്ട് ശുഷ്കമായിരുന്നു. പലപ്പോഴും ഒന്നിച്ച് ചേരലുകൾ വെറും പ്രാർത്ഥ

നായോഗം എന്ന നിലയിലേക്ക് ചുരുങ്ങിപ്പോയി. അതിന് പകരമായി അടുത്തു താമസിക്കുന്ന 20ൽ താഴെ കുടുംബങ്ങളുടെ ഹൃദ്യവും സജീവവുമായ പ്രാർത്ഥന, പങ്കുവയ്ക്കൽ, പഠനം, ഭക്ഷണസൗഹൃദം എന്നിവ ഉൾകൊള്ളുന്ന കുടുംബക്കൂട്ടായ്മകൾക്ക് രൂപംകൊടുക്കാനാണ് നാം പ്ലാൻ ചെയ്യുന്നത്.

ഈ കുടുംബ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്ന പ്രക്രിയ എല്ലാ ഇടവകകളിലും ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടപ്പിലാക്കണം. ചില നിർദ്ദേശങ്ങൾ നൽകുകയാണ്.

1. 15-20 വീടുകളുള്ള ചെറുയൂണിറ്റുകളാണ് രൂപീകരിക്കേണ്ടത്. അതിനാൽ വലിയ വാർഡുകൾ വിഭജിക്കേണ്ടതായി വരാം. ചില ഇടവകകളിൽ ഇപ്പോൾ തന്നെ ഈ രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. അവയെ നിലനിറുത്താവുന്നതാണ്.

2. ഈ യൂണിറ്റിലെ കുടുംബങ്ങൾ മാസത്തിലൊരിക്കൽ ഒരു ഭവനത്തിൽ ഒന്നിച്ച് ചേരണം. സ്ഥലവും തീയതിയും മുൻകൂട്ടി നിശ്ചയിക്കണം. കുടുംബക്കൂട്ടായ്മകൾ എല്ലാ ഇടവകകളിലും വൈകിട്ട് 6 മണിക്ക് തുടങ്ങണം. വീടുകളിലെ മുഴുവൻ അംഗങ്ങളും പങ്കുചേരണം.

3. നിലവിലുള്ള പ്രാർത്ഥനായോഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ കൂട്ടായ്മകൾക്ക് മൂന്നുഭാഗങ്ങളുണ്ട്.

a) അരമണിക്കൂറിൽ കുറയാത്ത സമയം എല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാപുസ്തകം കുടുംബകൂട്ടായ്മ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിത്തരുന്നതാണ്. വികാരിയച്ചനോ, സിസ്റ്ററോ, വാർഡ് ലീഡറോ വചനംവായിച്ച് ചെറിയ വ്യാഖ്യാനം നൽകുകയും എല്ലാവരും പങ്കുവച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

b) പിന്നീട് അരമണിക്കൂർ വാർഡ് ലീഡറുടെ അധ്യക്ഷതയിൽ യോഗം ചേരുന്നു. കഴിഞ്ഞയോഗത്തിന്റെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുന്നു. ചർച്ചചെയ്യേണ്ട വിഷയങ്ങൾ ലീഡർ അവതരിപ്പിക്കുന്നു. പാരീഷ്കൗൺസിൽ അംഗം ഇടവക വാർത്തകൾ അറിയിക്കുന്നു. യൂണിറ്റിലെ അംഗങ്ങളുടെ ജന്മദിനം, വിവാഹവാർഷികം, ജൂബിലി, തിരുനാൾ എന്നിവ ആഘോഷിച്ച് ആശംസ നേരുന്നു. കലാപരിപാടികളും അവതരിപ്പിക്കാം.

c) അതിനുശേഷം എല്ലാവരും ഒന്നിച്ച് ഭക്ഷണം കഴിക്കുന്നു. കഞ്ഞി, തോരൻ, അച്ചാർ എന്നീ നിലയിൽ ലളിതമായ ഭക്ഷണം ഒരുക്കണം. ആഡംബരം പാടില്ല. ചിലവ് പങ്കുവച്ച് എടുക്കുക. വീടുകളിൽ

തിരിച്ച്ചെന്ന് അത്താഴം ഇല്ലാത്തതിനാൽ വീട്ടുകാർ മുഴുവൻപേർക്കും ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ സാധിക്കും.

4. ഓരോ കുടുംബക്കൂട്ടായ്മയ്ക്കും അഞ്ച് ഭാരവാഹികളും എട്ട് പ്രതിനിധികളും അടങ്ങുന്ന ഒരു സമിതിയായിരിക്കും നേതൃത്വം കൊടുക്കുന്നത്. 1. പ്രസിഡന്റ്: പൊതുസമ്മതനും ഉന്നതനിലാവരം പുലർത്തുന്നവനുമായ വ്യക്തിയായിരിക്കണം ഈ കൂട്ടായ്മയുടെ ലീഡറായ പ്രസിഡന്റ്. 2. വൈസ് പ്രസിഡന്റ്: നേതൃത്വഗുണമുള്ള വനിതാ പ്രതിനിധി. 3. സെക്രട്ടറി: കുട്ടികളുടെയും യുവജനങ്ങളുടെയും വിദ്യാഭ്യാസത്തിലും വിശ്വാസപരിശീലനത്തിലും ശ്രദ്ധിക്കുവാൻ കഴിവുള്ള ആളും (അധ്യാപകരോ, മതാധ്യാപകരോ, ഇത്തരം യോഗ്യതയുള്ള ആരെങ്കിലുമോ ആവാം). റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുവാൻ കഴിവുള്ള ആളുമായിരിക്കണം. 4. ട്രഷർ : സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുകയും കണക്ക് എഴുതുകയും അവതരിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഇയാൾക്കാണ്. യുവജനപ്രതിനിധിയെ ഈ ചുമതല ഏൽപ്പിക്കുന്നതാണ് അഭികാമ്യം. 5. കൺവീനർ: യൂണിറ്റിലെ എല്ലാ ഭക്തസംഘടനകളെയും കോർത്തിണക്കി പ്രവർത്തിക്കുവാൻ കഴിയുന്ന സാമുദായിക പ്രതിനിധിയാണ് കൺവീനർ.

1) ഈ അഞ്ച് ഭാരവാഹികളിൽ രണ്ട് പേർ പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം. പുതിയ കൂട്ടായ്മകളിൽനിന്നും പാരീഷ് കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കാം.
2) രണ്ട് പേർ വനിതകളായിരിക്കണം.

5. ഓരോ കുടുംബക്കൂട്ടായ്മയിലും ഭക്ഷണം നല്കുന്നതിനാവശ്യമായ പാത്രങ്ങളും ഇരിക്കുവാനുള്ള കസേരകളും സംഘടിപ്പിക്കേണ്ടതാണ്. ഇതിനുവേണ്ടിയുള്ള പണം കണ്ടെത്തുന്നതിനായി ചെറിയ സ്തോത്രക്കാഴ്ചയോ രഹസ്യപിരിവോ നടത്താവുന്നതാണ്. ചില ഭവനങ്ങളിൽ ഭക്ഷണം ക്രമീകരിക്കുന്നതിന് സഹായിക്കേണ്ടി വന്നേക്കാം. അതുപോലെ ചെറിയ ആഘോഷങ്ങൾക്കും പൊതുഫണ്ട് വേണ്ടിവരും അതിനുള്ള ക്രമീകരണങ്ങൾ വാർഡുകൂട്ടായ്മയിൽ ആലോചിച്ച് നടപ്പാക്കണം.

6. ഓരോ യൂണിറ്റിനും ഒരു സിസ്റ്റർ ആനിമേറ്ററെ നിയോഗിക്കണം.

7. ഈ കൂട്ടായ്മ എല്ലാമാസവും മുടങ്ങാതെ മുഴുവൻ അംഗങ്ങളും ചേർന്ന് നടത്തണം. അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ഹാജർ എടുക്കുകയും മുടങ്ങാതെ വരുന്ന കുടുംബത്തിനും വ്യക്തിക്കും വർഷാവസാനം സമ്മാനം നല്കുകയും വേണം. മാസത്തിലൊരിക്കൽ ഒന്നി

ച്ചുചേരുമ്പോൾ ഉണ്ടാകുന്ന ചിലവുകൾക്കായി (ഭക്ഷണം, അലങ്കാരം, സമ്മാനം) സ്തോത്രക്കാഴ്ച നടത്താം. സാമ്പത്തികപരാധീനതയുടെ പേരിൽ ആരും മാറിനിൽക്കാൻ ഇടയാകരുത്. പരസ്പരം സഹായിക്കുവാൻ മനസ്സുള്ള കൂട്ടായ്മയായി യൂണിറ്റുകൾ മാറണം. ഇടവകയിലെ യൂണിറ്റുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനുള്ള ഉത്തരവാദിത്വം ഇടവകാ കോ-ഓർഡിനേറ്റർക്കാണ്. യൂണിറ്റ് ഭാരവാഹികളെ മൂന്നുമാസത്തിലൊരിക്കൽ വികാരിയച്ചൻ ഇടവകയിൽ വിളിച്ചുചേർക്കണം. അനുദിനകാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് മാസത്തിലൊരിക്കൽ ചേരുന്ന പാരീഷ് കൗൺസിൽ യോഗമാണ്. ഫൊറോന കൗൺസിൽ കൂട്ടായ്മയുടെ ഫൊറോന സംവിധാനവും പാസ്റ്ററൽ കൗൺസിൽ അതിരൂപതാ സംവിധാനവും ആയിരിക്കും. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായിരിക്കും കുടുംബകൂട്ടായ്മയുടെ അതിരൂപതാ കോ-ഓർഡിനേറ്റർ.

കുടുംബകൂട്ടായ്മകൾ പരസ്പര സഹകരണത്തിന്റെയും പങ്കുവയ്ക്കലിന്റെയും വേദിയാകണമെന്നാണ് നാം വിഭാവനം ചെയ്യുന്നത്. അതിലൂടെ ധാരാളം പുതിയ അല്മായ നേതാക്കന്മാർക്ക് വളർന്നുവരാനുള്ള അവസരമുണ്ടാകും. കുടുംബകൂട്ടായ്മകളുടെ നേതാക്കന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധ പരിശീലന പരിപാടികൾ ഫൊറോനാതലത്തിൽ നടത്തുന്നതാണ്. ഒന്നിച്ചുള്ള പ്രാർത്ഥനയും വിശ്വാസസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും ചെറിയ ആഘോഷങ്ങളും ആശംസകളും ഒന്നിച്ചുള്ള ഭക്ഷണവും പരസ്പരമുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുകമാത്രമല്ല സഭയെ ശക്തിപ്പെടുത്തുകയും ചെയ്യും. കുടുംബകൂട്ടായ്മകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന സംഘടനാപ്രതിനിധികൾ ഇടവകതല സംഘടനാപ്രവർത്തനങ്ങൾക്ക് ശക്തിപകരും.

അടുത്ത മൂന്നുമാസത്തിനുള്ളിൽ എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ യൂണിറ്റുകൾ രൂപീകരിച്ച് ഭാരവാഹികളുടെ ലിസ്റ്റ് ഒക്ടോബർ 30നു മുമ്പ് ഓഫീസിൽ എത്തിക്കണം. നവംബർ മാസത്തിൽ ഭാരവാഹികൾക്കുള്ള പരിശീലനപരിപാടി ഫൊറോനാതലത്തിൽ ക്രമീകരിക്കുന്നതാണ്. ഡിസംബറിൽ പുതിയ കുടുംബക്കൂട്ടായ്മകളുടെ അതിരൂപതാതല ഉദ്ഘാടനം നടത്താമെന്നും വിചാരിക്കുന്നു. അതിന് ബഹു. വൈദികരുടെയും ഇടവക കോ-ഓർഡിനേറ്റർമാരുടെയും പാരീഷ് കൗൺസിലിന്റെയും സഹകരണം അഭ്യർത്ഥിക്കുന്നു. കുടുംബകൂട്ടായ്മകളുടെ നിയമാവലി, മാർഗ്ഗരേഖ, പ്രാർത്ഥനാസഹായി,

റിപ്പോർട്ട് ബുക്ക്, ഹാജർ ബുക്ക് തുടങ്ങിയവ ഫാമിലി യൂണിറ്റ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി ഇടവകകളിൽ എത്തിച്ചുതരുന്നതാണ്.

സീറോമലബാർ സഭയിലെ ഒട്ടുമിക്കരൂപതകളിലും കഴിഞ്ഞ കുറച്ചുവർഷങ്ങളായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന ഈ സംവിധാനം അൽപ്പം വൈകിയാണെങ്കിലും നമ്മുടെ അതിരൂപതയിൽ ആരംഭിക്കുമ്പോൾ എല്ലാവരുടെയും സഹകരണം ഉണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കൂട്ടായ പരിശ്രമത്തിലൂടെ പ്രാരംഭത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെ അതിജീവിക്കുവാൻ സാധിക്കും എന്ന് എനിക്ക് പ്രതീക്ഷയുണ്ട്. സഭാജീവിതത്തിൽ ഉണർവ്വും നവോത്ഥാനവും നല്കാൻ നാം ആരംഭിക്കുന്ന ഈ പുതിയ പ്രസ്ഥാനത്തെ ആദിമസഭയെ നയിച്ച പരിശുദ്ധാത്മാവ് നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും സംരക്ഷണം ഈ കൂട്ടായ്മകളെ നയിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23.07.2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഓഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 3113/K-5/KCBC/OL/DS 13.7.2018

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## ആഗസ്റ്റ് 19, ഞായർ

കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദലിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരതകത്തോലിക്കാമെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യ ദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതിഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദലിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്തപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻസമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദലിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദലിത് ശക്തീകരണനയം ഭാരതത്തിലെ ദലിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദലിത് ശക്തീകരണനയപരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദലിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും

അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ സന്യാസസമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദലിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദലിത് ശക്തീകരണ ക്ഷേമ പദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദലിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ
**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ
**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

**N.B:** 2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജന ങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ വാർഷികധ്യാനം

ബഹു. വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ മാസം 9 മുതൽ 14 വരെയും 16 മുതൽ 21 വരെയും പരിയാരം മദർഹോമിൽ വച്ച് നടത്തപ്പെടുന്നതാണ്. ഓരോ ബാച്ചിലും സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് ഈ ലക്കം ഗിരിദീപത്തിൽ കൊടുത്തിട്ടുണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ആഴ്ചകളിൽത്തന്നെ എല്ലാ ബഹു. വൈദികരും ധ്യാനത്തിൽ സംബന്ധിക്കാൻ ശ്രദ്ധിക്കുമല്ലോ.

## 2. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2018 ഓഗസ്റ്റ് 18-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ അംഗങ്ങളും ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ഓഗസ്റ്റ് 4 - വിയാനി ദിനം

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണ് ഓഗസ്റ്റ് 4. എല്ലാ ഇടവകവൈദികരെയും അനുസ്മരിച്ച് പ്രാർത്ഥിയ്ക്കാം. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 108-ാം ജന്മദിനവുമാണ് അന്ന്. അഭിവന്ദ്യപിതാവിനെയും നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം.

## 4. തടവറ പ്രേഷിതഞായർ - ഓഗസ്റ്റ് 12ന്

ഈ വർഷം ഓഗസ്റ്റ് 12ന് ഞായറാഴ്ചയാണ് തടവറ പ്രേഷിത ഞായറായി സഭ ആചരിക്കുന്നത്. അന്ന് സർക്കുലർ വായിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സമാഹരിക്കുകയും ചെയ്യുമല്ലോ. ലഭിക്കുന്ന തുക ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

## 5. നീതി ഞായർ-ഓഗസ്റ്റ് 19-ന്

ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്ക് പിന്തുണ നല്കുന്നതിനുമാണ് നീതി ഞായർ ആചരിക്കുന്നത്. ഇക്കൊല്ലം ഓഗസ്റ്റ് 19-ന് നീതി ഞായറായി ആചരിക്കുകയും ദളിത് സഹോദരങ്ങൾക്ക് നീതി ലഭിക്കുവാനുള്ള പരിശ്രമങ്ങളെ സഹായിക്കാനായി അന്നത്തെ സ്തോത്രക്കാഴ്ച സമാഹരിച്ച് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

## 6. Suspension

Rev. Fr. George (Biju) Karingalikkattil, a presbyter of the Archeparchy of Tellicherry is suspended from all priestly ministries including celebration of Holy Qurbana, administration of sacraments and sacramentals.

## 7. 2018 –2021 വർഷത്തേയ്ക്കുള്ള വൈദികസമിതി

2018–2021 വർഷത്തേയ്ക്കുള്ള വൈദികസമിതി നിലവിൽ വന്നു. അംഗങ്ങളുടെ പേരുവിവരം ഈ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രഥമസമ്മേളനം 2018 ജൂലൈ 24–ന് നടന്നു.

## 8. ആദരാഞ്ജലികൾ

**1. ശ്രീമതി മറിയക്കുട്ടി കാവനാടി (83) :** ബഹു. ജോസഫ് കാവനാടിയച്ചന്റെ വത്സലമാതാവ് മറിയക്കുട്ടി കാവനാടിയിൽ 2018 ജൂൺ 29–ന് നിര്യാതയായി. മൃതസംസ്ക്കാര കർമ്മങ്ങൾ 2018 ജൂൺ 30ന് രത്നഗിരി പള്ളിയിൽ നടന്നു. ഭവനത്തിലും ദൈവാലയത്തിലും നടന്ന കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റംപിതാവും മാർ ജോർജ് ഞറളക്കാട്ട് പിതാവും നേതൃത്വം നല്കി. പരേതയ്ക്ക് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**2. ശ്രീ. ജോസഫ് ആനക്കല്ലിൽ (78) :** ബഹു. ജെയിംസ് ആനക്കല്ലിൽ അച്ചന്റെ ജ്യേഷ്ഠസഹോദരൻ ശ്രീ ജോസഫ് ആനക്കല്ലിൽ 2018 ജൂലൈ 14–ാം തീയതി ശനിയാഴ്ച നിര്യാതനായി. 2018 ജൂലൈ 15–ന് തേർമല സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാര കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**3. ശ്രീ. കെ.എസ്. വർക്കി കുഴിപ്പള്ളിൽ (83) :** ബഹു. മാത്യു കുഴിപ്പള്ളിൽ അച്ചന്റെ സഹോദരൻ ശ്രീ കെ.എസ്. വർക്കി 2018 ജൂലൈ 21–ന് നിര്യാതനായി. മൃതസംസ്ക്കാരം 2018 ജൂലൈ 27–ന് പാലാ നമ്പ്യാകുളം ഇടവക ദൈവാലയത്തിൽ നടന്നു. പരേതന് നിത്യശാന്തി നേരുകയും സന്തപ്തകുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**4. സി. ലിസ്യൂ എഫ്.സി.സി (86) :** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ



സി. ലിസ്യു എഫ്സിസി 2018 ജൂലൈ 2ന് നിര്യാതയായി. പരേത ചങ്ങനാശ്ശേരി അതിരൂപതയിലെ ചെങ്ങളം ഇടവകയിൽ നിരപ്പേൽ ജോസഫ്–റോസ ദമ്പതികളുടെ 2 പെൺമക്കളിൽ ഇളയമകളാണ്. വേനപ്പാറ, കോടഞ്ചേരി, കക്കിഞ്ച, കുന്നോത്ത്, ചെമ്പേരി, ജഡ്ക്കൽ, തോട്ടത്താടി എന്നീ സ്ഥലങ്ങളിൽ നിസ്തുലമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിഷചികിത്സയ്ക്ക് യാതൊരുവിധ സാഹചര്യങ്ങളും ലഭ്യമല്ലാതിരുന്ന കർണ്ണാടകയിലെ ജഡ്ക്കൽ പ്രദേശത്ത് സിസ്റ്ററിന്റെ സേവനം ഏറെ അനുഗ്രഹദായകമായിരുന്നു. 21 വർഷക്കാലം ജഡ്ക്കൽ മഠത്തോടനുബന്ധിച്ചുള്ള ഡിസ്പെൻസറിയിൽ, വിഷ ചികിത്സാരംഗത്ത് സേവനം ചെയ്തു. നീണ്ട വർഷത്തെ പ്രമേഹരോഗം മൂലം കിഡ്നി തകരാറിലായതിനാൽ 2015 മുതൽ കണ്ണൂർ ജ്യോതിഭവനിൽ ചികിത്സയിലും വിശ്രമത്തിലുമായിരുന്നു. 3-ാംതീയതി കുന്നോത്ത് നൊവിഷ്യേറ്റുഭവനത്തിൽ നടത്തിയ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് കാർമ്മികത്വം വഹിച്ചു. സിസ്റ്ററിന്റെ ത്യാഗപൂർണ്ണമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 9. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
6. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
7. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
8. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
9. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
10. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
11. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
12. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
13. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
14. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
15. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
16. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## Priest Home Construction

Infant Jesus Church Ulickal - 25000

S.D. Provincial House Kothamangalam - 50000

Prot. No. 482/18

# DECREE

I, Mar George Njaralakatt, Archbishop of Tellicherry, hereby constitute the Presbyteral Council of the Archeparchy of Tellicherry for the year 2018-2021 consisting of the following ex-officio, elected and nominated members with immediate effect.

Given from the Archeparchial curia on 12-07-2018.

**Mar George Njaralakatt**
Archbishop of Tellicherry

**I. Ex- Officio Members**

| | | |
|---|---|---|
| 1. | Archbishop Mar George Njaralakatt | - President |
| 2. | Bishop Joseph Pamplany | - Vice President |
| 3. | Msgr. Alex Tharamangalam | - Syncellus |
| 4. | Msgr. George Elukkunnel | - Syncellus |
| 5. | Fr. Thomas Thengumpallil | - Chancellor |
| 6. | Fr. John Kovoorputhenpurayil | - Judicial Vicar |
| 7. | Fr. Antony Parathepathickal | - Procurator |
| 8. | Fr. George Karot | - Rector, St. Joseph's Minor Seminary |
| 9. | Fr. Thomas Thayyil | - Director, Sandesa Bhavan &TSSS |
| 10. | Fr. Jacob Vennayappilly | - Catechism Director |
| 11. | Fr. James Chellamkott | - Corporate Manager |

**II. Elected Members – Age group**

i. Fr. Padinjereanisseril George
Fr. Vettiyanickal Antony
Fr. Vemmenikkattayil Sebastian

ii. Fr. Ezhuparayil Sebastian
Fr. Vadassery Scaria
Fr. Noorammackal John

iii. Fr. Kolakkunnel Kuriakose
Fr. Karakkattu Philip
Fr. Kalarimuriyil George

iv. Fr. Cheripurath Sebastian
Fr. Sasthampadavil Mathew
Fr. Thekkemuriyil Mathew

v. Fr. Kakkaramattathil Joseph
Fr. Vanderkunnel George
Fr. Vengakunnel Mathew

vi. Fr. Muthukunnel Antony
Fr. Varanath Joseph
Fr. Manchappally Jose

vii. Fr. Thonippara Abraham
Fr. Mullakkara John
Fr. Manimalatharappil Mathew

**III. Elected from Foranes**

| | | |
|---|---|---|
| Alakkode | : | Fr. Kuriakose Mundaplackal |
| Chempanthotty | : | Fr. Jose Poovannikkunnel |
| Chemperi | : | Fr. Lazar Varambakath |
| Cherupuzha | : | Fr. Mathew Anakuthiyil |
| Edoor | : | Fr. Thomas Neendoor |
| Kanjangad | : | Fr. Joseph Enacheril |
| Kunnoth | : | Fr. Thomas Kidarathil |
| Marigiri | : | Fr. Philip Erupakkattu |
| Nellickampoil | : | Fr. Mathew Kayammackal |
| Paisakary | : | Fr. Joseph Noorammackal |
| Panathady | : | Fr. Joseph Pandaraparambil |
| Peravoor | : | Fr. Joseph Poovatholil |
| Thaliparamba | : | Fr. Joseph Ottaplackal |

| | | |
|---|---|---|
| Thomapuram | : | Fr. Thomas Chittilappally |
| Vayattuparamba | : | Fr. John Vazhakattu |
| Vellarikkundu | : | Fr. Mathew Valiaparambil |

**IV. Nominated Members**

1. Fr. Thomas Kochukarott
2. Fr. Sebastian Palakuzhy
3. Fr. Thomas Pattamkulam
4. Fr. Mani Attel
5. Fr. Abraham Njamatholil
6. Fr. Joseph Karimpoozhickal
7. Fr. Abraham Ottaplackal
8. Fr. Antony Manjalamkunnel
9. Fr. Sebastian Edayady
10. Fr. Martin Kizhakkethalakkal
11. Fr. Johnson Anthyamkulam
12. Fr. Mathew Asariparambil
13. Fr. Abraham Ponat


പുതിയ പുസ്തകം

**കഥകളും കാര്യങ്ങളും**

ഫാ. ജോസഫ് നെച്ചിക്കാട്ട്

നെച്ചിക്കാട്ടച്ചന്റെ തൂലികയിൽ പിറവിയെടുത്ത പുതിയ പുസ്തകമാണ് കഥകളും കാര്യങ്ങളും. വൈദികർക്കും അധ്യാപകർക്കും പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കുന്നവർക്കും ഉപകാരപ്രദമാണ് ഈ ഗ്രന്ഥം.

അവതാരിക : മാർ ജോസഫ് പാംപ്ലാനി
പ്രസിദ്ധീകരിക്കുന്നത് : സോഫിയ ബുക്സ്
വില : 120 രൂപ

സന്ദേശഭവൻ ബുക്സ്റ്റാളിൽ മിതമായനിരക്കിൽ പുസ്തകം ലഭ്യമാണ്.

Prot. No. 436/2018

# ദൈവമാതാ സെന്റർ–ബളാൽ

ബളാൽ ഇടവകയിലെ ദൈവമാതാ സെന്ററുമായി ബന്ധപ്പെട്ട് 2016 ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച സർക്കുലറിന്റെ (Prot. No. 49/2016) തുടർച്ചയായിട്ടാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്.

ഈശോയിൽ പ്രിയമുള്ളവരേ,

1. പാറയിൽ അൽഫോൻസ എന്ന സ്ത്രീക്ക് ലഭിച്ചതായി കരുതപ്പെടുന്ന ദൈവമാതൃദർശനത്തെയും അതോടനുബന്ധിച്ച് പ്രസ്തുത ഭവനത്തിൽ അസാധാരണമായ രീതിയിൽ എണ്ണ, നെയ്യ്, തേൻ, പാൽ തുടങ്ങിയവ ദൃശ്യമായതിനെയും കുറിച്ച് സഭ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ്. അന്തിമമായ തീരുമാനം പ്രഖ്യാപിക്കാൻ ഇനിയും കൂടുതൽ പഠനങ്ങളും തെളിവുകളും ആവശ്യമാണെന്നാണ് ഇതെക്കുറിച്ചു പഠിക്കാൻ നിയോഗിച്ച വിദഗ്ദ സമിതിയുടെ അഭിപ്രായം. അതിനാൽ ഈ സംഭവത്തെക്കുറിച്ച് തികച്ചും പക്വമായി പ്രതികരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. നടക്കുന്നതെല്ലാം ദൈവീകമായ അത്ഭുതങ്ങളാണ് എന്ന് സ്ഥാപിക്കാനുള്ള അമിതാവേശമോ ഇവിടെ സംഭവിക്കുന്നതെല്ലാം വ്യാജമാണെന്ന വിധി തീർപ്പോ നടത്തുന്നത് അനുചിതവും അപക്വവുമായിരിക്കും. കുറ്റമറ്റ നിഗമനങ്ങളിലെത്താൻ ഇത്തരം സംഭവങ്ങളെ സംവത്സരങ്ങളോളം നിരീക്ഷണ വിധേയമാക്കുന്ന ശൈലിയാണ് സഭയ്ക്കുള്ളത്. ലൂർദ്ദിലും ഫാത്തിമായിലും നടന്ന പ്രത്യക്ഷീകരണങ്ങളെക്കുറിച്ച് പതിറ്റാണ്ടുകൾക്കു ശേഷമാണ് സഭ സുചിന്തിതമായ നിലപാട് എടുത്തത്.

2. ഈ നിരീക്ഷണ കാലയളവിൽ ദൈവമാതാ സെന്ററിലേയ്ക്കുള്ള ഔദ്യോഗിക തീർത്ഥാടനങ്ങളും സെന്ററിനെക്കുറിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണങ്ങളും ആശാസ്യമല്ല. വൈദികരുടെയും ഇടവകകളുടെയും മേൽനോട്ടത്തിൽ ബളാലിലേക്കു തീർത്ഥാടന യാത്രകൾ സംഘടിപ്പിക്കേണ്ടതില്ല. ബളാൽ ദൈവമാതാ സെന്ററിനെതിരായോ അനുകൂലമായോ സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചാരണങ്ങളിൽ നിന്നും സത്യവിശ്വാസം സംരക്ഷിക്കാൻ ആഗ്രഹിക്കുന്നവർ വിട്ടു നിൽക്കണം.

3. ദൈവമാതാസെന്ററായി വിളിക്കപ്പെടുന്നത് പാറയിൽ അൽഫോൻസാ തന്റെ മക്കളോടൊത്തു വസിക്കുന്ന ഭവനമാകയാൽ പ്രസ്തുത കുടുംബത്തിന്റെ സ്വകാര്യത മാനിക്കാൻ സന്ദർശകർ ബാധ്യസ്ഥരാണ്. അതിനാൽ രാവിലെ എട്ടുമണി മുതൽ വൈകിട്ട് അഞ്ചുമണി വരെയുള്ള സമയത്തു മാത്രമേ ദൈവമാതാസെന്ററിൽ സന്ദർശകർക്ക് പ്രവേശനം ഉണ്ടാവുകയു

ള്ളു. സെന്ററിലെ വോളന്റിയേഴ്സ് ഉൾപ്പടെ ഈ നിർദ്ദേശം പാലിക്കേണ്ട താണ്. സന്ദർശകർ അധികമില്ലാത്ത സന്ദർഭങ്ങളിൽ വോളന്റിയേഴ്സിന്റെ സാന്നിധ്യം ഒഴിവാക്കാവുന്നതാണ്. പ്രസ്തുത ഭവനത്തിന്റെ താക്കോലു കളുടെയും നടത്തിപ്പിന്റെയും പൂർണ്ണ അവകാശം പാറയിൽ അൽഫോൻസാ യ്ക്കായിരിക്കും.

4. കത്തോലിക്കാവിശ്വാസം ഇടവകപ്പള്ളിയുടെ അൾത്താര കേന്ദ്രീ കരിച്ചാണ് വളരേണ്ടത്. ഇടവകയിലെ കൗദാശിക ശുശ്രൂഷകളുടെ സമ യത്ത് ദൈവമാതാസെന്ററിൽ സമാന്തര ശുശ്രൂഷകൾ ഒഴിവാക്കുന്നതാണ് നല്ലത്. ഞായറാഴ്ച ആചരണം സഭാവിശ്വാസത്തിന് അത്യന്താപേക്ഷിത മാകയാൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദൈവമാതാസെന്റർ സന്ദർശകർക്കായി തുറന്നു പ്രവർത്തിക്കേണ്ടതില്ല. സ്വകാര്യ വെളിപാടുക ളെക്കാൾ പൊതു വെളിപാടിന്റെ ഭാഗമായ കൂദാശകൾക്കാണ് സത്യവിശ്വാ സികൾ കൂടുതൽ പ്രാധാന്യം നൽകേണ്ടത്.

5. ഇടവകപ്പള്ളിയും ദൈവമാതാസെന്ററും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടതാണ്. ഇടവകപ്പള്ളിയുടെ ഭരണസമിതി (Parish Council) ഇതിന് ആവശ്യമായ നടപടികൾ ചർച്ച ചെയ്തു തീരുമാനിക്ക ണം. പാറയിൽ അൽഫോൻസായുടെ വനത്തിന് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം തുടന്നും നൽകണം. ഇതിനായി നിലവിലുള്ള കമ്മിറ്റിയെ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്താൻ ബഹു. വികാരിയച്ചൻ ശ്രദ്ധിക്കണം. സെന്ററിന്റെ പ്രവർത്തനങ്ങളെ സ്നേഹബുദ്ധ്യാ വിലയിരുത്തി ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത് ബഹു. വികാരിയച്ചനാണ്. ബഹു. വികാ രിയച്ചൻ രൂപതാകേന്ദ്രത്തിന്റെ അംഗീകാരത്തോടെ നൽകുന്ന നിർദ്ദേശങ്ങൾ മാതാസെന്ററുമായി ബന്ധപ്പെട്ട എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

6. പാറയിൽ അൽഫോൻസായ്ക്കു ലഭിച്ച മരിയൻ ദർശനത്തിലെ മാതാവിന്റെ രൂപം കലാകാരന്മാർ ചിത്രീകരിച്ചിട്ടുള്ളതായി മനസ്സിലാക്കു ന്നു. ഇപ്രകാരം ചിത്രങ്ങൾ വരയ്ക്കുന്നതിൽ തെറ്റില്ല. എന്നാൽ പ്രസ്തുത മരിയൻ ദർശനത്തിന് തിരുസ്സഭ അന്തിമ അംഗീകാരം നൽകുന്നതുവരെ ദർശനത്തിൽ ലഭിച്ച മാതാവിന്റെ യാതൊരുവിധ രൂപങ്ങളോ പടങ്ങളോ പര സ്യവണക്കത്തിനായി ഉപയോഗിക്കരുത്. അതിനാൽ ഇത്തരം ചിത്രങ്ങൾ മരിയൻ സെന്ററിൽ പ്രാർത്ഥനയ്ക്കായി വിശ്വാസികൾ ഒരുമിച്ചു കൂടുന്ന സ്ഥലത്തോ പ്രസ്തുത സ്ഥലത്തുനിന്ന് പ്രകടമായി ദൃശ്യമാകുന്ന സ്ഥലത്തോ പ്രദർശിപ്പിക്കരുത്.

7. മാതാസെന്ററിൽ പ്രാർത്ഥനയ്ക്കായി വരുന്നവരുടെ ആവശ്യപ്ര കാരം അവർക്കായി പ്രാർത്ഥിക്കുന്നതിന് അൽഫോൻസായ്ക്ക് അനുവാദ

മുണ്ടായിരിക്കും. മാതാവിന്റെ രൂപത്തിൽനിന്നും ലഭിക്കുന്ന എണ്ണയോ, നെയ്യോ, തേനോ പുരട്ടി പ്രാർത്ഥിക്കുന്നതിനും തടസ്സമില്ല. മാമ്മോദീസാ സ്വീകരിച്ച ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ പൊതു പൗരോഹിത്യത്തിൽ പങ്കുചേരുന്നതിനാൽ മധ്യസ്ഥ പ്രാർത്ഥന നടത്താൻ അവകാശവും കടമയുമുണ്ട്.

8. മാതാവിൽനിന്നു ലഭിക്കുന്നതായി കരുതപ്പെടുന്ന ദർശനങ്ങളിലെ വെളിപ്പെടുത്തലുകൾ അൽഫോൻസാ എഴുതി സൂക്ഷിക്കുകയും ബഹു. വികാരിയച്ചനെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്. മരിയൻ ദർശനങ്ങളുടെ ആധികാരികത സഭ  അംഗീകരിക്കുന്നതുവരെ ഇത്തരം സന്ദേശങ്ങൾ പരസ്യപ്പെടുത്താതിരിക്കുന്നതാണ് സഭയുടെ പാരമ്പര്യം. കൂടാതെ ഇത്തരം സന്ദേശങ്ങളെയും വെളിപാടുകളെയും സൂക്ഷ്മമായി വിലയിരുത്തുന്നത് ദർശനങ്ങളുടെ ആധികാരികത നിർണ്ണയിക്കാൻ ആവശ്യമാണ്. പരി. അമ്മയോടുള്ള ഭക്തിയിലും തിരുസ്സഭയുടെ സത്യവിശ്വാസത്തിലും ആഴപ്പെടുവാൻ നല്ലവനായ ദൈവം നമ്മെ എല്ലാവരെയും ആശീർവ്വദിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
02.07.2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

# Annual Retreat Batch I
# Mother Home Pariyaram 2018 Sept. 9-14

**Rev. Fathers**

1 Alamkottu Mathew
2 Alappattu George
3 Amakkattu Thomas
4 Ambattu Sebastian
5 Anacharil Joseph
6 Anakkallil Antony
7 Anakuthiyil Mathew
8 Ananickal Jose
9 Anickathottathil Jacob
10 Anithanam Joseph
11 Anthyamkulam Johnson
12 Arackal Kuriakose
13 Areekunnel George
14 Asariparambil Mathew
15 Attel Emmanuel
16 Chakeyarath Mathew
17 Chakkanikunnel Thomas
18 Chakkittamuriyil Thomas
19 Chanakkattil Antony
20 Chathanattu Joseph
21 Chelamaram George
22 Chellamkottu James
23 Chempananickal John
24 Chennappally George
25 Chennoth Sebastian
26 Cheriampurath Varghese
27 Chirayil George
28 Chittett Antony
29 Chittilapally Thomas
30 Elavumkunnel George (Jr)
31 Elavumkunnel George (Sr)
32 Elukunnel George Msgr
33 Kadaliyil Joseph
34 Kakkaramattam Joseph
35 Kalappura George
36 Kalarickal Joseph
37 Kalarickal Kuriakose
38 Kanakkattu Joseph
39 Kandathil Paul
40 Kanjirathinkal Joseph
41 Kannamkulathel Joseph
42 Karakkattu Philip
43 Karimpoozhickal Joseph
44 Karottu George
45 Kavanady Joseph
46 Kaviyil Philip
47 Keechankeriyil Joseph
48 Keezharathil Thomas
49 Kidarathil Thomas
50 Kizhakethalackal Martin
51 Kizhuthara George
52 Kochukarottu Thomas
53 Kodakanady George
54 Kodimattathil George
55 Konickal Mathew
56 Koonanickal Thomas
57 Koovapparayil John
58 Korattiparambil Joseph
59 Kottarathil Joseph
60 Kottukapally Thomas
61 Kovoorputhenpurayil John
62 Koyipuram Joseph

63 Kudiparambil Chacko
64 Kurissummootil Joseph
65 Kuzhiyanimattathil Joseph
66 Mampallikunnel Joseph
67 Manavath Thomas
68 Manchapillil Joseph
69 Manickathazhe Jose (J)
70 Manimalatharappil Mathew
71 Manjalamkunnel Antony
72 Mannooramparambil Thomas
73 Mappilaparambil Thomas (Jr)
74 Mattappallil Lukose
75 Mattathil Isaac
76 Melvettom Thomas
77 Menachery Louis
78 Mookkilikkattu Sebastian
79 Moonjelil Paul
80 Moonnanapally James
81 Mundaplackal Kuriakose
82 Muthukunnel Antony
83 Narikuzhy Mathew
84 Nedungattu Jacob
85 Neendoor Thomas
86 Nellithanathil Dennis
87 Nelluvelil George
88 Nirappel Scaria
89 Njamatholil Abraham
90 Noorammackal Joseph
91 Ottaplackal Abraham
92 Ottaplackal Joseph
93 Padinjaremuriyil Pious
94 Paimpillil Thomas
95 Palakuzhy Sebastian
96 Palamattam Mathew
97 Pallineerackal Jacob
98 Pampackal Thomas
99 Pandaraparambil Joseph
100 Pandiammackal Augustine
101 Paravarakath Mathew
102 Pathickal Thomas
103 Pathiyottil Joseph
104 Pattamana Mathew
105 Pattamkulam Thomas
106 Pazheparambil George
107 Perumpallil Mathew
108 Plavunilkumparambil Kuriakose
109 Podimattam Sebastian
110 Poovathanikunnel Scaria
111 Poovathinkal Emmanuel
112 Pothanamala Mathew
113 Poweth Joseph
114 Pravarthummalayil Mathew
115 Pulickal George
116 Pulickal Sebastian
117 Pulinthanam Sebastian
118 Puliyurumbil Johnson
119 Punchatharappel George
120 Purathemuthukattil DonBosco
121 Puthennadayil James
122 Puthiyakunnel Joseph
123 Puthumana George
124 Puthuppallil Sebastian
125 Tharamangalam Alex
126 Tharekadavil Antony
127 Thekkemury Mathew

128 Thekkumcheril George
129 Thelakkatt Xavier
130 Thenammackal Joseph
131 Theruvamkunnel Thomas
132 Thonippara Abraham
133 Thykunnumpuram George
134 Thykunnumpuram Joseph
135 Vadakemulanjanal Thomas
136 Valavanal Mathew
137 Vanderkunnel Joseph
138 Varambakath Lazar
139 Varickanickal Martin
140 Vayalumkal Joseph
141 Vazhakatt John
142 Vazhakatt Sebastian
143 Vellaringattu George
144 Vemmenikkattayil Sebastian
145 Vettuvayalil Mathew

## Annual Retreat Batch II
## Mother Home Pariyaram 2018 Sept. 16-21

### Rev. Fathers

1 Adattu Mathew HGN
2 Anakkallil James
3 Areeplackal Mathew
4 Asarikunnel George
5 Attangattil Thomas
6 Chakkananickal Scaria
7 Chalil George
8 Charamthotiyil Jacob CST
9 Chellamkottu Mathew
10 Chennattu Augustine
11 Chennattu Philip
12 Cheripuram Sebastian
13 Cheruvil Thomas
14 Chirayil Augustine MST
15 Edamulayil Mathew
16 Edathinakath Paul
17 Edayadiyil Sebastian
18 Elampurayidathil Joseph
19 Elamthuruthipadavil Mathew
20 Elayidathukunnel Johnson O.Carm
21 Enacheril Joseph
22 Eruppakkatt Philip
23 Ezhuparayil Sebastian
24 Ittiyappara Sebastian
25 Kainickal Paul OFM (Cap)
26 Kalappurackal Joseph
27 Kalappurackal Varghese
28 Kalarickal Mathew CMI
29 Kalarimuriyil George
30 Kallumkal Varghese OSST
31 Kanjirakkatt George
32 Karakkattu Kuriakose
33 Karickal Mathew
34 Karickathadathil George
35 Karinattu Joseph
36 Karingalikkattil Thomas
37 Karintholil Thomas
38 Karottu Jacob
39 Karukamalil Joseph
40 Karuvelil Jose MSFS

41 Kattakayathil Thomas
42 Kayammackal Mathew
43 Kizhakebhagam Joseph MCBS
44 Kochappilly Roy
45 Kochupurackal Abraham
46 Kochuveettil Peter
47 Kolakunnel Kuriakose
48 Koluthappallil Joseph
49 Koonankiyil Emmanuel
50 Kulathara Joseph
51 Kumbuckal Joseph
52 Kunnel Jose OSB
53 Kunnel Mathew
54 Kureekattil Joseph
55 Kuttikkattukunnel Jacob
56 Kuzhippallil Mathew
57 Madassery Lukose
58 Madathimyalil Abraham
59 Malakkaran Joseph
60 Manappathuparambil Sebastian
61 Manjalamkunnel Joseph
62 Mattathil Francis
63 Melvettom Mani
64 Menappattupadickal Thomas
65 Mulangattil Ignatius
66 Mullakkara John
67 Mullamangalam Sebastian
68 Mullappally Mathew
69 Mundamattam Thomas
70 Muthumarathil Varghese CMF
71 Muttathupara Sebastian
72 Nadamkuzhy Paul SJ
73 Naduvilekkutt Thomas
74 Nelluvelil John OPraem
75 Nirappel Alex
76 Nirappel Joseph
77 Noorammackal John
78 Olickal Mathew
79 Onamkulam John
80 Orathel Joseph
81 Orathel Kuriakose
82 Padinjareanisseril George
83 Palathanath Augustine CST
84 Pallikunnel Antony
85 Panthalanickal Thomas
86 Parappalliyath John Paul
87 Parappalliyath Martin
88 Parathepathickal Antony
89 Payyanatt Mathew
90 Perumpallikkunnel Joji CMI
91 Plathottathil Joseph CRM
92 Polackal Aloysius OFM (Conv)
93 Ponatt Abraham
94 Ponnambel John
95 Poothotal Joseph CSJBP
96 Poovannikunnel Jose
97 Poovathanickal John Paul
98 Poovatholil Joseph
99 Pottemplackal Mathew
100 Pulickakunnel Jacob
101 Pulimalayil Paul MST
102 Pullolickal Thomas
103 Punnure Antony
104 Puthenpurackal Xavier ( Jr)
105 Puthenpurackal Xavier (Sr)
106 Puthukulangara Kuriakose
107 Puthuppallimyalil Mathew MST
108 Puthussery Abraham
109 Puthussery Chacko Oprem
110 Puthussery Joseph
111 Puthussery Paul
112 Rathapally Francis
113 Rathappalli Joseph CMI
114 Rathappillil Joseph
115 Sasthampadavil Mathew

116 Thadathimackal Varkey
117 Thanippallil Sebastian VC
118 Thayyil Joseph
119 Thayyil Thomas
120 Thekkekulam Mathew
121 Thekkel Andrews
122 Thekkemuriyil Antony
123 Thengumpallil Thomas
124 Thottiyil Jomy Joseph PSDP
125 Thundathil Joseph
126 Thuruthippallil Joseph
127 Thythottam Thomas
128 Vadakemuriyil Thomas
129 Vadakkan Augustine
130 Vadakkeparambil Joseph
131 Vadasseril Scaria
132 Valiaparambil Mathew
133 Valiplackal Thomas
134 Vallimala George
135 Valloppilly Paul
136 Vanderkunnel George
137 Varambakath Scaria
138 Varanath Joseph
139 Vayalikkodath Roy
140 Veettiyankal Joseph
141 Vengakunnel Joseph
142 Vengakunnel Mathew
143 Vengaparambil Johnson
144 Vennayappallil Jacob
145 Vettiyanickal Antony
146 Vettiyanickal Varghese

## വൈദികക്ഷേമനിധി

ബഹു. വൈദികർ വാർഷിക ധ്യാനത്തിനു വരുമ്പോൾ പി.പി. എഫിലേക്കുള്ള വ്യക്തിവിഹിതവും ഇടവകാവിഹിതവും അടച്ച് സഹകരിക്കുമല്ലോ. വ്യക്തിവിഹിതം 5500 രൂപയും ഇടവകാ വിഹിതം എ ഗ്രേഡ് 33000; ബി ഗ്രേഡ്: 27500; സി ഗ്രേഡ് : 22000; ഡി ഗ്രേഡ് 11000 രൂപയും ആണ്.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തലശ്ശേരിയിലുള്ള 0078053000072392 എന്ന അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കാവുന്നതാണ്. ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ പി.പി.എഫ്. സെക്രട്ടറിയെയോ വിശ്വാസപരിശീലന ഓഫീസിലോ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് തപാലിൽ അയച്ചുതരുന്നതാണ്.

Account No : 0078053000072392
Name : PPF Association
IFSC : SIBL 0000078
Bank : South Indian Bank, Thalassery

സെക്രട്ടറി, പി.പി.എഫ്
Mobile : 9447952958
Office : 0490 2344430

# CATHEDRATICUM 10% (2017-18)

| No. | Parish | 10% | Balance |
|---|---|---|---|
| 1 | Adampara | | 16000 |
| 2 | Adottukaya | | 22000 |
| 3 | Alakode | | 175000 |
| 4 | Alphonsagiri | | |
| 5 | Ammamkulam | | 26281 |
| 6 | Anappanthy | | |
| 7 | Anara | | 14700 |
| 8 | Angadikkadavu | | 150700 |
| 9 | Arabi | | 37000 |
| 10 | Aravanchal | | 36200 |
| 11 | Areekamala | | 94600 |
| 12 | Arivilanjapoil | | 33000 |
| 13 | Aryaparamba | | 108000 |
| 14 | Athirumavu | | 8000 |
| 15 | Attakandam | | 32300 |
| 16 | Attenganam | | 18000 |
| 17 | Ayannoor | | 27487 |
| 18 | Badiyadukka | | |
| 19 | Balal | | 76000 |
| 20 | Balesugiri | | 19140 |
| 21 | Bedoor | | 6950 |
| 22 | Bheemanady | | 150653 |
| 23 | Birikulam | | 28400 |
| 24 | Chandanackampara | | 117800 |
| 25 | Charal | | 50000 |
| 26 | Chattamala | | 69106 |
| 27 | Chavaragiri | | 9000 |
| 28 | Chayyoth | | 35900 |
| 29 | Chedikkulam | | 50000 |
| 30 | Cheekkad | | 182500 |
| 31 | Cheemeni | | 25000 |
| 32 | Chempanthotty | | 260000 |
| 33 | Chemperi | | 538200 |
| 34 | Chengome | | 30000 |
| 35 | Chepparamba | | 28400 |
| 36 | Cherupara | | 27500 |
| 37 | Cherupuzha | | 223700 |
| 38 | Chettiyamparamba | | 31600 |
| 39 | Choorapadavu | | 43000 |
| 40 | Christnagar | | 16300 |
| 41 | Chully | | 48300 |
| 42 | Chundaparmba | | 89000 |
| 43 | Deepagiri | | 16883 |
| 44 | Edakkanam | | 8000 |
| 45 | Edappuzha | | 13000 |
| 46 | Edathotty | | 59750 |
| 47 | Edoor | | 297000 |
| 48 | Ennappara | | 48500 |
| 49 | Ettupara | | 45000 |
| 50 | Iritty | | 88500 |
| 51 | Jayagiri | | 20000 |
| 52 | Josegiri | | 23000 |
| 53 | Josemount | | 25000 |
| 54 | Kacherikkadavu | | 50300 |
| 55 | Kadumeni | | 128122 |
| 56 | Kalanki | | 20000 |
| 57 | Kalichamaram | | 8291 |
| 58 | Kalichanadukkom | | 43500 |
| 59 | Kallar - Santhigiri | | 9600 |
| 60 | Kallumuthirakkunnu | | 69500 |
| 61 | Kalluvayal | | 21000 |
| 62 | Kamballur | | 25187 |
| 63 | Kanakakkunnu | | 32000 |
| 64 | Kanakappally | | 21300 |
| 65 | Kanichar | | 165000 |
| 66 | Kanjangad | | 37500 |
| 67 | Kanjiradukkom | | 70900 |
| 68 | Kanjirakkolly | | 40200 |
| 69 | Kannivayal | | 108416.5 |
| 70 | Kannur | | 130000 |

| | | 10% | Balance |
|---|---|---|---|
| 71 | Karayathumchal | 10000 | 35059 |
| 72 | Kariappally | 22000 | |
| 73 | Karikkottakkari | 215000 | |
| 74 | Karthikapuram | 70750 | |
| 75 | Karunapuram | 296750 | |
| 76 | Karuvanchal | 102100 | |
| 77 | Kasargod | 40800 | |
| 78 | Kavumthala | 36800 | |
| 79 | Keezhpally | 125000 | |
| 80 | Kiliyanthara | 125000 | |
| 81 | Kodoppally | 35663 | |
| 82 | Kolakkad | 83000 | |
| 83 | Kolayad | 200000 | |
| 84 | Koluvally | 104000 | |
| 85 | Konnakkad | 56247 | |
| 86 | Kottody | 115000 | |
| 87 | Kottoor | 60700 | |
| 88 | Kozhichal | 100000 | |
| 89 | Kudianmala | 100900 | |
| 90 | Kunnoth | | |
| 91 | Kunnumkai | 65229 | |
| 92 | Kuttaparamba | 18000 | |
| 93 | Lissigiri | 31900 | |
| 94 | Madathil | 79700 | |
| 95 | Malome | 99700 | |
| 96 | Mampoil | 25000 | |
| 97 | Manadukkom | 32800 | |
| 98 | Manakkadavu | 30000 | |
| 99 | Mandalam | 128000 | |
| 100 | Mandapam | 44500 | |
| 101 | Mangode | 132000 | |
| 102 | Manikkadavu | 120300 | |
| 103 | Manippara | | |
| 104 | Manjalampuram | 50000 | |
| 105 | Marygiri | 167500 | |
| 106 | Marypuram | 53140 | |
| 107 | Mattara | 149000 | |

| | | 10% | Balance |
|---|---|---|---|
| 108 | Mavumchal | 18500 | |
| 109 | Melechovva | 18790 | |
| 110 | Mudayaranji | 48800 | |
| 111 | Mulapra | 30000 | |
| 112 | Mulleria | | |
| 113 | Mundanoor | 48970 | |
| 114 | Naduvil | 54300 | |
| 115 | Nattakkal | 18176 | |
| 116 | Nedumpuramchal | 85000 | |
| 117 | Neduvaloor | 77700 | |
| 118 | Neeleshwaram | 45300 | |
| 119 | Nellickampoil | 175000 | |
| 120 | Nellikkunnu | | |
| 121 | Nellikkutty | 76235 | |
| 122 | Nellippara | 96500 | |
| 123 | Nelliyadukkom | 13400 | |
| 124 | Nirmalagiri | 40000 | |
| 125 | Odenthode | 46000 | |
| 126 | Ottathai | 86000 | |
| 127 | Pachani | 90000 | |
| 128 | Padankavala | 27000 | |
| 129 | Padannakkad | 34600 | |
| 130 | Padimaruthu | | |
| 131 | Padiyoor | 43800 | |
| 132 | Padiyottuchal | 58000 | |
| 133 | Paduppu | 170000 | |
| 134 | Paisakary | 209000 | |
| 135 | Palathumkadavu | 37000 | |
| 136 | Palavayal | 170180 | |
| 137 | Panathady | 95216 | |
| 138 | Panathoor | 100000 | |
| 139 | Paramba | 25000 | |
| 140 | Parappa | 90000 | |
| 141 | Pariyaram | 14500 | |
| 142 | Pathenpara | 99650 | |
| 143 | Payyanur | | |
| 144 | Payyavoor | 39477 | |

| | | 10% | Balance |
|---|---|---|---|
| 145 | Peratta | 109241 | |
| 146 | Peravoor | | |
| 147 | Peringala | | |
| 148 | Perinkari | 22000 | |
| 149 | Perumpadavu | 99000 | |
| 150 | Perumpunna | 60000 | |
| 151 | Ponmala | | |
| 152 | Poolakkutty | 22000 | |
| 153 | Pooparamba | 19200 | |
| 154 | Pottenplavu | 45000 | |
| 155 | Pulikurumba | 103000 | |
| 156 | Pulingome | 200000 | |
| 157 | Puncha | 54000 | |
| 158 | Punnakkuunnu | 43800 | |
| 159 | Puravayal | 85670 | |
| 160 | Rajagiri | 42000 | |
| 161 | Rajamudy | 22000 | |
| 162 | Randamkadavu | | |
| 163 | Rathnagiri | 40100 | |
| 164 | Rayarome | 47000 | |
| 165 | Santhinagar | 12500 | |
| 166 | Snehagiri | 43100 | |
| 167 | Sreekandapuram | 44500 | |
| 168 | Thabore | 39600 | |
| 169 | Thadikadavu | 55805 | |
| 170 | Thalassery | 26880 | |
| 171 | Thaliparamba | | |
| 172 | Thayyeni | 61000 | |
| 173 | Thermala | 32000 | |
| 174 | Thirumeni | 101600 | |
| 175 | Thomapuram | 416024 | |
| 176 | Udayagiri | 123000 | |
| 177 | Udayapuram | 6700 | |
| 178 | Ulikkal | 50000 | |
| 179 | Uruppumkutty | 5000 | 20000 |
| 180 | Vaniyappara | 21800 | |
| 181 | Varakkad | 35000 | |
| 182 | Vattiyara | 16000 | |
| 183 | Vayattuparamba | 172800 | |
| 184 | Vazhamala | | |
| 185 | Velimanam | 260000 | |
| 186 | Vellad | 69300 | 40000 |
| 187 | Vellarikkundu | | |
| 188 | Vellariyanam | 23000 | |
| 189 | Vembua | | |
| 190 | Vennakallu | | |
| 191 | Vijayagiri (Kappimala) | 39390 | |
| 192 | Vijayapuram | 11900 | |
| 193 | Vilakkannur | 117600 | |
| 194 | Vilamana | 66300 | |
| 195 | Vimalagiri | 74800 | |
| 196 | Vimalassery | 60000 | |
| 197 | Hosangadi Filial | 17848 | |

## FILIAL CHURCHES

| | | |
|---|---|---|
| 1 | Anamanjal | 28900 |
| 2 | Delempady | |
| 3 | Dharkas- Amalagiri | 15000 |
| 4 | Kaleenadukkom | |
| 5 | Kodoth | 2000 |
| 6 | Kulineer | |
| 7 | Mattanoor | |
| 8 | Melmuringody | 10000 |
| 9 | Mutharikkalam | 24000 |
| 10 | Poinachy | 11500 |
| 11 | Pullady | 12000 |
| 12 | Shimoganagar | 19000 |
| 13 | Thirur | |
| 14 | Thurumbi | |
| 15 | Madappurachal | |
| 16 | Kottoorvayal | |

# മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതി

തലശ്ശേരി അതിരൂപതാ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പേരിലുള്ള ഭവന നിർമാണ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ജൂൺ മാസത്തെ ഗിരിദീപത്തിൽ പരസ്യം ചെയ്ത 8 വീടുകൾക്കു ശേഷം 5 വീടുകളുടെ കൂടി പണി പൂർത്തീകരിച്ചു. ഈ പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് വീട് പണിതു നൽകുവാൻ മുൻകൈയെടുത്ത അതിരൂപതയിലെ എല്ലാ വികാരിയച്ചൻമാർക്കും സംഘടനാഭാരവാഹികൾക്കും ഇടവകാ അംഗങ്ങൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

കഴിഞ്ഞ മാസം പണി പൂർത്തീകരിച്ചതായി ഇടവകകളിൽ നിന്നും അറിയിച്ച വീടുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇടവകയുടെ പേര് | പേര് വീട്ടുപേര് | നേതൃത്വം നൽകിയ സംഘടന | ചെലവായ തുക |
|---|---|---|---|---|
| 9. | പാടിയോട്ടുചാൽ | ഞാറക്കൽ അബ്രാഹം | ഇടവക | |
| 10. | പാടിയോട്ടുചാൽ | ജോസഫ് അപ്പച്ചേരിൽ | ഇടവക | |
| 11. | ചെറുപുഴ | ജോസ് കുന്നത്തറ | സൺഡേസ്കൂൾ | 6,60,000.00 |
| 12. | ആലക്കോട് | സിബി ഉറവിൽ | ഇടവക | |
| 13. | ആലക്കോട് | റിജോ തൊട്ടിക്കൽ | ഇടവക | |

ഈ പദ്ധതിയിലേയ്ക്ക് ഈ മാസം സംഭാവന നല്കിയവരുടെ പേരു വിവരങ്ങൾ

| നമ്പർ | സംഭാവന നൽകിയവർ/സ്വീകരിച്ചവർ | തുക | തിരികെകൊടുത്തത് |
|---|---|---|---|
| 1. | സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വെളിമാനം | 5,00,000.00 | |
| 2. | സെന്റ് ജൂഡ് ചർച്ച്, കരുണാപുരം | 5,00,000.00 | 4,40,000.00 |
| 3. | ആർച്ച് ബിഷപ്പ് ഹൗസ് തലശ്ശേരി | 2,00,000.00 | |
| 4. | സെന്റ് സെബാസ്റ്റ്യൻ ചർച്ച്, പാടിയോട്ടുചാൽ | | 1,10,000.00 |
| 5. | സെന്റ് മേരീസ് ചർച്ച്, ചെറുപുഴ | | 2,15,000.00 |
| 6. | ദേവമാതാ ചർച്ച്, പൈസക്കരി | | 4,40,000.00 |
| 7. | ഫാ. ജോസഫ് വാരണത്ത് | 10,000.00 | |

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതിയുടെ പേരിൽ കാത്തലിക് സിറിയൻ ബാങ്കിൽ ആരംഭിച്ചിരിക്കുന്ന അക്കൗണ്ട് നമ്പർ ചുവടെ ചേർക്കുന്നു.

A/c Name: Mar Sebastian Vallopilly Bhavana Niraman Padhathi
A/c No: 008903938618195001
IFSC: CSBK0000089
Bank Name: Catholic Syrian Bank, Thalassery

ഈ പദ്ധതിയോട് സഹകരിച്ച് ഭവന രഹിതരായവർക്ക് വീട് നിർമിച്ച് നൽകുവാൻ താൽപര്യപ്പെടുന്ന ഇടവകകളും സംഘടനകളും വ്യക്തികളും മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

ഫാ. തോമസ് തയ്യിൽ
ഫാ. ജോസഫ് കാക്കരമറ്റത്തിൽ
ഫാ. ആന്റണി പരതേപതിക്കൽ

**തലശ്ശേരി റിസർച്ച് സെന്റർ (TRC) പ്രഥമ സമ്മേളനം**

തലശ്ശേരി റിസേർച്ച് സെന്റർ എന്നപേരിൽ അതിരൂപതാ തലത്തിൽ രൂപീകരിക്കുന്ന കൂട്ടായ്മയുടെ പ്രഥമ സമ്മേളനം ഓഗസ്റ്റ് 15 ന് തലശ്ശേരി സന്ദേശഭവനിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. രാവിലെ 10 മുതൽ 2 മണിവരെയാണ് സമയം. ആനുകാലിക സംഭവങ്ങളെ വിശ്വാസ വെളിച്ചത്തിൽ വിശകലനം ചെയ്യുകയും ക്രൈസ്തവ സത്യങ്ങളെ യുക്ത്യാധിഷ്ഠിതമായി അവതരിപ്പിക്കുകയും ചെയ്യുന്ന ഈ കൂട്ടായ്മ അതിരൂപതാ അസംബ്ലിയിൽവന്ന പ്രധാന നിർദ്ദേശങ്ങളിലൊന്നായിരുന്നു. ഗിരിദീപത്തിന്റെ മുൻലക്കങ്ങളിൽ ഇപ്രകാരമുള്ളവരുടെ പേരുകൾ തരണമെന്ന് സൂചിപ്പിച്ചിരുന്നുവെങ്കിലും വളരെ ചുരുക്കം പേരുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബൗദ്ധിക കഴിവിനൊപ്പം സഭയെ സ്നേഹിക്കുന്ന അത്മായ സഹോദരങ്ങൾ ഇടവകകളിൽ ഉണ്ടെങ്കിൽ അവരുടെ ഫോൺ നമ്പറും അഡ്രസ്സും തരണമെന്ന് അപേക്ഷിക്കുന്നു.

ഫാ. ജോസഫ് കാക്കരമറ്റത്തിൽ: 9495718421, 9847098421

# സെമിനാരി വാർത്തകൾ

## 1. വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്ക് നന്ദി

വൊക്കേഷൻ ബ്യൂറോയുടെ 2018-19 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. വൊക്കേഷൻ ബ്യൂറോയുടെ ഡയറക്ടറായി സ്ഥാനമേറ്റ റവ. ഡോ. ജോർജ് കരോട്ടിനെ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്തു. 92 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ, ലൈഫ് ഗൈഡൻസ് കോഴ്സ് നടത്തുന്നവർക്ക് സംഘടിപ്പിച്ച കോച്ചിംഗ് ക്ലാസ്സ് വിജയകരമായിരുന്നു. കാര്യക്ഷമമായി ക്ലാസ് എടുത്ത ശ്രീ. ജോബി മൂലയിലിന് നന്ദി പറയുന്നു. നല്ല ദൈവവിളികളെ കണ്ടെത്താനും, പ്രോത്സാഹിപ്പിക്കാനുമുള്ള നമ്മുടെ കൂട്ടായ പരിശ്രമത്തിന് എല്ലാവിധ ദൈവാനുഗ്രഹവും പ്രാർത്ഥിക്കുന്നു. വൊക്കേഷൻ ബ്യൂറോയുടെ ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങളും വിജയകരമായിതീരട്ടെയെന്ന് ആശംസിക്കുന്നു.

## 2. നന്ദിയുടെ നറുമലരുകൾ

ദീർഘകാലം വൊക്കേഷൻ ബ്യൂറോയുടെ സെക്രട്ടറിയായി ശുശ്രൂഷ ചെയ്ത സി. വിനീത സി.എം.സി.യ്ക്ക് കൃതജ്ഞതയുടെ കൂപ്പുകൈ...

പുതിയ സെക്രട്ടറിയായി സ്ഥാനമേറ്റ സി. ലിൻസി അഗസ്റ്റിൻ എസ് എച്ച്-ന് എല്ലാവിധ പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. ജോർജ് കരോട്ട്**
റെക്ടർ

### മലബാർ തിയോളജിക്കൽ ഫോറം (MTF)

മലബാർ തിയോളജിക്കൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 2 വ്യാഴാഴ്ച തലശ്ശേരി സന്ദേശഭവനിൽവച്ച് ദൈവശാസ്ത്ര സമ്മേളനം നടത്തുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെയാണ് സമയം. ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് കഴിഞ്ഞവരും ദൈവശാസ്ത്രവിഷയങ്ങളിൽ താത്പര്യമുള്ളവരുമായ ഏവരെയും ക്ഷണിക്കുന്നു. ചർച്ച ചെയ്യപ്പെടുന്ന വിഷയം: A New Vision and Mission of the Church.

പ്രബന്ധം അവതരിപ്പിക്കുന്നത് സ്വാമി സച്ചിദാനന്ദ ഭാരതിയാണ്. വരുന്ന വിവരം താഴെ കാണുന്ന നമ്പറിൽ വിളിച്ചറിയിക്കുമല്ലോ.

ഫാ. സ്കറിയ കല്ലൂർ : 9446914114
ഫാ. ജോസഫ് കാക്കരമറ്റത്തിൽ : 9495718421

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി മാതാ വിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 1. സർവ്വേ ഫോം - 2018-19

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2018-2019 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഉടനെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 2. ആമുഖസെമിനാർ ആഗസ്റ്റ് 26-29

ബഹു. ഫൊറോന വികാരിമാരുടെ നിർദ്ദേശമനുസരിച്ച് ഒരിക്കൽകൂടി ആമുഖ സെമിനാർ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. പുതുതായി വിശ്വാസപരിശീലനരംഗത്തേയ്ക്ക് വന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാൻ സാധിക്കാത്തവരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയയ്ക്കുമല്ലോ. സെമിനാർ ഓഗസ്റ്റ് 26 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 29 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 700 രൂപ ആയിരിക്കും. സെമിനാറിൽ സംബന്ധിക്കുന്നവരുടെ എണ്ണം നിർബന്ധമായും ആഗസ്റ്റ് 10 നു മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നതല്ല.

## 3. ഓണപരീക്ഷ - സെപ്റ്റംബർ 2

ഓണപരീക്ഷ സെപ്റ്റംബർ 2-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 2-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>1–3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>1–4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>1–2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>1–5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>1–2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 –5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–4 വരെയുള്ള അദ്ധ്യായങ്ങൾ<br>1–2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1–5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7–24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 4. ജനറൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 11 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

## 5. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

## 6. ആസ്പെക്ട്

2018-2019 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**സഭയും സുവിശേഷവൽക്കരണവും**' എന്ന പുസ്തകമാണ്.

## 7. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും ഈ അധ്യയനവർഷം അധ്യാപകർക്കായി രണ്ട് ഏകദിന സെമിനാറുകളാണ് നടത്തേണ്ടത്. ആദ്യത്തെ സെമിനാർ ഓണ പരീക്ഷയ്ക്ക് മുമ്പ് ക്രമീകരിക്കേണ്ടതാണ്. ബഹു. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

### ജൂലൈ മാസത്തിൽ നടന്ന സെമിനാറുകൾ

**a. പൈസക്കരി :** ജൂലൈ 7 ശനിയാഴ്ച്ച പൈസക്കരി ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ശ്രീ. മാത്യു ഇടപ്പാടിയിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. ബെന്നി തെരുവത്ത് സ്വാഗതവും ശ്രീ. ഷാജി പിണക്കാട്ട് നന്ദിയും പറഞ്ഞു. "മാറുന്ന കാലത്തെ വിശ്വാസപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 112 വിശ്വാസ പരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**b. ചെമ്പേരി:** ജൂലൈ 14 ശനിയാഴ്ച്ച ചെമ്പേരി ഫൊറോനയിലെ വിശ്വാസ പരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. ഷീൻ വേലിക്കകത്ത് സ്വാഗതവും സെക്രട്ടറി ശ്രീ. ബിനു അഞ്ചാനിക്കൽ നന്ദിയും പറഞ്ഞു. ചെമ്പേരി സാന്ത്വനം-കരുണാലയം ഡയറക്ടർ റവ. ഫാ. ജെയിംസ് പുത്തൻനട "വിശ്വാസപരിശീലനം: സമർപ്പണവും ജീവിത മാതൃകയും (അപ്പ 20: 20-38)" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. സെമിനാറിൽ 150 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**c. ചെറുപുഴ:** ജൂലൈ 14 ശനിയാഴ്ച്ച പുളിങ്ങോത്ത് വച്ച് നടത്തപ്പെട്ട ചെറുപുഴ ഫൊറോനയിലെ വിശ്വാസപരിശീലകർക്കായുള്ള എകദിനസെമിനാർ

അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. മനോജ് വടക്കേൽ സ്വാഗതവും സെക്രട്ടറി ശ്രീ. മാത്യു അരീക്കാട്ട് നന്ദിയും പറഞ്ഞു. ''മാറുന്ന കാലത്തെ വിശ്വാസ പരിശീലനം'' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 129 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏക ദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**ആഗസ്റ്റ് മാസത്തെ സെമിനാറുകൾ**

1. ആഗസ്റ്റ് - 11ന് വായാട്ടുപറമ്പ് ഫൊറോന
2. ആഗസ്റ്റ് - 11ന് നെല്ലിക്കാംപൊയിൽ ഫൊറോന
3. ആഗസ്റ്റ് - 11ന് മേരിഗിരി ഫൊറോന
4. ആഗസ്റ്റ് - 11ന് ചെമ്പന്തൊട്ടി ഫൊറോന
5. ആഗസ്റ്റ് - 11ന് എടൂർ ഫൊറോന
6. ആഗസ്റ്റ് - 12ന് തോമാപുരം ഫൊറോന

## 8. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2018 -19 അധ്യയന വർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവ ശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018-2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അവരുടെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ജോസഫ് ചേപ്പുംപാറ |
| ചെമ്പന്തൊട്ടി | ജോയി കുരിശുകുന്നേൽ |
| ചെമ്പേരി | സജി ജോസഫ് കാക്കനാട്ട് |
| ചെറുപുഴ | തോമസ് ആടിമാക്കിൽ |
| എടൂർ | വിപിൻ തെക്കേൽ |
| കാഞ്ഞങ്ങാട് | ജോസ് പുത്തൻപുരക്കൽ |
| കുന്നോത്ത് | സജയ് പാറേക്കാട്ടിൽ |
| മേരിഗിരി | ആനിച്ചൻ കുളങ്ങരമുറിയിൽ |
| നെല്ലിക്കാംപൊയിൽ | ദേവസ്യ മുണ്ടപ്പള്ളിൽ |
| പൈസക്കരി | മാത്യു കാരിക്കാട്ടുകുഴി |
| പനത്തടി | പയസ് പറയിടം |
| പേരാവൂർ | ജോസഫ് മാടപ്പള്ളികുന്നേൽ |
| തളിപ്പറമ്പ് | തോമസ് കുരിശുമൂട്ടിൽ |
| തോമാപുരം | ജോസഫ് മ്ലാക്കുഴിയിൽ തെക്കേയറ്റം |
| വായാട്ടുപറമ്പ് | ഫ്രാൻസീസ് ചൊവ്വാറ്റുകുന്നേൽ |
| വെള്ളരിക്കുണ്ട് | ജോർജ് കൊല്ലക്കൊമ്പിൽ |

## 10. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 11. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 12. ഹൃദയപൂർവ്വം നന്ദി

26 വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വിശ്വാസപരിശീലനരംഗത്തുനിന്നും വിരമിക്കുന്ന ശ്രീകണ്ഠാപുരം ഇടവകാംഗമായ ശ്രീ വർഗ്ഗീസ് പുളിക്കൽ സാറിന് അതിരൂപതാ വിശ്വാസപരിശീലന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 13. റിസോഴ്സ് ടീം ട്രെയിനിംഗ്

ചെമ്പേരിയിലും ഇരിട്ടിയിലുംവച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 34 വിശ്വാസപരിശീലകർ പങ്കെടുത്തു. സി.എം.സി സഭാംഗമായ റവ. സി. പുഷ്പ ക്ലാസുകൾക്ക് നേതൃത്വം നല്കി. ക്ലാസുകൾക്ക് സൗകര്യങ്ങൾ ഒരുക്കിത്തന്ന വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടച്ചനും റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ അച്ചനും ഹൃദയപൂർവ്വം നന്ദി.

## 14. പുസ്തകപരിചയ സെമിനാർ

1 മുതൽ 4വരെ ക്ലാസിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് നടത്തിയ പുസ്തകപരിശീലന സെമിനാറിൽ പേരാവൂർ, എടൂർ, നെല്ലിക്കാംപൊയിൽ, കുന്നോത്ത് എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലകർ പങ്കെടുത്തു. ക്ലാസുകൾക്ക് നേതൃത്വം നല്കിയവർ:

**പേരാവൂർ:** ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ, സി. ജോമി എസ്.എച്ച്, ഷൈബി വിളയാനിക്കൽ, ബീന വിളയാനിക്കൽ, സി. ആലീസ് കുര്യൻ എസ്.എച്ച്.

**എടൂർ:** ഫാ. ജോൺസൺ അന്ത്യാംകുളം, ഡയാന ഇരുപ്പക്കാട്ട്, പ്രിയദ തുരുത്തിപ്പള്ളിൽ, ജോയിസ് ബിജോയി കുളിയാനിയിൽ, സി. ആൻസി സി.എം.സി.

**കുന്നോത്ത്:** ഫാ. ജോസഫ് വേങ്ങക്കുന്നേൽ, സിനി കോലാക്കൽ, ലിസമ്മ കുരിയിക്കൽ, സി. പുഷ്പ വി.സി, സി. ആൻമരിയ എഫ്.സി.സി, ആൻസി ജോസ് കൂറ്റാരപ്പള്ളി.

**നെല്ലിക്കാംപൊയിൽ:** ജോബി മൂലയിൽ, സി. ബ്ലെസ്സി സി.എം.സി, സെലിൻ കൊല്ലിയിൽ, മേരി കുന്നത്ത്, സി. ആൻസ് മരിയ ഡി.എം.

## ആഗസ്റ്റ് മാസത്തെ പുസ്തകപരിചയ സെമിനാർ: ക്ലാസ് 1 മുതൽ 4 വരെ

| ഫൊറോന | തീയതി | സ്ഥലം | സമയം |
|---|---|---|---|
| ആലക്കോട് | ആഗസ്റ്റ് 5 | ആലക്കോട് | 2-5 pm |
| മേരിഗിരി | ആഗസ്റ്റ് 5 | മേരിഗിരി | 2-5 pm |
| ചെറുപുഴ | ആഗസ്റ്റ് 5 | ചെറുപുഴ | 2-5 pm |
| തളിപ്പറമ്പ് | ആഗസ്റ്റ് 5 | തളിപ്പറമ്പ് | 2-5 pm |
| തോമാപുരം | ആഗസ്റ്റ് 12 | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | ആഗസ്റ്റ് 12 | വെള്ളരിക്കുണ്ട് | 2-5 pm |
| കാഞ്ഞങ്ങാട് | ആഗസ്റ്റ് 12 | കാഞ്ഞങ്ങാട് | 2-5 pm |
| പനത്തടി | ആഗസ്റ്റ് 12 | പനത്തടി | 2-5 pm |

## സെപ്റ്റംബർ മാസത്തെ പുസ്തകപരിചയ സെമിനാർ: ക്ലാസ് 5 മുതൽ 8 വരെ

| ഫൊറോന | തീയതി | സ്ഥലം | സമയം |
|---|---|---|---|
| പേരാവൂർ | സെപ്റ്റംബർ 09 | പേരാവൂർ | 2-5 pm |
| എടൂർ | സെപ്റ്റംബർ 09 | എടൂർ | 2-5 pm |
| കുന്നോത്ത് | സെപ്റ്റംബർ 09 | കുന്നോത്ത് | 2-5 pm |
| നെല്ലിക്കാംപൊയിൽ | സെപ്റ്റംബർ 09 | നെല്ലിക്കാംപൊയിൽ | 2-5 pm |
| പൈസക്കരി | സെപ്റ്റംബർ 16 | പൈസക്കരി | 2-5 pm |
| ചെമ്പേരി | സെപ്റ്റംബർ 16 | ചെമ്പേരി | 2-5 pm |
| ചെമ്പന്തൊട്ടി | സെപ്റ്റംബർ 16 | ചെമ്പന്തൊട്ടി | 2-5 pm |
| വായാട്ടുപറമ്പ് | സെപ്റ്റംബർ 16 | വായാട്ടുപറമ്പ് | 2-5 pm |
| ആലക്കോട് | സെപ്റ്റംബർ 23 | ആലക്കോട് | 2-5 pm |
| മേരിഗിരി | സെപ്റ്റംബർ 23 | മേരിഗിരി | 2-5 pm |
| ചെറുപുഴ | സെപ്റ്റംബർ 23 | ചെറുപുഴ | 2-5 pm |
| തളിപ്പറമ്പ് | സെപ്റ്റംബർ 23 | തളിപ്പറമ്പ് | 2-5 pm |
| തോമാപുരം | സെപ്റ്റംബർ 30 | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | സെപ്റ്റംബർ 30 | വെള്ളരിക്കുണ്ട് | 2-5 pm |
| കാഞ്ഞങ്ങാട് | സെപ്റ്റംബർ 30 | കാഞ്ഞങ്ങാട് | 2-5 pm |
| പനത്തടി | സെപ്റ്റംബർ 30 | പനത്തടി | 2-5 pm |

## 15. ദിയാകോണിയ കർമ്മ പദ്ധതി

ആഗസ്റ്റ് മാസത്തിൽ റോഡ് സുരക്ഷയ്ക്ക് പ്രത്യേക പ്രാധാന്യം നല്കുകയാണ്. കുട്ടികൾക്ക് റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ നല്കാൻ ശ്രദ്ധിക്കുമല്ലോ.

റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള 10 കൽപ്പനകൾ Catechism website-ൽ ലഭ്യമാണ്.

## 16. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മണക്കടവ് സൺഡേ സ്കൂൾ അധ്യാപികയായിരുന്ന ശ്രീമതി ഹണി ജോജോ മുഞ്ഞനാട്ട് ടീച്ചറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 2 വർഷക്കാലം സൺഡേസ്കൂൾ അധ്യാപിക എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ടീച്ചറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

### 17. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 18. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ചെടിക്കുളം, വെള്ളാട്, ബളാൽ, പേരാവൂർ, ചുണ്ടപ്പറമ്പ് എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ കീഴ്പ്പള്ളി, വിമലശ്ശേരി, പേരാവൂർ, നെല്ലിക്കാംപൊയിൽ, മേരിഗിരി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

## ലോഗോസ് ക്വിസ് 2018

ലോഗോസ് ക്വിസ് 2018 ന്റെ രജിസ്ട്രേഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും ഇടവക അവശേഷിക്കുന്നുണ്ടെങ്കിൽ എത്രയും വേഗം രജിസ്ട്രേഷൻ നിർബന്ധമായും ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

ജൂലൈ 31 നാണ് രജിസ്ട്രേഷൻ അവസാനിക്കുന്നത്. ഏതെങ്കിലും കാരണത്താൽ താമസിച്ച് പോയെങ്കിൽ ഓഗസ്റ്റ് 7 നു മുൻപ് നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 9961566044 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

പരീക്ഷാ സമയം രൂപതാതലത്തിൽ 2018 സെപ്റ്റംബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. വിശദവിവരങ്ങൾ ജൂലൈ മാസത്തിലെ രൂപതാബുളറ്റിൽ നല്കിയിട്ടുണ്ട്.

## 2. ലൂമെൻ എക്ലേസിയ

അജപാലനപരമായ ശുശ്രൂഷകൾക്ക് തലശ്ശേരി രൂപത നൂതനത്വം കൊണ്ടുവരുന്നത് കേരളസഭയ്ക്ക് എന്നും പ്രചോദനകരമാണ്. നമ്മുടെ അതിരൂപതയിലെ വിശ്വാസപരിശീലനരംഗത്തുള്ള എല്ലാ അദ്ധ്യാപകരും ദൈവശാസ്ത്രത്തിൽ ബിരുദം നേടണമെന്നുള്ള ആഗ്രഹവും തീരുമാനവും അജപാലനരംഗത്തെ ധീരമായ കാൽവെയ്പായിരുന്നു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ആരംഭിച്ച ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്രകോഴ്സിന് അച്ചൻ നല്കുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും നന്ദിപറയുന്നു.

ഇന്ത്യയ്ക്കകത്തും പുറത്തുമായി 52 സെന്ററുകളിലായി 4500 ദൈവശാസ്ത്രവിദ്യാർത്ഥികൾ ഇപ്പോൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രപഠനം നടത്തിക്കൊണ്ടിരിക്കുന്നു.

അതിരൂപതയിൽ മൂവായിരത്തി നാനൂറിലധികം മതാദ്ധ്യാപകരുണ്ട്. അതിൽ 60% അദ്ധ്യാപകർ ദൈവശാസ്ത്രപഠനപരിപാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇടയ്ക്ക് വച്ച് നിന്നുപോയ കുറേ അധ്യാപകരുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 500 അദ്ധ്യാപകർ ദൈവശാസ്ത്രബിരുദം നേടിക്കഴി ഞ്ഞ്, അതിൽ അനേകംപേർ എം.റ്റി.എച്ച് ബിരുദത്തിനായി പഠിക്കുന്നു. ആഗോള സാർവ്വത്രികസഭയുടെ രൂപതാ കൂട്ടായ്മയിൽ എല്ലാ വിശ്വാസപ രിശീലകർക്കും ദൈവശാസ്ത്രബിരുദം നേടിയെടുക്കുന്ന പ്രഥമ രൂപതയാക്കി മാറ്റാൻ എല്ലാ അച്ചൻമാരുടെയും സഹകരണം അപേക്ഷിക്കുന്നു. എല്ലാ മതാദ്ധ്യാപകരെയും ദൈവശാസ്ത്രപഠനകോഴ്സിൽ പങ്കെടുപ്പിക്കുവാൻ അച്ചൻ പ്രോത്സാഹിപ്പിക്കുമല്ലോ. അഭിവന്ദ്യപിതാവിന്റെ അജപാലന കത്തു കളിലും, വിശ്വാസപരിശീലന ഡയറക്ടറച്ചന്റെ നിർദ്ദേശങ്ങളിലും ദൈവ ശാസ്ത്രപഠനത്തിന് എല്ലാ മതാദ്ധ്യാപകരെയും പങ്കെടുപ്പിക്കണമെന്ന് സൂചി പ്പിച്ചിട്ടുണ്ടല്ലോ.

നമ്മുടെ അധ്യാപകർക്കായി 3 വർഷത്തെ കോഴ്സിന് രജിസ്ട്രേഷൻ ഫീസായി 2500 രൂപയാക്കി കുറച്ചിട്ടുണ്ട് *(യഥാർത്ഥ കോഴ്സ് ഫീസ് 5000/-)* അതിൽ 1000 രൂപ ഇടവക വഹിച്ചാൽ ഓരോ വിദ്യാർത്ഥിയും 1500 രൂപ മുട ക്കിയാൽ മതിയാകും. അത് മൂന്ന് വർഷങ്ങളിലായി തവണരീതിയിൽ അട ക്കാവുന്നതാണ്. ഓഗസ്റ്റ് മാസം 5-ാം തീയതി ഓരോ ഫൊറോന സെന്ററു കളിലും ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**3. ലൂമെൻ എക്ലേസിയ ആദ്യ ക്ലാസ്സുകളുടെ ആരംഭം :** ഓഗസ്റ്റ് 5 ഞായറാഴ്ച ലൂമെൻ എക്ലേസിയായുടെ ക്ലാസ്സുകൾ ആരംഭിക്കുന്നു.

| Center | Date |
|---|---|
| Peravoor | 05-08-2018 |
| Iritty | " |
| Paisakkary | " |
| Chemperi | " |
| Chempanthotty | " |
| Thomapuram | " |
| Vellarikkundu | " |
| Panathady | " |
| Padannakkadu | " |
| Thalassery | " |
| Cherupuzha | 12-08-2018 |
| Alakode | 19-08-2018 |

## 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| Date | Center | Time | Subject |
|---|---|---|---|
| 02-08-2018 | DTH – Puthusserikadavu | 9.30-4.30 | |
| 04-08-2018 | Idukki<br>(Jaimatha Adoration Provincialate, Kuthirakkallu) | 9.30-4.30 | Book of Revelation<br>Morality of Life<br>Theology of Other Religions<br>Wisdom Books |
| 05-08-2018 | Kollam<br>(Vimala Hridaya Retreat Center, Kottiyam) | 9.30-4.30 | The Gospel of St. Mark<br>Hebrew Poetry-Psalms<br>Ecclesiology<br>LIturgy |
| 11-08-2018 | Nadavayal<br>(Mount Carmel Provincial House) | 9.30-4.30 | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |
| 11-08-2018 | Sulthan Bathery<br>(Bathany Provincial House, Cheeral Road) | 9.30-4.30 | Book of Revelation<br>Morality of Life<br>Theology of Other Religions<br>Wisdom Books |
| 25-08-2018<br>&<br>26-08-2018 | Lucknow<br>(Lisieux Bhavan, Gaurabagh) | 9.30-4.30 | Social Doctrines,<br>Ezra-Nehemiah, Eschatology<br>Philosophy and Theology<br>Morality of Life<br>Theology of Other Religions |
| 28-08-2018 | Pala<br>(Carmelite Provincial House) | 9.30-4.30 | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |

## 5. ആൽഫാ ബിരുദദാന ചടങ്ങ്: ഓഗസ്റ്റ് 27 ന് ചാലക്കുടിയിൽ

ഫ്രാൻസിസ്കൻ ക്ലാര സഭയുടെ (FCC) ചാലക്കുടി അൽവേർണിയ പ്രൊവിൻസിന്റെ ദൈവശാസ്ത്രബിരുദം പൂർത്തിയാക്കിയ 200 സിസ്റ്റേഴ്സിന്റെ ബിരുദദാന ചടങ്ങ് (Convocation Ceremony) ഓഗസ്റ്റ് 26 ഞായറാഴ്ച 4 മണിക്ക് ചാലക്കുടിയിൽവച്ച് നടക്കുന്നു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ മാർ ജോസഫ് പാംപ്ലാനി, ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിലായിരിക്കും

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, വൈസ് ഡയറക്ടർ സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരായ കൂട്ടുകാരേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. ദുഃഖത്തിന്റെയും, സംശയത്തിന്റെയും കൊടുങ്കാറ്റുകൾ ജീവിതത്തിലേയ്ക്ക് ആഞ്ഞടിച്ചപ്പോൾ ദൈവഹിതത്തെ തിരിച്ചറിഞ്ഞ്, തന്നെത്തന്നെ വിട്ടുകൊടുത്ത പരി. അമ്മയുടെ ജീവിതം കുഞ്ഞുമിഷനറിമാരായ നമുക്ക് കരുത്തും പ്രചോദനവുമാകട്ടെ... ഒരുമയോടെ സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകളിലൂടെയും ത്യാഗങ്ങളിലൂടെയും സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം എല്ലായിടത്തും വീശട്ടെ. ആഴമായ പ്രാർത്ഥനയിലൂടെയും പരിഹാര പ്രവർത്തനങ്ങളിലൂടെയും ആർസിലെ ശാപഭൂമിയെ പുണ്യഭൂമിയാക്കി മാറ്റിയ വി. ജോൺ മരിയാ വിയാനിയുടെ

---

ചടങ്ങുകൾ നടക്കുക. പ്രൊവിൻഷ്യൽ സിസ്റ്ററും കൗൺസിലർമാരുമുൾപ്പടെ പങ്കെടുത്ത ദൈവശാസ്ത്ര കോഴ്സ് രണ്ടര വർഷംകൊണ്ട് പൂർത്തിയാക്കിയ ഈ സിസ്റ്റേഴ്സിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

### 6. MTh, Integrated MA വിദ്യാർത്ഥികളുടെ സമ്മേളനം: ഓഗസ്റ്റ് 18 ന്

ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം ചെയ്യുന്ന വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 18 ശനിയാഴ്ച തലശ്ശേരി സന്ദേശഭവനിൽ ഈ വർഷത്തെ ആദ്യ മീറ്റിംഗ് സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് സമയം. എല്ലാ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും നിർബന്ധമായും ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

### 7. ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നവരുടെ മീറ്റിംഗ്: ഓഗസ്റ്റ് 16 ന്

ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ ഒരു മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽവച്ച് കൂടുന്നു. ഓഗസ്റ്റ് 16 ന് രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെയാണ് സമയം. ഗവേഷണ രംഗത്ത് ഉപരിപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന ഏവരെയും ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

ജീവിതമാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ** | **:** | സ്വർഗ്ഗാരോപണതിരുനാൾ |
| **,, വിശുദ്ധൻ** | : | വി. ജോൺമരിയ വിയാനി |
| **പ്രാർത്ഥനാനിയോഗം** | : | വൈദികർ, സമർപ്പിതർ, സഭാധികാരികൾ |
| **സുകൃതജപം** | : | എന്റെ അമ്മേ, എന്റെ ആശ്രയമേ |
| **വചനഭേരി** | : | പ്രഭാഷകൻ 9-12 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 സ്വർഗ്ഗസ്ഥനായ പിതാവേ |
| ***ദിയാക്കോണിയ*** | : | റോഡ്സുരക്ഷ |

## ശാഖകൾ ശ്രദ്ധിക്കാൻ (ജൂലൈ)

| | | |
|---|---|---|
| 1 ബുധൻ | : | പതിനഞ്ച് നോമ്പ് ആരംഭം |
| 4 ശനി | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 11 ശനി | : | മിഷൻലീഗ് സ്ഥാപകനേതാവ് പി.സി.അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 9-ാം ചരമവാർഷികം |
| 15 ബുധൻ | : | പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 22 ബുധൻ | : | അതിരൂപതാ സാഹിത്യമത്സരം റീജണുകളിൽ |
| 28 ചൊവ്വ | : | അൽഫോൻസാ ക്വിസ്, ചിത്രരചനാ ക്വിസ് |
| 29 ബുധൻ | : | വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ |

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖല എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, കൗൺസിൽ വാർഷികം, മേഖലാഡയറക്ടർ-വൈസ് ഡയറക്ടർ മീറ്റിംഗ്, മേഖലാ സാഹിത്യമത്സരം-വിജയികളുടെ ലിസ്റ്റ് നിശ്ചിതഫോറത്തിൽ എഴുതി ആഗസ്റ്റ് 15 ന് മുമ്പ് ഓഫീസിലെത്തിക്കുക.

## മേഖലാ ഡയറക്ടേഴ്സ്-വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2018-19 വർഷത്തെ പ്രധാനപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും ചർച്ചചെയ്യുന്നതിനുമായി ഓഗസ്റ്റ് 2-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവെച്ച് മേഖലാഡയറക്ടേഴ്സ്-വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് കൂടുന്നു. അന്നേദിനം എല്ലാ ഡയറക്ടർ അച്ചന്മാരും വൈസ്ഡയറക്ടേഴ്സ് സിസ്റ്റേഴ്സും എത്തിച്ചേരുമല്ലോ.

## അതിരൂപതാമാനേജിംഗ്കമ്മറ്റി-ജൂണിയർ ഭാരവാഹികളുടെ ഇലക്ഷൻ

2018 ജൂലൈ 14-ാം തീയതി രാവിലെ 10-ന് തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയത്തിൽവച്ച് അതിരൂപത പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി

യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മിറ്റിയിൽ 105 പേർ പങ്കെടുത്തു. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ ഉദ്ഘാടനംചെയ്ത മീറ്റിംഗിൽ അതിരൂപതാ ജോ. സെക്രട്ടറി ശ്രീമതി ഷേർളി പാമ്പനാൽ റിപ്പോർട്ടും സെക്രട്ടറി ശ്രീ സുനിൽ കല്ലിടുക്കിൽ കണക്കും അവതരിപ്പിച്ചു. തുടർന്ന് സംഘടനാ നേതൃത്വത്തെക്കുറിച്ച് ഫാ. ജോൺസൺ അന്ത്യാകുളം ക്ലാസ്സ് എടുത്തു. മതബോധന ക്ലാസ്സുകളിൽ X, XII ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ക്രിസ്റ്റീന കാക്കത്തൂക്കിയിൽ, അൽഫോൻസ ചിറ മുക്കത്ത്, മരിയ കുന്നത്ത്, റോസ്മരിയ വടക്കേടത്ത്, കൊച്ചുത്രേസ്യാ മുണ്ട ക്കാത്തറപ്പേൽ, എയ്ഞ്ചൽ തകിടിപ്പുറത്ത് എന്നീ കുട്ടികൾക്ക് മാർ സെബാ സ്റ്റ്യൻ വള്ളോപ്പിള്ളി പൗരോഹിത്യരജതജൂബിലി സ്മാരക അവാർഡ് അഭി വന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകി. തുടർന്ന് മിഷൻജ്യോതി പ്രകാശനവും, ജലസംരക്ഷണ സ്റ്റിക്കർ ഉദ്ഘാടനവും അതിരൂപതാ ജൂണി യർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതവും റീജിയണൽ ഓർഗനൈസർ ഷിജോ പുതുപ്പറമ്പിൽ നന്ദിയും പറഞ്ഞു. സ്നേഹവിരുന്നോടെ മീറ്റിംഗ് അവസാനിച്ചു. അതിരൂപതാ ജനറൽ ഓർഗനൈസർ ജെയ്സൺ മർക്കോസ് നേതൃത്വം നൽകി.

## അതിരൂപതാ ജൂണിയർ ഭാരവാഹികൾ

പ്രസിഡന്റ് : അക്ഷയ് ചിറത്തലയാട്ട്, മുണ്ടാന്നൂർ
വൈ. പ്രസിഡന്റ് : ടീന ചേറാടിക്കൽ, ആനറ
സെക്രട്ടറി : എമിൽ ആലയ്ക്കൽ, ഭീമനടി
ജോ. സെക്രട്ടറി : ബ്രജീത്ത വട്ടപ്പാറയ്ക്കൽ, തേർമല
ഓർഗനൈസർമാർ: എഡ്വിൻ ചൂരക്കുന്നേൽ, പരപ്പ
: അരുണിമ പല്ലാട്ട്, അരിവിളഞ്ഞപൊയിൽ

ജൂണിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തി ലേക്ക് ഹൃദ്യമായ സ്വാഗതം.

## അൽഫോൻസാ ക്വിസ്

അൽഫോൻസാ ക്വിസ് അതിരൂപതാമത്സരം ഓഗസ്റ്റ് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയ ത്തിൽവച്ച് നടത്തുന്നതായിരിക്കും. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടി കൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ ഓഡിയോ-വീഡിയോ രീതി യിലുള്ള ചോദ്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും അംഗത്വകാർഡ് നിർബന്ധമാണ്. മത്സരനിബന്ധനകൾ മാർഗ്ഗരേഖ പേജ് 48 കാണുക.

## മദർ: കരുണയുടെ നിറം - ചിത്രരചനാ ക്യാമ്പ്

ചെറുപുഷ്പമിഷൻലീഗിന്റെയും ആർട്ടിസ്റ്റ് ഫോറത്തിന്റെയും നേതൃ ത്വത്തിൽ 28.08.18 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 2 മണിവരെ തളിപ്പറമ്പ്

സെന്റ്മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവെച്ച് ചിത്രരചന ക്യാമ്പ് നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽനിന്ന് 3 കുട്ടികളെ പങ്കെടുപ്പിക്കുവാൻ വൈസ് ഡയറക്ടേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 16-ാം തീയതിയോടെ അവരുടെ അഡ്രസ്സും ഫോൺനമ്പറും അതിരൂപതയിലേയ്ക്ക് അയയ്ക്കുമല്ലോ.

## വിയാനിഡേ

ആഗസ്റ്റ് 4-ാം തീയതി വി. ജോൺമരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാരെയും ശാഖ-മേഖല രൂപത ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളായ കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാതലത്തിൽ വിയാനിഡേ ആഘോഷ പരിപാടികൾ സംഘടിപ്പിക്കണേ.

## അതിരൂപതാ സാഹിത്യമത്സരം

അതിരൂപതാതല സാഹിത്യമത്സരം ആഗസ്റ്റ് 22-ാം തീയതി രാവിലെ 10 മണിമുതൽ താഴെപറയുന്ന സെന്ററുകളിൽവച്ച് നടത്തുന്നതാണ്.

**കാഞ്ഞങ്ങാട് റീജിയൺ-** സെന്റർ-വെള്ളിരിക്കുണ്ട് (കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം, മേഖലകൾ).

**ഇരിട്ടി റീജിയൺ-**സെന്റർ-കുന്നോത്ത് (കുന്നോത്ത്, നെല്ലിക്കാംപോയിൽ, പേരാവൂർ, എടൂർ മേഖലകൾ).

**ചെമ്പേരി റീജിയൺ-** സെന്റർ-ചെമ്പേരി (ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പൈസക്കരി മേഖലകൾ).

**ആലക്കോട് റീജിയൺ-**സെന്റർ-ആലക്കോട് (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ മേഖലകൾ).

## ബഹു. ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

* മാർഗരേഖ പേജ് നമ്പർ 14-ൽ എയ്ഞ്ചൽ ഫെസ്റ്റ് എന്ന പേരിൽ കൊടുത്തിരിക്കുന്നത് തിരുബാലസഖ്യം അതിരൂപതാ കലോത്സവം ആണ്.
* യുവപ്രതിഭാപുരസ്ക്കാരത്തിനുള്ള അപേക്ഷ മേഖലയിൽ എത്തിക്കേണ്ട അവസാനദിവസം ജനുവരി 30 ഉം, അതിരൂപതയിൽ എത്തിക്കേണ്ടദിവസം ഫെബ്രുവരി 25 നും ആണ് എന്നുള്ളകാര്യം പ്രത്യേകം ഓർമ്മിക്കുമല്ലോ.
* മാർഗരേഖ പേജ് 46-ൽ ഒരു അംഗത്തിന് വ്യക്തിഗത ഇനങ്ങളിൽ രണ്ടും രചനാമത്സരങ്ങളിൽ രണ്ടും ഇനങ്ങളിൽ മത്സരിക്കാം എന്ന് കൊടുത്തിട്ടുണ്ട്. എന്നാൽ 100 അംഗങ്ങളിൽ താഴെയുള്ള ഇടവകകൾ മേഖലാതലത്തിൽ മത്സരത്തിൽ പങ്കെടുക്കുമ്പോൾ അത്തരം ഇടവകകളിലെ ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനങ്ങളിലും ഒരു ഗ്രൂപ്പ് മത്സരത്തിലും പങ്കെടുക്കാവുന്നതാണ്.
* സാഹിത്യമത്സരത്തിൽ മേഖലയിൽ ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർക്ക് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ കലാമത്സ

രത്തിൽ മേഖലാതലത്തിൽ ഒന്നാംസ്ഥാനം കിട്ടുന്ന കുട്ടികൾക്ക് മാത്രമേ അതിരൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ.

* ഏതെങ്കിലും ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ, പുഞ്ചിരി ശാഖാ ശാക്തീകരണ സെമിനാർ എന്നിവ ആവശ്യമുള്ളവർ അതിരൂപതാ ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ശാഖാസന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം ശാഖാസന്ദർശന ങ്ങ ൾ നടത്തുന്ന മേഖലകൾ ചുവടെ ചേർക്കുന്നു. അന്നേദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

2-ാം തീയതി ഞായറാഴ്ച പേരാവൂർ മേഖല
9-ാം തീയതി ഞായറാഴ്ച എടൂർ മേഖല
16-ാം തീയതി ഞായറാഴ്ച കുന്നോത്ത് മേഖല
23-ാം തീയതി ഞായറാഴ്ച നെല്ലിക്കാംപോയിൽ മേഖല
30-ാം തീയതി ഞായറാഴ്ച പൈസക്കരി മേഖല

## മിഷൻ ഞായർ കലണ്ടർ

ഈ വർഷത്തെ മിഷൻ കലണ്ടർ കഴിഞ്ഞവർഷം തന്ന എണ്ണമനുസരിച്ച് നൽകുന്നതായിരിക്കും. എണ്ണത്തിൽ വ്യത്യാസം വരുത്തേണ്ടവർ കൃത്യമായ എണ്ണം 15-ാം തീയതിയ്ക്കുള്ളിൽ ഓഫീസിൽ അറിയിക്കുമല്ലോ.

## ഡോക്ടേഴ്സ് ഡേ

01/07/18ന് ഞായറാഴ്ച ഉച്ചയ്ക്കുശേഷം 5 മണിക്ക് തൊക്കിലങ്ങാടി ഹോസ്പിറ്റലിൽ വെച്ച് ഡോക്ടേഴ്സ് ഡേ ആഘോഷിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് മതബോധനഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡോ. സി. വിനീത ടോം മിനെ പൊന്നാടയണിയിച്ച് ആദരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ വൈസ് ഡയറക്ടർ സി. റോഷ്നി എഫ്സിസി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജനറൽ ഓർഗനൈസർ ശ്രീ ജയ്സൺ മർക്കോസ് സ്വാഗതവും സെക്രട്ടറി സുനിൽ കല്ലിടുക്കിൽ നന്ദിയും പറഞ്ഞു.

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പമിഷൻലീഗ് ചെറുപുഴ മേഖല വൈസ്ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. ജിൻസി ജോർജ് CSM, മേരിഗിരി മേഖലാ വൈസ്ഡയറക്ടർ സി. അലീന MSMI, തളിപ്പറമ്പ് മേഖലാ വൈസ്ഡയറക്ടർ സി. റോസ്മാർഗരറ്റ് DM, തോമാപുരം മേഖലാ വൈസ്ഡയറക്ടർ സി. ക്ലെറിൻ SABS എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്കു ഹൃദ്യമായ സ്വാഗതം.

## ഹൃദയം നിറഞ്ഞ നന്ദി

ചെമ്പേരി റീജിയണൽ ഓർഗനൈസർ എന്ന നിലയിൽ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം അധ്യാപനജോലിക്കായി ഗുജറാത്തിലേക്കു യാത്ര തിരിച്ചിരിക്കുന്ന ജെറിൻ ചേമ്പാലക്കുന്നേൽ സാറിന് ഹൃദയംനിറഞ്ഞ

നന്ദി. അതോടൊപ്പം പുതുതായി ചെമ്പേരി റീജിയൻ ഓർഗനൈസർ ആയി തിരഞ്ഞെടുക്കപ്പെട്ട ജോയൽ കൈച്ചിറമറ്റത്തിൽ സാറിന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## ധ്യാനങ്ങൾ-സെമിനാറുകൾ

* ജൂലൈ 3 ചൊവ്വാഴ്ച കരിക്കോട്ടക്കരി ശാഖയിൽ അതിരൂപതാതല സെന്റ് തോമസ് ഡേ ആഘോഷിച്ചു.
* ജൂലൈ 8 ഞായറാഴ്ച വിമലശ്ശേരി ശാഖയിൽ അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.
* ജൂലൈ 15 ഞായറാഴ്ച പേരാവൂർ ശാഖയിൽ അതിരൂപതാതല അംഗത്വസ്വീകരണം അതിരൂപതാ ഡയറക്ടർ നടത്തി.
* ജൂലൈ 1-ാം തീയതി ഞായറാഴ്ച അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി വെമ്പുവ, വിളമന ശാഖകളിൽ ഏകദിനസെമിനാർ നടത്തി.

## നന്ദി

* ജൂൺ 15,16,17 തീയതികളിൽ ചെമ്പന്തൊട്ടിയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തിയ ഫാ. ജിതിൻ വയലുങ്കൽ അച്ചനും, ബ്ര. ജോയ്സിനും ടീം അംഗങ്ങൾക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ നന്ദി.
* ജൂലൈ 15,16 തീയതികളിൽ വെള്ളരിയാനംശാഖയിൽ ക്രിസ്റ്റിൻ ധ്യാനാം നടന്നു. അതിനു നേതൃത്വം നൽകിയ സി. മരിയറ്റ് കൊച്ചുപറമ്പിൽ MSMI യ്ക്കും ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## ഏയ്ഞ്ചൽസ് മീറ്റ്

14.07.18 ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് മേഖലയിൽ എയ്ഞ്ചൽസ് മീറ്റ് നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഏയ്ഞ്ചൽസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. ഫൊറോനവികാരി ഫാ. അബ്രാഹം പോണാട്ട്, മേഖലാഡയറക്ടർ ഫാ. റോസ് മാർഗരറ്റ് ഡിഎം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സി. സ്റ്റെല്ല MSMI, സി. ജോണറ്റ് MSMI എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## The Leader

മധ്യവേനൽ അവധിക്കാലത്ത് കുട്ടികൾക്കുവേണ്ടി വിജയകരമായി നടപ്പിലാക്കിയ ദി ലീഡർ പ്രോഗ്രാമിന്റെ (നേതൃത്വ പരിശീലന ശില്പശാല) മൂന്നാം ബാച്ചിന്റെ പരിശീലനം ഓഗസ്റ്റ് 29 ബുധനാഴ്ച വൈകുന്നേരം 4.00 മണിമുതൽ സെപ്തംബർ 1 ശനിയാഴ്ച രാവിലെ 10.00 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ചെറുപുഷ്പ മിഷൻലീഗും സാൻജോസ് അക്കാഡമിയും സംയുക്തമായി സഹകരിച്ചാണ് ഈ ഓണാവിധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നത്. 80 കുട്ടികൾക്ക് അവസരം ലഭിക്കുന്നതായിരിക്കും. ഈ ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ നേരത്തെ

തന്നെ സാൻജോസ് അക്കാദമി ഓഫീസിലോ ചെറുപുഷ്പ മിഷൻലീഗ് ഓഫീസിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്യാമ്പ് ഫീസ് 1200 രൂപയായിരിക്കും. ജൂലൈ 31 നകം ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് 200 രൂപ ഇളവ് നൽകുന്നതാണ്.

## കുഞ്ഞേട്ടൻ : പ്രസംഗ-പ്രഛന്നവേഷ മത്സരം

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 9-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 11-ാം തീയതിയോ തുടർന്നുവരുന്ന ഞായറാഴ്ചയോ നടത്തുമല്ലോ. അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ പ്രസംഗ-പ്രഛന്നവേഷ മത്സരം നടത്തപ്പെടുന്നു. ശാഖകളിൽ മത്സരംനടത്തി ഒന്നരമിനിറ്റ് ദൈർഘ്യമുള്ള വീഡിയോ 9496900845 എന്ന വാട്സപ്പ് നമ്പറിലേയ്ക്ക് 25-ാം തീയതിയ്ക്കു മുമ്പ് അയയ്ക്കുമല്ലോ.

### നിബന്ധനകൾ

1. 5-ാം ക്ലാസ്സ്മുതൽ എട്ടാംക്ലാസ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ഒരു ശാഖയിൽനിന്ന് ഫസ്റ്റ് മാത്രമേ രൂപതയിലേയ്ക്ക് അയയ്ക്കാവൂ.
3. വേഷവിധാനങ്ങൾ, പ്രസംഗ അവതരണം, പ്രസംഗത്തിന്റെ ഉള്ളടക്കം ഇവ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.

## പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം-നിബന്ധനകൾ

1) അഞ്ചാംക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. 2) മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം. 3) പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ് നിർബന്ധമാണ്. 4) പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്. 5) ബൈബിൾ അധിഷ്ഠിതമായ ഗാനങ്ങൾ ആയിരിക്കണം. 6) സി.ഡി.യിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക. 7) 3 മിനിട്ടുമുതൽ 5 മിനുട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. 8) ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്. ഒന്നാംസ്ഥാനം-3000 രൂപയും ട്രോഫിയും, രണ്ടാംസ്ഥാനം 2500 രൂപയും ട്രോഫിയും, മൂന്നാം സ്ഥാനം-2000 രൂപയും ട്രോഫിയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

## ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

1) 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാം.
2) സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം. 3) സഭ, മിഷൻലീഗ് സംഘടന എന്നിവയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം. 4) 4 മിനു

ട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. 5) മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്ക് വേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം. 6) ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.

ഒന്നാം സ്ഥാനം : 3000 രൂപയും ട്രോഫിയും

: 2500 രൂപയും ട്രോഫിയും

: 2000 രൂപയും ട്രോഫിയും

പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

## കാരുണ്യഹസ്തം

മഴക്കെടുതികളാലും മഴക്കാല രോഗങ്ങളാലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നമ്മുടെ കുടുംബാംഗങ്ങൾക്കുവേണ്ടി കുഞ്ഞുമിഷനറിമാർ താഴെ പറയുന്ന മൂന്നുകാര്യങ്ങൾ ചെയ്യുമല്ലോ.

1 പ്രാർത്ഥന : ശാഖാതലത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങൾക്കായി 10 മിനുട്ട് പ്രാർത്ഥനാ ശുശ്രൂഷ നടത്തുക.

2. സാമ്പത്തിക സഹായം : ശാഖാതലത്തിൽ സാധനങ്ങളോ സാമ്പത്തിക സഹായമോ ശേഖരിച്ച് ബുദ്ധിമുട്ടനുഭവിക്കുന്ന ഇടവകാംഗങ്ങളായ ഒന്നോ രണ്ടോ കുടുംബങ്ങൾക്ക് നൽകുക.

3. പ്രതിരോധ മരുന്ന് : ഡോക്ടർമാരോട് കൺസൾട്ട് ചെയ്ത് മഴക്കാല രോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധ മരുന്നുകൾ ഇടവകാതലത്തിൽ വിതരണം ചെയ്യുക.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ

1. റോഡ് സുരക്ഷയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് നൽക്കുക.
2. റോഡ് സുരക്ഷയെക്കുറിച്ചുള്ള പത്ത് കൽപ്പനകൾ അടങ്ങുന്ന ബോധവൽക്കരണ കാർഡ് കുട്ടികൾക്കായി പ്രിന്റ് ചെയ്ത് വിതരണം ചെയ്യുക. ഈ കാർഡ് ചെറുപുഷ്പമിഷൻലീഗിന്റെ വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ആദരാഞ്ജലികൾ

ചെമ്പേരി മേഖല സെക്രട്ടറി ശ്രീ ബേബി കുന്നേലിന്റെ പിതാവ് വർക്കി കുന്നേലിന്റെ വേർപാടിൽ പ്രാർത്ഥനാപൂർവ്വകമായ അനുശോചനവും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും ഒരിക്കൽക്കൂടി നമ്മുടെ മുമ്പിലെത്തി നിൽക്കുന്നു. പരിശുദ്ധ അമ്മയോട് ചേർന്ന് നിന്നുകൊണ്ട് കാരുണ്യത്തിന്റെ; സ്നേഹത്തിന്റെ പാതയിലൂടെ നമ്മുടെ മാതൃരാജ്യത്തിന്റെ സമഗ്ര വളർച്ചയ്ക്കുവേണ്ടി നമുക്ക് പരിശ്രമിക്കാം. സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാപൂർവ്വകമായ മംഗളങ്ങളും ആശംസകളും.

## വിയാനി ഡേ

ആഗസ്റ്റ് 4-ാംതീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. വികാരിയച്ചനും ആശംസകൾപ്പിക്കുവാനും ബന്ധുമിത്രാദികൾ, അയൽക്കാർ, സുഹൃത്തുക്കൾ, മുൻ ഇടവകാ വികാരിയച്ചന്മാർ എന്നിവർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## നിറംകൊടുക്കാൻ... നിങ്ങൾക്കറിയാമോ...?

ജൂലൈമാസത്തെ മത്സരത്തിൽ വിവിധശാകകളിൽ നിന്നായി 76 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും അഭിനന്ദനങ്ങൾ...

**നിറംകൊടുക്കാമോ ജൂലൈമാസത്തെ വിജയികൾ**

I ആൽഫ്രെഡ് സെബാസ്റ്റ്യൻ - ഓടംതോട്
II ക്രിസ്റ്റ കാഞ്ഞിരത്തിങ്കൽ - തോമാപുരം
III ആൻലിയ മുത്തോലിൽ - പടന്നക്കാട്

**നിങ്ങൾക്കറിയാമോ വിജയികൾ**

I ബെനിറ്റ് സുബിൻ - കുട്ടാപറമ്പ്
II ആൻജോൺസ് ആലയ്ക്കൽ - ചെമ്പന്തൊട്ടി
III ക്രിസ്റ്റി അറയ്ക്കൽ - വെള്ളാട്

## പ്രത്യേകം ശ്രദ്ധിക്കാൻ

- ❖ ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 കുട്ടികളുടെ പേപ്പർമാത്രം അതിരൂപതയിൽ നൽകിയാൽ മതി.
- ❖ ഓരോ മാസവും 15-ാം തിയതിക്കു മുമ്പ് കുട്ടികളുടെ കലാസൃഷ്ടികൾ ഓഫീസിൽ എത്തത്തക്കവിധം അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.
- ❖ കുട്ടികളുടെ പേപ്പറിനു മുകളിൽ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

❖ നിങ്ങൾക്കറിയാമോ? എന്ന മത്സരത്തിന്റെ ചിത്രങ്ങൾക്കിടയിൽ അനുയോജ്യമായ അടിക്കുറിപ്പുകൾ ഓരോ ചിത്രത്തിനടിയിലും എഴുതേണ്ടതാണ്. അത് കുട്ടികളുടെ ഭാവനയ്ക്കനുസരിച്ച് എങ്ങനെയും എഴുതാം. ഉദാഹരണം തിരുബാലസഖ്യം വർക്ക് ബുക്ക് പേജ് 42 കാണുക.

## ഈശോയെപ്പോലെ സംശയം നീക്കാം ...

ഈമാസം നമ്മൾ ഈശോയെപ്പോലെ സംശയംനീക്കാം എന്ന രണ്ടാം അധ്യായം പഠിക്കാം. ഈ അധ്യായം പഠിച്ചുകഴിയുമ്പോൾ നമുക്കും ഈശോയെപ്പോലെ സംശയങ്ങൾ നീക്കാം. ഈശോ തന്നെ സമീപിക്കുന്നവരുടെയെല്ലാം സംശയങ്ങൾ നീക്കി അവരെ സ്നേഹത്തോടെ തന്നോടൊപ്പം നിർത്തിയിരുന്നു. പരസ്പരം സംശയം നീക്കുന്നതിലൂടെ സ്നേഹത്തിലും, കാരുണ്യത്തിലും വളർന്നുവരുവാൻ പരിശ്രമിക്കാം.

## നിറംകൊടുക്കാമോ...?

പ്രിയകൂട്ടുകാരേ, ഈശോയെപ്പോലെ സംശയംനീക്കാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമാക്കി കളർചെയ്ത് ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ.

## നിങ്ങൾക്കറിയാമോ?

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന പുസ്തകത്തിലെ രണ്ടാം അധ്യായത്തിൽകൊടുത്തിരിക്കുന്ന ഉപമയ്ക്ക് അനുയോജ്യമായ അടിക്കുറിപ്പ് തയ്യാറാക്കി അതിരൂപതാ ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ.

## വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം കലോത്സവ മത്സരയിനത്തിൽ ഈ വർഷം സ്കിറ്റും ഉണ്ടായിരിക്കുന്നതാണ്. തിരുബാലസഖ്യ പ്രവർത്തനമാർഗ്ഗരേഖയിൽ സ്കിറ്റ് ഉൾപ്പെടുത്താൻ വിട്ടുപോയതാണ്. സ്കിറ്റിന്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

**സ്കിറ്റ് :** ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന കാലികപ്രസക്തിയുള്ള ഒരു വിഷയം അവതരിപ്പിക്കാം. പരമാവധി 10 പേർക്ക് പങ്കെടുക്കാം. പശ്ചാത്തല സംഗീതം, രംഗസജ്ജീകരണം എന്നിവ പാടില്ല. സ്റ്റേജിൽ പൊതുവായി ബെഞ്ച്, കസേര മുതലായവ ഉപയോഗിക്കാവുന്നതാണ്. കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആവാം. അഭിനയമികവ് പരിഗണിക്കപ്പെടും. മികച്ച അഭിനയം കാഴ്ചവെയക്കുന്ന ആൺകുട്ടിക്കും പെൺകുട്ടിക്കും പ്രത്യേകം സമ്മാനം ഉണ്ടായിരിക്കും. സമയം 15 മിനിറ്റ്.

**തിരുബാലസഖ്യം ജൂബിലി വർഷം :** നമ്മുടെ അതിരൂപതയിൽ തിരുബാലസഖ്യപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 25 വർഷങ്ങൾ പൂർത്തിയാവുകയാണ്. മേഖലാ-ശാഖാ തലത്തിൽ ജൂബിലി സമുചിതമായി ആഘോഷിക്കാൻ ആവശ്യമായ ആശയങ്ങൾ കത്തിലൂടെ അറിയിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

### പ്രീസ്റ്റ് ഹോം സന്ദർശനം

ആഗസ്റ്റ് 12 -ാം തിയതി അതിരൂപതയുടെ നേതൃത്വത്തിൽ കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിക്കുന്നതാണ്. തുടർന്ന് സിന്ഡിക്കേറ്റും ഉണ്ടായിരിക്കും.

### സ്വാതന്ത്ര്യദിനാഘോഷം സംസ്ഥാനതലം

ആഗസ്റ്റ് 15 ന് കണ്ണൂർ രൂപതയുടെ ആതിഥേയത്വത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തപ്പെടുന്നു.

### പ്രചോദിനി- സംസ്ഥാന വനിതാ ക്യാമ്പ്

ആഗസ്റ്റ് 22,23,24 തിയതികളിലായി സംസ്ഥാന വനിതാ ക്യാമ്പ് നടത്തപ്പെടുന്നു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### പ്രോലൈഫ് എക്സിബിഷൻ

ജൂലൈ 22-ാം തിയതി ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്താനിരുന്ന പ്രോലൈഫ് എക്സിബിഷൻ ഓഗസ്റ്റ് 5 -ാം തീയതിയായിരിക്കും നടത്തപ്പെടുക.

### ARMY ഫൊറോന / റീജിയൺ യൂത്ത് കൺവെൻഷൻ

ഫൊറോന യൂത്ത് കൺവെൻഷൻ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഞായറാഴ്ചകളിൽ നടത്തുവാൻ എല്ലാ ഫൊറോന ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ. തിയതി നേരത്തെതന്നെ അതിരൂപതയിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 'ആർമി' നടത്താവുന്ന തീയതികൾ

| തീയതി | ഫൊറോന |
|---|---|
| സെപ്റ്റം.9 | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ,, 16 | നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ,പേരാവൂർ |
| ,, 23 | വായാട്ടുപറമ്പ്, ആലക്കോട്, തളിപ്പറമ്പ് |
| ,, 30 | മേരിഗിരി, ചെറുപുഴ, തോമാപുരം |
| ഓക്ടോ.7 | വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി |
| ,, 14 | - |
| ,, 21 | - |
| ,, 28 | - |

ഈ തീയതികളിൽ അസൗകര്യമുള്ളവർ നേരത്തെതന്നെ അറിയിക്കുക.

* റിസോഴ്സ് ടീമിനെ അതിരൂപതയിൽനിന്ന് ലഭ്യമാക്കുന്നതായിരിക്കും.
* ഭൗതീക ക്രമീകരണങ്ങൾ ഫൊറോനകൾ ചേർന്ന് ചെയ്യേണ്ടതാണ്.
* രാവിലെ 8.30 മുതൽ 5 മണിവരെയാണ് പ്രോഗ്രാം.
* +1, +2 കുട്ടികളും 35 വയസ്സ് വരെ പ്രായമുള്ള എല്ലാ യുവജനങ്ങളും നിർബന്ധമായും പങ്കെടുക്കണം.

## ഫൊറോന യൂത്ത് അസംബ്ലി പേരാവൂർ

ജൂൺ 22 ന് പേരാവൂർ ഫൊറോന യൂത്ത് അസംബ്ലി ചെങ്ങോം യൂണിറ്റിൽവച്ച് ഫൊറോന പ്രസിഡന്റ് ശ്രീ. ജിബിറ്റിന്റെ അദ്ധ്യക്ഷതയിൽ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ വിഷയാവതരണം നടത്തി. പേരാവൂർ ഫൊറോന വികാരി റവ. ഫാ തോമസ് കൊച്ചുകരോട്ട്, ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട് എന്നിവർ ആശംസകളർപ്പിച്ചു. 150 പേർ പങ്കെടുത്ത അസംബ്ലിയിൽ എല്ലാ യൂണിറ്റിന്റെയും സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കെ സി വൈ എം ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.തോമസ് മുറിന്റെ ദിനാചരണം പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. അതിനോടനുബന്ധിച്ച് എല്ലാവരും തിരിതെളിച്ച് പ്രതിജ്ഞ ഏറ്റു ചൊല്ലി. തുടർന്ന് പ്ലാസ്റ്റിക് ഫ്രീ പേരാവൂരിന്റെ ലോഗോ മാർ ജോസഫ് പാംപ്ലാനി പ്രകാശനം ചെയ്തു. പേരാവൂർ ഫൊറോന അസംബ്ലി ഏറ്റവും ഭംഗിയാക്കുവാൻ പ്രവർത്തിച്ച ഫൊറോന വികാരി റവ.ഫാ.തോമസ് കൊച്ചുകരോട്ട്, ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട്, ഫൊറോന പ്രസിഡന്റ് ശ്രീ.ജിബിറ്റ്, ആനിമേറ്റർ സി. നോയൽ എന്നിവർക്കും എല്ലാ ഫൊറോന യൂണിറ്റ് ഭാരവാഹികൾക്കും, വിവിധ യൂണിറ്റുകളിലെ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും, പങ്കെടുത്ത എല്ലാ യുവജന നേതൃത്വങ്ങൾക്കും നന്ദി അറിയിക്കുന്നു.

## സത്യമറിയാൻ

കെ സി വൈ എം, ഗുഡ്നസ് ചാനലും ചേർന്നു നടത്തുന്ന സത്യമറിയാൻ സംവാദ പരമ്പരയുടെ 100-ാം എപ്പിസോഡ് അങ്ങാടിക്കടവ് ഡോൺബോസ്ക്കോ കോളജിൽ വച്ച് ജൂൺ 25 ന് നടത്തപ്പെട്ടു. ജൂൺ 26 ന് ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ വച്ചും നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി.

## ഫൊറോന യൂത്ത് അസംബ്ലി കുന്നോത്ത്, എടൂർ

കുന്നോത്ത്, എടൂർ ഫൊറോനകൾ സംയുക്തമായി നടത്തിയ ഫൊറോന യൂത്ത് അസംബ്ലി ജൂൺ 30 ന് കുന്നോത്ത് വച്ച് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കുന്നോത്ത് ഫൊറോന ഡയറക്ടർ ഫാ. ജോബി ചെരുവിൽ സ്വാഗതവും അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ വിഷയാവതരണവും നടത്തി. ഫൊറോന വികാരി ഫാ. ജോസഫ് ചാത്തനാട്ട്, എടൂർ ഫൊറോന ഡയറക്ടർ ഫാ. ടോമി നടുവിലെക്കുറ്റ്, കുന്നോത്ത് ഹയർസെക്കന്ററി പ്രിൻസിപ്പാൾ ശ്രീ. തോമസ് എപ്രേം എന്നിവർ ആശംസകളർപ്പിച്ചു. രണ്ട് ഫൊറോനകളിൽ നിന്നുമായി 150 പങ്കെടുത്തു. എല്ലാ യൂണിറ്റും

തങ്ങളുടെ ഒരു വർഷത്തെ റിപ്പോർട്ടും കർമ്മ പദ്ധതിയും അവതരിപ്പിച്ചു. ഫൊറോന യൂത്ത് അസംബ്ലിക്കുവേണ്ടി പ്രവർത്തിച്ച ഫൊറോന വികാരി ജോസഫ് ചാത്തനാട്ടച്ചനും കുന്നോത്ത് ഫൊറോന ഡയറക്ടർ ജോബിയച്ചനും, പ്രസിഡന്റ് പ്രിൻസിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾക്കും, എടൂർ ഫൊറോന ഡയറക്ടർ ടോമിയച്ചനും, പ്രസിഡന്റ് ലിബിൻ ബേബിക്കും ഭാരവാഹികൾക്കും, ആനിമേറ്റർ സിസ്റ്റർ ആൻസിലിനും, വിവിധ യൂണിറ്റിൽ നിന്നുവന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സിനും പങ്കെടുത്ത എല്ലാ യുവജന നേതാക്കന്മാർക്കും തോമസ് സാറിനും നന്ദി അറിയിക്കുന്നു.

## സഭാദിനം

ദുക്റാന തിരുനാളിൽ കാക്കനാട് മൗണ്ട് തോമസിൽവച്ചു നടന്ന സഭാദിനത്തിൽ അതിരൂപതാ ഡയറ്കടർ ഫാ. സോണി വടശ്ശേരിൽ, പ്രസിഡണ്ട് ശ്രീ. ജിതിൻ മുടപ്പാല, സെക്രട്ടറി ശ്രീ. ജറാൽഡ്, വൈസ് പ്രസിഡന്റ് കുമാരി അലിഡ, ജോ. സെക്രട്ടറി കുമാരി. ലിജി എന്നിവർ പങ്കെടുത്തു.

## ഫൊറോന യൂത്ത് അസംബ്ലി വായാട്ടുപറമ്പ്

ജൂലൈ 7 ന് ഫൊറോന പ്രസിഡന്റ് ശ്രീ. ജിതിന്റെ അദ്ധ്യക്ഷതയിൽ വായാട്ടുപറമ്പിൽ വച്ച് നടന്ന ഫൊറോന യൂത്ത് അസംബ്ലി മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. സോജൻ ഇളംപുരയിടത്തിൽ സ്വാഗതവും, അതിരൂപതാ ഡയറക്ടർ ഫാ സോണി വടശ്ശേരിൽ വിഷയാവതരണവും നടത്തി. 58 പേർ പങ്കെടുത്ത അസംബ്ലിയിൽ ഓരോ യൂണിറ്റും തങ്ങളുടെ റിപ്പോർട്ടുകളും കർമ്മപദ്ധതിയും അവതരിപ്പിച്ചു. കർമ്മപദ്ധതി പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു. യൂത്ത് അസംബ്ലി ഏറ്റവും ഭംഗിയാക്കിമാറ്റാൻ പ്രവർത്തിച്ച, സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന ഫൊറോന വികാരി കുര്യാക്കോസ് കളരിക്കലച്ചനും, ഫൊറോന ഡയറക്ടർ സോജനച്ചനും, ഫൊറോന പ്രസിഡന്റ് ശ്രീ. ജിതിനും ടിം അംഗങ്ങൾക്കും, ആനിമേറ്റർ സി. പ്രിൻസിക്കും, അതിരൂപതാ സെക്രട്ടറി ശ്രീ. ജറാൾഡിനും, യൂണിറ്റ് ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും എല്ലാ യുവജന സുഹൃത്തുക്കൾക്കും നന്ദി അറിയിക്കുന്നു.

## ഫൊറോന യൂത്ത് അസംബ്ലി മേരിഗിരി

മേരിഗിരി ഫൊറോന യുത്ത് അസംബ്ലി ജൂലൈ 7-ാം തിയതി ഫൊറോന പ്രസിഡന്റ് ശ്രീ. ജിതിന്റെ അദ്ധ്യക്ഷതയിൽ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ സ്വാഗതം ആശംസിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആമുഖ പ്രഭാഷണം നടത്തി. ഫൊറോന വികാരി ഫാ. മാത്യു മണിമലതറപ്പേൽ അനുഗ്രഹ പ്രഭാഷണം നടത്തി. 125 പേർ പങ്കെടുത്ത അസംബ്ലിയിൽ എല്ലാ യൂണിറ്റും റിപ്പോർട്ടുകൾ വായിച്ച് കർമ്മപദ്ധതി അവതരിപ്പിച്ചു. കർമ്മപദ്ധതി മാർ ജോസഫ് പാംപ്ലാനി പ്രകാശനം ചെയ്തു. മുൻ ഫൊറോന ഭാരവാഹികൾക്ക് മെമൻന്റോ നൽകി ആദരിച്ചു. തുടർന്ന് ഫലസമൃദ്ധി ഉദ്ഘാടനത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റിന്റെയും ആനിമേറ്റേഴ്സിന് ഫലവൃക്ഷതൈ നൽകി ഉദ്ഘാടനം ചെയ്തു. മേരിഗിരി ഫൊറോന

അസംബ്ലി അതിമനോഹരമാക്കാൻ കഠിനാധ്വാനം ചെയ്ത ഫൊറോന ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫൊറോന വികാരി മാത്യു മണിമലതറപ്പേൽ, ഫൊറോന പ്രസിഡന്റ് ജിതിൻ & ടീം, ഫൊറോന ആനിമേറ്റർ സി. റ്റെയ്സി, യൂണിറ്റ് പ്രസിഡന്റ് ജിതിൻ & ടീം എന്നിവർക്കും പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, യുവജന നേതൃത്വങ്ങൾക്കും നന്ദി അറിയിക്കുന്നു.

## അതിരൂപതാ യുവജന ദിനാഘോഷം

പ്രശ്നസങ്കീർണ്ണമായ സമൂഹത്തിൽ സഭാമക്കൾ ഒന്നാണ് എന്ന് തെളിയിക്കുന്ന തരത്തിലുള്ള ഒരു യുവജന സംഗമമായിരുന്നു കെ സി വൈ എം എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ നെല്ലിക്കാം പൊയ്യിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ വച്ച് ജൂലൈ 15 ന് നടന്ന യുവജനദിനാഘോഷം. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ യുവജനദിനത്തിന് തുടക്കം കുറിച്ചു. അഡ്വ. സണ്ണി ജോസഫ് എം എൽ എ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയുടെ അദ്ധ്യക്ഷതയിൽചേർന്ന പൊതുസമ്മേളനത്തിൽ മോൺ. അലക്സ് താരാമംഗലം, സംസ്ഥാന ജന. സെക്രട്ടറി ശ്രീ. എബിൻ കണിവേലിൽ, നെല്ലിക്കാംപൊയ്യിൽ ഫൊറോന വികാരി റവ. ഫാ. ജോസഫ് ആനിത്താനം, അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ഉളിക്കൽ ദൈവാലയ വികാരി ഫാ. തോമസ് പയ്യമ്പിള്ളിൽ, ഫൊറോന ഡയറക്ടർ ഫാ. പ്രിൻസ് ആനാനിക്കൽ, അതിരൂപതാ ജന. സെക്രട്ടറി കിരൺ അർത്തശ്ശേരിൽ ഫൊറോന പ്രസിഡന്റ് ശ്രീ എബിൻ കുമ്പുക്കൽ, കുമാരി അലിഡ ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു. ഫാ. മനോജ് ഒറ്റപ്ലാക്കൽ & ടീം ക്ലാസുകൾ നയിച്ചു. വിവിധ ഫൊറോനകളിൽനിന്നും വന്ന 800 ഓളം യുവജനങ്ങൾ യുവജന റാലിയിൽ അണിനിരന്നു. യൂത്ത് നാസിക് ബാന്റ് റാലിക്ക് ആവേശം നൽകി. തുടർന്നു ചാൾസിന്റെ നേതൃത്വത്തിൽ നടന്ന മ്യൂസിക് ബാന്റിൽ മനോഹരമായി ഗാനം ആലപിച്ച സച്ചിനും, രഹനയ്ക്കും എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ച് വയലിൻ വായിച്ച മാർട്ടീന ചാൾസിനും നന്ദി അറിയിക്കുന്നു.നെല്ലിക്കാം പൊയ്യിൽ ഫൊറോനയ്ക്കും, ഉളിക്കൽ യൂണിറ്റിനും, ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനത്തിനും ഫൊറോന ഡയറക്ടർ ഫാ. പ്രിൻസ് ആനാനിക്കലിനും, ഫൊറോന പ്രസിഡന്റ് ശ്രീ എബിൻ കുമ്പുക്കലിനും മറ്റ് ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഡപ്യൂട്ടി പ്രസിഡണ്ട് ശ്രീ അഖിലിനും ,മേഖലാ ആനിമേറ്റേഴ്സ് സി. ടീന, ശ്രീ. റെജി കോലക്കുന്നേലിനും യൂണിറ്റ് ഭാരവാഹികൾ, വിവിധ ഫൊറോനകളിൽ നിന്നും വന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്കും നന്ദി അറിയിക്കുന്നു.

## മലബാർ യുവജന സംഗമം

1000 ലേറെ യുവജനങ്ങൾ പങ്കെടുത്ത മലബാർ യുവജന സംഗമം നിലമ്പൂരിൽ ആവേശമായി. സീറോമലബാർ, മലങ്കര, ലാറ്റിൻ മൂന്നു റീത്തുകൾ ഒന്നുചേർന്ന് മാനന്തവാടി, ബത്തേരി, താമരശ്ശേരി, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി തുടങ്ങിയ ആറു രൂപതകളിലുള്ളവർ അണിനിരന്ന മലബാർ

യുവജന സംഗമം തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവൽ മൈക്കിൾ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബസേലിയോസ് മാർ ക്ലിമ്മിസ് ബാവ, അഭി. ജോസഫ് മാർ തോമസ് പിതാവ്, അഭി. റെമിജിയോസ് ഇഞ്ചനാനി പിതാവ് എന്നീ പിതാക്കന്മാരുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ഉൾപ്പെടെ അനേകം വൈദീകരും സന്യസ്തരും പങ്കെടുത്തു. യോഗത്തിൽവച്ച് നഞ്ചൻകോട് റെയിൽപ്പാത മുണ്ടേരി മേപ്പാടി റോഡ്, എന്നീ മലബാറിന്റെ പൊതു പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പ്രമേയമായി സംസ്ഥാന സെനറ്റിനു മുമ്പാകെ എത്തിക്കുവാനും തീരുമാനമായി. തുടർന്ന് നിലമ്പൂർ ലിറ്റിൽഫ്ളവർ ദൈവാലയത്തിൽ നിന്നും ജോസ്ഗിരി ദേവാലയത്തിലേക്ക് നടന്ന വർണ്ണ ശബളമായ യുവജനറാലിയും മലബാറിന്റെ ഐക്യദാർഡ്യം പ്രക്യാപിക്കുന്നതായിരുന്നു. തലശ്ശേരി അതിരൂപതയിൽ നിന്നും ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ 60 യുവജനങ്ങൾ പങ്കെടുത്തു.

## "സ്നേഹത്തോണി"

കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരിതബാധിത പ്രദേശങ്ങളിൽ തലശ്ശേരി അതിരൂപതയിലെ കെ സി വൈ എം യുവജനങ്ങളും വിമൽ ജ്യോതി എൻജിനിയറിംഗ് കോളജിലെ എൻ എസ് എസ് വിദ്യാർത്ഥികളും സന്ദർശിച്ച് സഹായങ്ങൾ എത്തിച്ച് കൊടുത്തു.

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച ഭക്ഷണ സാധനങ്ങളും സാമ്പത്തിക സഹായങ്ങളും പത്തംഗസംഘം കുട്ടനാട്ടിലെ മുട്ടാർ പ്രദേശത്തെ ദുരിതബാധിതർക്ക് വിതരണം ചെയ്തു. രണ്ടു വാഹനങ്ങളിലായി സാധനങ്ങളുമായി പുറപ്പെട്ട സംഘം പ്രദേശത്തെ ഭവനങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം ഒരു ദിനം ചിലവഴിക്കുകയും ചെയ്തു. തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ അതിരൂപതാ പ്രസിഡന്റ് ജിതിൻ മുടപ്പാലയും അഖിൽ, ജോറാൾഡ്, അരുൾ, സനീഷ്, എബി, ഷെബി, വിമൽജ്യോതി കോളജിലെ നിഖിൽ നാരായണൻ, ഡോൺ എന്നിവരാണ് സഹായം എത്തിച്ചത്

## ഫൊറോന വാർത്തകൾ-ആലക്കോട്

കെ സി വൈ എം-എസ് എം വൈ എം ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ കിഡ്നി ഫെഡറേഷൻ ക്യാമ്പ് നടത്തപ്പെട്ടു. അതിനോടനുബന്ധിച്ച് രോഗനിർണ്ണയവും ബോധവൽക്കരണ ക്ലാസും ഫാ ഡേവിഡ് ചിറമ്മേലിന്റെ നേതൃത്വത്തിൽ നടന്നു. ക്യാമ്പിൽ 600 പങ്കെടുത്തു. ആലക്കോട് ഫൊറോന ഡയറക്ടർ ഫാ. ജോയി മടത്തിമ്യാലിൽ, പ്രസിഡന്റ് അരുളിന്റെ നേതൃത്വത്തിലുള്ള മേഖലാ ഭാരവാഹികൾ, ആനിമേറ്റേഴ്സ് സി. ജോസിലിൻ, ശ്രീ. സുനിൽ ചെന്നിക്കര തുടങ്ങിയവരൂടെ സജീവസാന്നിധ്യത്തിലാണ് ക്യാമ്പ് നടന്നത്.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

സ്വർഗ്ഗാരോപിതനായ മറിയം ലോകത്തിനൊരു അനുഗ്രഹമാണ്. പ്രപഞ്ചത്തിന് വിശുദ്ധീകരണമാണ്, ദുഃഖിതർക്ക് സമാശ്വാസമാണ്. പ്രാർത്ഥിക്കുന്ന എല്ലാവർക്കും അടിയന്തിര സഹായമാണ് (വി.ജോൺ ഡെമാഷിൻ) സ്ത്രീ ഒരമ്മയാകുമ്പോൾ കരുതലും സ്നേഹവും നിസ്വാർത്ഥ സമർപ്പണവും അവളിൽ തുടിക്കുന്നു. പരി.അമ്മയെപ്പോലെ ഓരോ അമ്മയുടെയും ഹൃദയത്തിൽ നന്മ പൂക്കട്ടെ. വേദന അനുഭവിക്കുന്നവരിലേക്ക് തിടുക്കത്തിൽ യാത്ര ചെയ്ത് അവരെ മനസ്സിലാക്കി ആശ്വാസം പകരുന്നു. നല്ല അമ്മ മനസ് രൂപപ്പെടുത്താൻ കഴിയട്ടെ എന്നാശംസിക്കുന്നു.

## I. 1) ദിയാക്കോണിയ പ്രോഗ്രാം - റോഡ് സുരക്ഷ

റോഡ് സുരക്ഷയെക്കുറിച്ച് കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ് നൽകുക, റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ച് ലീഫ്ലെറ്റുകൾ വീടുകളിലെത്തിക്കുക.

### 2) ദമ്പതീ ക്വിസ്

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കായി ഒരു ക്വിസ് പ്രോഗ്രാം ഒരുക്കുന്നുണ്ട്. ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ച് പഠിച്ചെഴുതാനായി നടത്തുന്ന ഈ ക്വിസ് പരിപാടിയിൽ താൽപര്യപൂർവ്വം പങ്കുകൊള്ളാൻ ദമ്പതികളായവരെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിച്ച് ആനിമേറ്റർമാരുടെ സഹായത്തോടെ ടീമിനെ പഠിപ്പിച്ചൊരുക്കുമല്ലോ. ഇതിലേക്കാവശ്യമായ പുസ്തകങ്ങൾ ഫാമിലി അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യമാക്കുന്നതാണ്. ഇടവകയിലെ ഒരു ടീമിനാണ് രൂപതയിൽ മത്സരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ പേർ മത്സരിക്കുവനുണ്ടെങ്കിൽ ഇടവകാതലത്തിൽ മത്സരങ്ങൾ നടത്തി വിജയികളായ ദമ്പതികളിൽ ഒരു ടീമിനെ രൂപതയിലേക്ക് പറഞ്ഞു വിടുമല്ലോ.

പഠനഭാഗം:വിശുദ്ധ ദമ്പതികൾ, സ്നേഹത്തിന്റെ ആനന്ദം:4,7 അദ്ധ്യായങ്ങൾ
മത്സരദിവസം : നവംബർ 10 ശനി
രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : ഒക്ടോബർ 31
രജിസ്ട്രേഷൻ ഫീസ് : 100 രൂപ
ഒന്നാം സമ്മാനം : 5001 രൂപ
രണ്ടാം സമ്മാനം : 3001 രൂപ
മൂന്നാം സമ്മാനം : 2001 രൂപ
നാലാം സമ്മാനം : 1500 രൂപ
അഞ്ചാം സമ്മാനം: 1000 രൂപ

### 3) സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം - സഖറിയാസ് കൺവെൻഷൻ ആഗസ്റ്റ് 29,30,31 തിയ്യതികളിൽ എടൂർ ദേവാലയത്തിൽ വച്ച് നടത്തുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

823, 824 എന്നീ എം.പി.സി കോഴ്സുകൾ ജൂൺ 26-28, ജൂലൈ 3-5 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 113 ആൺകുട്ടികളും 153 പെൺകുട്ടികളും ഉൾപ്പെടെ ആകെ 266 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കന്മാർക്കുള്ള ക്ലാസ്സ് ഫാമിലി അപ്പസ്റ്റൊലേറ്റ് ഡയറക്ടർ നയിച്ചു. 19 പേർക്ക് പ്രീ-മാരിറ്റൽ കൗൺസിലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. **മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.**

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. ആഗസ്റ്റ് മാസം മുതൽ എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. ഇനി മുതൽ Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.

- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്പ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചു തരിക. അതോടൊപ്പം രജിസ്ട്രേഷൻ നടത്തിയ നമ്പർ അയക്കുക.
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും.

കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

Family Apostolate
Contact Number:0490 2343414, Mob:9400206974
Account Details :
Name : Director Family Apostolate
A/c No : 0078053000073775
IFSC Code: SIBL0000078

## III. മാതൃവേദി

### 1) അടുക്കളത്തോട്ടം

ആഗസ്റ്റ് മാസത്തിൽ പ്രത്യേകമായി അടുക്കളത്തോട്ടം എന്ന പേരിൽ മാതൃവേദി അംഗങ്ങൾ ജൈവപച്ചക്കറിത്തോട്ട നിർമ്മാണം നടത്തുവാൻ ശ്രദ്ധിക്കുക. കുടുംബാരോഗ്യം സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

- എല്ലാ വീടുകളിലും പച്ചക്കറി കൃഷികൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- സ്വന്തമായി എല്ലാ കുടുംബങ്ങളും തങ്ങൾക്കാവശ്യമുള്ള പച്ചക്കറി വൃക്ഷങ്ങൾ വിളയിക്കുക.
- ബാർട്ടർ സമ്പ്രദായം, മാറ്റാൾ പണികൾ, വിത്ത്, വിള കൈമാറ്റം ചെയ്യൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഇടവകാ തലത്തിൽ പച്ചക്കറി ചന്തകൾ സംഘടിപ്പിക്കുക.

### 2) ഹരിതം 2018

മുൻ വർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന ജൈവ പച്ചക്കറി ത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധി ക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗ ങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവ വളങ്ങൾ ഉപയോഗിച്ചുകൊ ണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധ ഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണിയിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നടപ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്കണെ.ഏറ്റവും

കൂടുതൽ ഇനം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ നട്ടുവളർത്തി നല്ല അടുക്കളത്തോട്ടം ഉണ്ടാക്കുന്നവർക്ക് രൂപതാതലത്തിൽ പ്രത്യേക സമ്മാനം നൽകുന്നതാണ്.

**3) മാതൃവേദി ബൈബിൾ ക്വിസ് – ബിബ്ലിയ 2018**

2018 വർഷത്തെ മാതൃവേദി ബൈബിൾ ക്വിസ് മത്സരം തലശ്ശേരി സന്ദേശ ഭവനിൽ വച്ച് ഓഗസ്റ്റ് 28 ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ നടത്തപ്പെടുന്നു. മേഖലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും നേതൃത്വത്തിൽ അതാതു മേഖലകളിൽ ബൈബിൾ ക്വിസ് നടത്തി 1,2 സമ്മാനങ്ങൾ ലഭിച്ചവരുടെ പേരു വിവരം 2018 ഓഗസ്റ്റ് 20 ന് മുമ്പായി അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

വിഷയം : നിയമാവർത്തനം 1 –11
: പ്രഭാഷകൻ 1 – 10
: മത്തായി 10 – 18
: വെളിപാട് 10 –16

## 4) മാതൃവേദി ജനറൽബോഡി – സന്ദേശഭവൻ

മാതൃവേദി അതിരൂപതാ ജനറൽ ബോഡി യോഗം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. മാതൃവേദി രൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതം ആശംസിച്ച ചടങ്ങ് ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹപ്രഭാഷണം നടത്തി. പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപതയുടെ ഈ വർഷത്തെ പ്രത്യേക പദ്ധതിയായ ഫലസമൃദ്ധിയെക്കുറിച്ച് ഫാ.സോണി വടശ്ശേരി വിശദീകരണം നൽകി. ഫാ.ജോബി കോവാട്ട്, ശ്രീമതി സിസിലി ബേബി പുഷ്പക്കുന്നേൽ, ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത്, ശ്രീമതി ഡെയ്സി മച്ചിയാനിക്കൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് യോഗത്തിന്റെ സമാപനസമ്മേളനത്തിൽ വച്ച് തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഏവർക്കും അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് രൂപതാ ആനിമേറ്റർ സി.ജീസ് മാത്യു സി.എച്ച്. എഫ് ഏവർക്കും നന്ദിയർപ്പിച്ചതോടെ യോഗത്തിന് സമാപനമായി.

**ജനറൽബോഡി തീരുമാനങ്ങൾ :** രൂപതാ വിഹിതം ഗ്രേഡ് തിരിച്ച് യൂണിറ്റുകൾ നൽകാൻ തീരുമാനിച്ചു. ഇടവകകളുടെ ഗ്രേഡ് തിരിച്ചുള്ള ലിസ്റ്റ് ഗിരിദീപം 2014 ജൂൺ മാസത്തിൽ കൊടുത്തിട്ടുണ്ട്. അതിന്റെ കോപ്പി ഫാമിലി അപ്പൊസ്റ്റോലേറ്റ് വാട്ട്സ് ആപ്പിൽ നൽകിയിട്ടുണ്ട്.

**A ഗ്രേഡ് 1000, B ഗ്രേഡ് 700, C ഗ്രേഡ് 500, D ഗ്രേഡ് 400, E ഗ്രേഡ് 300**

- ബിബ്ലിയ യൂണിറ്റുകളിൽ നിന്ന് മേഖലാ തലത്തിൽ നടത്തി സമ്മാനർഹരായവരെ രൂപതയിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.
- യൂണിഫോം വെള്ളസാരി മാറ്റമില്ലാതെ തുടരാൻ തീരുമാനിച്ചു. ബ്ലൗസിന്റെയും ഷാളിന്റെയും കളർ ഏകോപിപ്പിച്ച് പൊതുവായി തയ്യാറാക്കി മേഖല വഴി എത്തിക്കാൻ തീരുമാനിച്ചു.
- അടുത്ത ജനറൽബോഡി 15.12.2018 ന് തളിപ്പറമ്പിൽ വച്ച് നടത്താൻ തീരുമാനിച്ചു.

- നവംബർ മാസത്തോടെ ഹരിതം സമ്മാനർഹരായവരെ തിരഞ്ഞെടുക്കണമെന്ന് തീരുമാനിച്ചു.
- ഏലീശ്വാ ധ്യാനം, നവോമി സംഗമം, സഖറിയാസ് കൺവെൻഷൻ, ജൂബിലി സംഗമം, സീനിയർ സിറ്റിസൺ, പ്രോലൈഫ് കുടുംബ സയാഹ്നം എന്നിവ റീജനൽ തലത്തിൽ നടത്താൻ തീരുമാനിച്ചു.
- സെപ്റ്റംബർ 8 മാതൃദിനമായി ആചരിക്കുവാനും യൂണിറ്റ് തലത്തിൽ മാതൃവേദി പതാകയുയർത്തി ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചു.
- രൂപതാ വിഹിതം അതിരൂപതാ മത്സരങ്ങൾക്ക് മുമ്പ് അടച്ചുതീർക്കാൻ തീരുമാനിച്ചു.

## 5) ജ്വാല - കാഞ്ഞങ്ങാട്

2018 ജൂലൈ 7 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ കാഞ്ഞങ്ങാട് മേഖലയുടെ ജ്വാല പ്രോഗ്രാം കാഞ്ഞങ്ങാട് ഉണ്ണീശോ ദേവാലയത്തിൽ വച്ച് നടന്നു. കാഞ്ഞങ്ങാട് ശാഖാ ആനിമേറ്റർ സി. ജോസ്മിൻ എസ്.കെ.ഡി സ്വാഗതം ആശംസിച്ചു. കാഞ്ഞങ്ങാട് മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി മേരി കിഴക്കേക്കര അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് കാഞ്ഞങ്ങാട് ഫൊറോനാ വികാരി റവ.ഫാ.മാത്യു പരവരാകത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ശേഷം തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണവും കാഞ്ഞങ്ങാട് മേഖലാ ഡയറക്ടർ റവ.ഫാ.ആന്റണി ചിറ്റേട്ട്, സി.ജീസ് മാത്യു സി.എച്ച്.എഫ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. കാഞ്ഞങ്ങാട് മേഖലാ സെക്രട്ടറി ശ്രീമതി ലിസി പുത്തൻകാലായിൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി പുഷ്പ വെട്ടംതടം കണക്കും അവതരിപ്പിച്ചു. കാഞ്ഞങ്ങാട് മേഖലയിലെ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച കാഞ്ഞങ്ങാട്, എണ്ണപ്പാറ യൂണിറ്റുകളെ അഭിനന്ദിക്കുകയും പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു. കാഞ്ഞങ്ങാട് മേഖലാ ആനിമേറ്റർ സി.ജോസി ജോസ് എസ്.ഡി ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം നന്നായി നടത്തുവാൻ സഹകരിച്ച കാഞ്ഞങ്ങാട് മേഖലയ്ക്കും ഭാരവാഹികൾക്കും കാഞ്ഞങ്ങാട് യൂണിറ്റിനും അനുമോദനങ്ങൾ.

**മാതൃവേദി പ്രോഗ്രാംസ് - ആഗസ്റ്റ്**

| | | |
|---|---|---|
| ആഗസ്റ്റ് 4 | - | ജ്വാല - മേരിഗിരി |
| ആഗസ്റ്റ് 11 | - | ജ്വാല - കുന്നോത്ത് |
| ആഗസ്റ്റ് 27 | - | പേരാവൂർ മേഖലാ വിസിറ്റ് |
| ആഗസ്റ്റ് 28 | - | മാതൃവേദി ബൈബിൾ ക്വിസ് - ബിബ്ലിയ 2018 |
| സെപ്റ്റംബർ 1 | - | മേഖലാ വിസിറ്റ് - ചെമ്പന്തൊട്ടി |

ജ്വാല പ്രോഗ്രാമുകൾക്ക് പങ്കെടുക്കുമ്പോൾ യൂണിറ്റുകളുടെ റിക്കാർഡുകളും പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

## 6) മാതൃവേദി കലോത്സവം

**മാതൃവേദി അതിരൂപതാ സാഹിത്യ മത്സരം : ഓഗസ്റ്റ് 22 (റീജനൽ തലത്തിൽ)**
**മാതൃവേദി അതിരൂപതാ കലാമത്സരം : ഒക്ടോബർ 13 (ചെമ്പേരി)**

മേഖലാ തലത്തിൽ മത്സരങ്ങൾ നടത്തി സാഹിത്യ മത്സര വിജയികളുടെ പേരുവിവരങ്ങൾ ഓഗസ്റ്റ് 12 ന് മുമ്പും കലാമത്സരങ്ങളുടെ വിജയികളുടെ പേരു വിവരങ്ങൾ സെപ്റ്റംബർ 3 ന് മുമ്പും രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മാതൃവേദി കലോത്സവം 2018 – മത്സരത്തിനുള്ള നിബന്ധനകൾ**

1. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക്, യൂണിഫോം സാരി, ബാഡ്ജ്, ഫോട്ടോ പതിച്ച അതിരൂപതാ ഓഫീസിൽ നിന്നും ലഭിച്ച അംഗത്വ കാർഡ് എന്നിവ ഉണ്ടായിരിക്കണം.
2. മേഖലകളിൽ ഫസ്റ്റ് കിട്ടിയവരെ മാത്രമാണ് അതിരൂപതാമത്സരത്തിന് അയയ്ക്കേണ്ടത്. അവർക്ക് എന്തെങ്കിലും കാരണത്താൽ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ മേഖലാഡയറക്ടറുടെ കത്തോടുകൂടി രണ്ടാം സ്ഥാനക്കാർക്ക് പങ്കെടുക്കാവുന്നതാണ്. ഇക്കാര്യം ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
3. സീറോ മലബാർ മാതൃവേദി ആന്തത്തിൽ പങ്കെടുക്കാൻ 7 പേർ നിർബന്ധമാണ്. രൂപതാ മത്സരത്തിൽ വിജയികളായ യൂണിറ്റിലെ പങ്കെടുത്ത ഏതെങ്കിലും അംഗത്തിന് വരാൻ സാധിക്കാതെ വന്നാൽ അതേ യൂണിറ്റിലെ അംഗത്വകാർഡുള്ള മറ്റൊരംഗത്തിന് മേഖലാ ഡയറക്ടറുടെ കത്തോടുകൂടി മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. സീറോ മലബാർ മാതൃവേദി ആന്തം കോറസായിട്ടാണ് പാടേണ്ടത്. സി.ഡി യിൽ സിംഗിളായി പാടുന്ന ഭാഗങ്ങളും കോറസായി ആലപിക്കേണ്ടതാണ്. ആന്തത്തിൽ നിന്നും വിപരീതമായി സംഘഗാനത്തിന്റെ നിബന്ധനകൾ പാലിക്കേണ്ടതാണ്. കാണാതെ പാടുന്നതാണ് ഉത്തമം. (കൈകൾ ചുരുട്ടി പിടിക്കണമെന്നും താളമടിക്കാൻ പാടില്ല എന്ന നിബന്ധനയും ബാധകമല്ല)
4. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. പരാതികളുണ്ടെങ്കിൽ അതാതു മത്സരത്തിനുശേഷം 15 മിനിറ്റിനുള്ളിൽ രേഖാമൂലം 250 രൂപ ഫീസോടുകൂടി ഡയറക്ടറുടെ പക്കൽ പരാതി സമർപ്പിക്കേണ്ടതാണ്. നിലനിൽക്കുന്ന പരാതിയെങ്കിൽ ഫീസ് തിരിച്ചു നൽകും.
5. ഒരു മാതൃവേദി അംഗത്തിന് 1 സാഹിത്യമത്സരത്തിലും, 1 സിംഗിൾ ഐറ്റത്തിലും 1 ഗ്രൂപ്പ് ഐറ്റത്തിലും പങ്കെടുക്കാവുന്നതാണ്.
6. അതിരൂപതാ ഭാരവാഹികൾ മത്സരങ്ങളിൽ പങ്കുചേരുന്നില്ല.
7. രജിസ്ട്രേഷൻ ഫീസ് – സിംഗിൾ ഐറ്റം – 30 രൂപ<br>– ഗ്രൂപ്പ് ഐറ്റം – 70 രൂപ
8. അതിരൂപതാ നിയമാവലി അനുസരിച്ച് 15 അംഗങ്ങൾ എങ്കിലും ഒരു യൂണിറ്റിൽ ഉണ്ടായിരിക്കണം. (പേജ് .19) അതിൽ കുറവുള്ള യൂണിറ്റുകൾക്ക് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാനാകില്ല.
9. വികാരിയച്ചന്മാരുടെ ഒപ്പും പള്ളിയുടെ സീലുമുള്ള മത്സരാർത്ഥികളുടെ പ്രായം തിരിച്ചുള്ള ലിസ്റ്റ്മത്സരത്തിനു മുമ്പ് മേഖലയിലും, പിന്നീട് രൂപതയിലും എത്തിക്കണം. പ്രായപരിധി തെളിയിക്കാൻ ഈ കത്ത് നിർബന്ധമാണ്.

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആദരാഞ്ജലികൾ

നെല്ലിക്കുറ്റി ഗാന്ധി മെമ്മോറിയൽ എ.യു.പി. സ്കൂളിലെ അധ്യാപിക യായ ശ്രീമതി. മിനിമോൾ ജെയിംസ് ചക്കാനിക്കുന്നേൽ 01.07.2018 ന് ദൈവ സന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മിനിമോൾ ടീച്ച റിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## പൂർവ്വ വിദ്യാർത്ഥി സംഘടന

നമ്മുടെ വിദ്യാലയങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നതിന് കാരണം സംഘാതമായ വിദ്യാലയ പ്രവർത്തനങ്ങളാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വിദ്യാലയ വികസനത്തിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. പല സ്കൂളുകളിലും പൂർവ്വ വിദ്യാർത്ഥികളുടെ സാമ്പത്തിക സഹകരണങ്ങളും പ്രോത്സാഹനങ്ങളും ലഭി ച്ചിട്ടുണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. ഉദാഹരണത്തിന് വായാട്ടുപറമ്പ് ഹൈസ്കൂളിന് മുമ്പിൽ മനോഹരമായ ലൈബ്രറിയും, വായനാമുറിയും 1991 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിർമ്മിച്ചിട്ടുണ്ട്. വളരെ അഭിനന്ദനാർഹമായ മാതൃകയാണിത്.

---

10. മാതൃവേദി അംഗങ്ങൾക്ക് മുൻ വർഷങ്ങളിലേതുപോലെ മിഷൻലീഗ് സൂപ്പർ സീനിയർ വിഭാഗത്തിലും മിഷൻലിഗ് ഭാരവാഹികൾ ആവശ്യ പ്പെടുന്നുണ്ടെങ്കിൽ മത്സരിക്കാവുന്നതാണ്. എന്തെങ്കിലും സംശയങ്ങൾ ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുക.

## അതിരൂപതാ സാഹിത്യ മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങൾ

| റീജിയൻ | മേഖലകൾ | സ്ഥലം |
|---|---|---|
| ഇരിട്ടി റീജിയൻ | കുന്നോത്ത്, പേരാവൂർ, എടൂർ, നെല്ലിക്കാംപൊയിൽ | കുന്നോത്ത് |
| ചെമ്പേരി „ | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, തളിപ്പറമ്പ് | ചെമ്പേരി |
| ആലക്കോട് „ | ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ | ആലക്കോട് |
| പടന്നക്കാട് „ | പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, തോമാപുരം | വെള്ളരിക്കുണ്ട് |

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

സ്കൂൾ സന്ദർശന അവസരത്തിൽ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ പല സ്കൂളുകളിലും കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് മനസ്സിലാകുന്നു. അതിനാൽ പ്രധാന അധ്യാപകർ താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ സ്കൂളുകളിൽ കൃത്യമായി നടപ്പിലാക്കണം.

- ♦ ഒരു അധ്യാപകന് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഉത്തരവാദിത്വം നൽകണം.
- ♦ എല്ലാ വർഷവും ഒരു ദിവസം പൂർവ്വ വിദ്യാർത്ഥി ദിനമായി മാറ്റി വെക്കുക. പൂർവ്വ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒത്തുചേരാനുള്ള അവസരം ക്രമീകരിക്കണം. ഓരോ വർഷത്തെയും പൂർവ്വ വിദ്യാർത്ഥികളുടെ അഡ്രസ്സും ഫോൺനമ്പറും സമാഹരിക്കുക.
- ♦ സ്കൂളിന് വേണ്ടിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയും നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
- ♦ ഓരോ ബാച്ചിലും രണ്ട് പേരെ അതത് ബാച്ചുകാരെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകാൻ ചുമതല ഏൽപ്പിക്കുക.
- ♦ വിവിധ കാലഘട്ടങ്ങളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് ഒത്തു ചേരാൻ അവസരം ഒരുക്കുക.
- ♦ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഓരോ വർഷവും നമ്മുടെ സ്കൂളുകളിൽ ഓരോ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കുക.
- ♦ സ്കൂളിൽ സംഘടിപ്പിക്കുന്ന പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയ്ക്ക് ലോക്കൽ മാനേജരുടെയും പ്രധാന അധ്യാപകന്റെയും അനുവാദം ആവശ്യമാണ്. അധ്യാപകരുടെ സാന്നിദ്ധ്യം ആ കൂട്ടായ്മയിൽ നിർബന്ധമായും ഉണ്ടായിരിക്കണം.
- ♦ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ സ്കൂളിലെ എൻഡോവ്മെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. കുട്ടികൾക്ക് വ്യത്യസ്ത പ്രോഗ്രാമുകൾ, വിവിധ മത്സരങ്ങൾ എന്നിവ പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് അവരുടെ സഹായത്തോടെ സമ്മാനങ്ങൾ നൽകണം.
- ♦ പൂർവ്വവിദ്യാർത്ഥികളുടെ ഫെയ്സബുക്ക്, വാട്ട്സ്ആപ്പ് കൂട്ടായ്മകൾ രൂപീകരിക്കണം സ്കൂളിന്റെ നേട്ടങ്ങൾ, വിദ്യാർത്ഥികളുടെ മികവുകൾ എന്നിവ അവർക്ക് അയക്കണം.

## മെയിന്റനൻസ് ഗ്രാന്റ്

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേ കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ. ആർ അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടു്:

1) ഓഗസ്റ്റ് 5-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം
2) പ്രൊപ്പോസലിൽ ഉൾപ്പെടുത്തേ രേഖകൾ:

A. Maintenance Grant Application (Form 28) - 4 എണ്ണം വീതം
B. Expenture Statement (Form -29) - 4 എണ്ണം വീതം
C. Property Statement - (Form -10) - 2 എണ്ണം വീതം
D. Audit Certififcate - 4 എണ്ണം വീതം

3) ഫോമുകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്ന് മുൻവർഷങ്ങളിൽ ഇ-മെയിൽ ചെയ്തു തന്നതാണ്. പഴയ ഇ-മെയിൽ ശ്രദ്ധിക്കുക.

4) കെ.ഇ.ആർ പ്രകാരം 3500 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊടുവരരുത്.

5) മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.

## പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം 2018-2019

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണ മത്സരം സംഘടിപ്പിക്കുന്നു. എൽ. പി, യു. പി, ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. സ്കൂൾതല പ്രസംഗ മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ആഗസ്റ്റ് 10-ാം തീയതിക്കുമുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ (corporatetly@gmail.com) ചെയ്യേണ്ടതാണ്. ഒരു സ്കൂളിൽ നിന്ന് എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ്. വിഭാഗങ്ങളിലായി രണ്ട് വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാം.രാവിലെ 9.30 മണിക്ക് മത്സരാർത്ഥികൾ സെന്ററിൽ പ്രധാനദ്ധ്യാപകരുടെ സാക്ഷ്യപത്രത്തോടൊപ്പം രജിസ്ട്രേഷൻ നടത്തണം. വൈകിയെത്തുന്നവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ഒരു വിദ്യാർത്ഥിക്ക് പ്രസംഗസമയം 5 മിനിറ്റായിരിക്കും അനുവദിക്കുന്നത്. 4 മിനിറ്റാകുമ്പോൾ വാണിംഗ്ബെൽ ഉണ്ടാകും. സ്കൂൾ തലത്തിൽ പ്രസംഗമത്സരം നടത്തി വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കണം. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും എല്ലാ സ്കൂളുകളിൽ നിന്നും പങ്കാളിത്തം ഉറപ്പു വരുത്താനും അദ്ധ്യാപകർ ശ്രദ്ധിക്കണം. കോർപ്പറേറ്റ് തലത്തിൽ നടത്തുന്ന പ്രസംഗ മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫോട്ടോ റിസൽട്ട് അറിഞ്ഞ ഉടൻ ഇ-മെയിൽ ചെയ്യണം. ആഗസ്റ്റ് 21 -ാം തീയതി രാവിലെ 10 മണിക്ക് റീജൻ തലത്തിലാണ് സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം സംഘടിപ്പിക്കുന്നത്.

## മാമ്പൊയിൽ സേക്രട്ട് ഹാർട്ട് എൽ.പി സ്കൂളിന്റെ വെഞ്ചരിപ്പു കർമ്മം

അഭിവന്ദ്യ. മാർ.ജോർജ്ജ് ഞരളക്കാട്ട് പിതാവ് 02-06-2018 2 pm ന് മാമ്പൊയിൽ സേക്രട്ട് ഹാർട്ട് എൽ.പി സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിച്ചു. ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. കെ.സി. ജോസഫ്

പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ പിതാവ് അധ്യക്ഷതവഹിച്ച യോഗത്തിൽ കോർപ്പറേറ്റ് മാനേജർ, ഫൊറോന വികാരി വെരി റവ. ഫാ. ഫാ.ആന്റണി ആനക്കല്ലിൽ ശ്രീ. ജോയി കൊന്നക്കൽ, ശ്രീ. മിനി മാത്യു, റവ. ഫാ. അഗസ്റ്റ്യൻ പാണ്ടിയാമാക്കൽ, ശ്രീ. സിജോ തുണ്ടി യിൽ, ശ്രീ. അനിൽ പൈങ്ങോട്ട് തുടങ്ങിയവർ പൊതു സമ്മേളനത്തെ അഭി സംബോധന ചെയ്തു.

കർഷകരും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളും ഉള്ള മാമ്പൊയിൽ ഇടവകയിൽ ചുരുങ്ങിയ കാലഘട്ടം കൊണ്ട് മനോഹര മായ സ്കൂൾ കെട്ടിടവും പാരിഷ് ഹാളും 2 നിലകളിലായി നിർമ്മിച്ചി രിക്കുന്നു. ബഹു.തുണ്ടത്തിൽ അച്ചനെ നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ നേതൃത്വവും കഠിനാദ്ധ്വാനവുമാണ് ഈ ദൗത്യം പൂർത്തിയാകുന്നതിന് പ്രധാന കാരണം. മാമ്പൊയിൽ ഇടവകയുടെ കൂട്ടായ്മയും കഠിനാദ്ധ്വാന ത്തിന്റെ സാക്ഷ്യം കൂടിയാണ് പുതിയ സ്കൂൾ കെട്ടിടം.

## സുവർണ്ണ ജൂബിലി സമാപനവും സ്കൂൾ വെഞ്ചരിപ്പും - സെന്റ് മേരീസ് എൽ.പി. സ്കൂൾ മേരിപുരം

കരിവേടകം യു.പി മേരിപുരം എൽ.പി സ്കൂളിന് വേണ്ടി പുതിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പും സുവർണ്ണ ജൂബിലി സമ്മേളന ഉദ്ഘാടനവും അഭിവന്ദ്യ. മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് 11-06-2018 ന് നിർവ്വഹിച്ചു.

പൊതുസമ്മേളനത്തിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാ ഭ്യാസ ഏജൻസി മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് അധ്യക്ഷത വഹി ച്ചു. കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസി തോമസ് മുഖ്യ പ്രഭാഷണം നടത്തി. സ്കൂളിന്റെ സ്ഥാപക പിതാവായ ഫാ. സെബാ സ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ അച്ചനെ പൊതുസമ്മേളനത്തിൽ പ്രത്യകം അനുസ്മരിച്ചു.സ്കൂൾ നിർമ്മാണത്തിന് സഹകരിച്ച ഇടവക ട്രസ്റ്റിമാരെ പനത്തടി ഫൊറോന വികാരി ഫാ. തോമസ് പട്ടാംകുളം ആദരിച്ചു. കാറ ടുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഓമന ചന്ദ്രൻ പുതിയ കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

സ്കൂൾ മാനേജർ ഫാ. മാത്യു വളവനാൽ കുറ്റിക്കോൽ ഗ്രാമപഞ്ചാ യത്ത് വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സമീറ ഖാദർ, 12-ാം വാർഡ് മെമ്പർ ശ്രീ. ജോസ് പാറത്തട്ടേൽ, ഫാ. ജോസ് വൈപ്പംമഠം, ശ്രീ വേണുഗോപാൽ, സി. ലിസി പോൾ, കെ.ഇ മേരി, സണ്ണി തേക്കുംകാട്ടിൽ ഹെഡ്മിസ്ട്രസ് മേരിക്കുട്ടി കെ. ജെ. എന്നിവർ പ്രസംഗിച്ചു.

ബഹുമാനപ്പെട്ട മാത്യു വളവനാൽ അച്ചനെയും മേരിപുരം ഇടവക സമൂ ഹത്തെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. മേരിപുരം എൽ.പി സ്കൂളിനും, കരിവേടകം യു.പി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് ബഹു. വളവനാൽ അച്ചന്റെ നേതൃത്വത്തിൽ വിജയകരമായി മുന്നോട്ട് പോകുന്നത്. എല്ലാവരെയും സമ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777 , 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

'Smart for Excellence' എന്ന ആപ്തവാക്യത്തോടെ പരീക്ഷാപരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്നു. അക്കാഡമിയുടെ ഇക്കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ സജീവമാക്കാൻ സഹകരിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ അനുസ്മരിക്കുന്നു. ഓഗസ്റ്റ് മാസം വിവിധങ്ങളായ പരിശീലനങ്ങൾ നടത്തപ്പെടുന്ന ഒരു മാസമാണ്. ഈ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1.SET COACHING

ജൂലായ് മാസം 21-ാം തിയതി മുതൽ ഇരിട്ടി ചെറുപുഷ്പം ഐ.ടി.ഐ യിൽ വച്ച് ആരംഭിച്ച SET പരീക്ഷാപരിശീലനം തീവ്രമായി നടന്നുക്കൊണ്ടിരിക്കുന്നു. 2018 സെപ്തംബർ 9-ാം തിയതി നടക്കാനിരിക്കുന്ന പരീക്ഷയ്ക്കൊരുക്കമായി ശനി, ഞായർ ദിവസങ്ങളിലും പ്രത്യേക അവധി ദിവസങ്ങളിലും ക്ലാസുകൾ നടത്തപ്പെടുന്നതാണ്. സെപ്തംബർ മാസം 2-ാം തിയതി വരെ ഈ കോഴ്സ് ഉണ്ടായിരിക്കുന്നതാണ്.  കോഴ്സ് ഫീസ് 7000 രൂപ.

## 2. K-TET COACHING

എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. വരെയുള്ള അദ്ധ്യാപക നിയമനപ്രവേശന പരീക്ഷയായ കെ-ടെറ്റിന്റെ രണ്ടാം ബാച്ചിന്റെ ക്ലാസുകൾ ഓഗസ്റ്റ് 18-ാം തിയതി ശനിയാഴ്ച്ച മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് ആരംഭിക്കുന്നതാണ്. ഇക്കഴിഞ്ഞ കെ-ടെറ്റ് ഫസ്റ്റ് ബാച്ച് വിദ്യാർത്ഥികളിൽ മികച്ച വിജയം നേടിയവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സെക്കന്റ് ബാച്ചിലുള്ള വിദ്യാർത്ഥികൾ ആദ്യ ദിവസങ്ങൾ മുതൽ ക്ലാസുകളിൽ പങ്കെടുത്താൽ മാത്രമേ കോഴ്സിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ. കോഴ്സ് ഫീസ് 9000 രൂപ.

ന്വയിപ്പിച്ച് സഹകരിപ്പിച്ച് എൽ.പി സ്കൂളിന് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്  പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## 3. PSC COACHING

സാൻജോസ് അക്കാഡമിയുടെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നായ പി. എസ്. സി പരിശീലനവുമായി ബന്ധപ്പെട്ട് അതിരൂപതയുടെ വിവിധ കോളേജുകൾ കേന്ദ്രീകരിച്ച് ക്ലാസുകൾ ആരംഭിക്കുകയാണ്. ഇതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൈസക്കരി ദേവമാതാ കോളേജിലും, ആലക്കോട് മേരിമാതാ കോളേജിലും ഈ അധ്യയന വർഷത്തിൽ പി. എസ്. സി പരിശീലനം ആരംഭിക്കപ്പടുന്നു. ഈ വർഷത്തിലെ ഡിസംബർ വരെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 9.30 മണി മുതൽ വൈകുന്നേരം 3.30 മണി വരെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകൾ ഉണ്ടായിരിക്കും. അധ്യയന ദിനങ്ങളിൽ പ്രത്യേക സമയങ്ങൾ പരിശീലനത്തിനായി ക്രമപ്പെടുത്തുന്നതാണ്. പ്രഗല്ഭരായ അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകും. ക്ലാസുകൾ ഓഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നതും 120 മണിക്കൂറുകൾ നീണ്ടുനിൽക്കുന്നതുമായിരിക്കും. കോഴ്സ് ഫീസ് 2000 രൂപയിൽ 1000 രൂപ സാൻജോസ് അക്കാഡമിയും കോളേജുകളും സംയുക്തമായി സ്കോളർഷിപ്പായി നൽകുന്നതാണ്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർക്ക് പ്രത്യേക സാമ്പത്തിക ഇളവുകൾ നൽകുന്നതാണ്. വിശദാംശങ്ങൾക്ക് കോളേജ് ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

## 4. THE LEADER

മധ്യവേനൽ അവധിക്കാലത്ത് കുട്ടികൾക്കുവേണ്ടി വിജയകരമായി നടപ്പിലാക്കിയ *ദി ലീഡർ* പ്രോഗ്രാമിന്റെ (നേതൃത്വ പരിശീലന ശില്പശാല) മൂന്നാം ബാച്ചിന്റെ പരിശീലനം ഓഗസ്റ്റ് 29 ബുധനാഴ്ച്ച വൈകുന്നേരം 4.00 മണിമുതൽ സെപ്തംബർ 1 ശനിയാഴ്ച്ച രാവിലെ 10.00 മണിവരെ സന്ദേശ ഭവനിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ചെറുപുഷ്പ മിഷൻലീഗും സാൻജോസ് അക്കാഡമിയും സംയുക്തമായി സഹകരിച്ചാണ് ഈ ഓണാവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നത്. 80 കുട്ടികൾക്ക് അവസരം ലഭിക്കുന്നതായിരിക്കും. ഈ ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ നേരത്തെതന്നെ സാൻജോസ് അക്കാഡമി ഓഫീസിലോ ചെറുപുഷ്പ മിഷൻലീഗ് ഓഫീസിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്യാമ്പ് ഫീസ് 1200 രൂപയായിരിക്കും. ജൂലായ് 31 നകം ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് 200 രൂപ ഇളവ് നൽകുന്നതാണ്. കേരളത്തിലെ പ്രഗല്ഭ നേതൃത്വപരിശീലകരും പ്രശസ്ത വ്യക്തികളും ക്ലാസുകൾക്ക് നേതൃത്വം നൽകുന്നതാണ്.

## 5. BRIDGE +

2020-ലെ എൻട്രസ് പരീക്ഷ ലക്ഷ്യമാക്കി ഈ വർഷം +1-ലേക്ക് പ്രവേശിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയ ഒന്നാം വർഷ എൻട്രൻസ് പരിശീലനത്തിന്റെ വേനൽ അവധിക്കാല ക്ലാസുകൾ പൂർത്തിയാക്കി. ഇനിയുള്ള നാളുകളിൽ രണ്ടാം ശനിയാഴ്ചകളിലും, ഞായറാഴ്ചകളിലുമായി ഈ കോഴ്സ് തുടരുന്നതാണ്.

## 6. സെമിനാറുകൾ ക്ലാസുകൾ

സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ മാതാപിതാക്കൾ, പി. ടി.എ, യുവജനങ്ങൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസുകളും സെമിനാറുകളും നടത്തിക്കൊടുക്കുന്നതാണ്. ക്ലാസുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ചു നൽകുന്നതാണ്. ആവശ്യമെങ്കിൽ സാൻജോസ് ഓഫീസുമായി ബന്ധപ്പെടുമല്ലോ ....

1. കാലാങ്കി സെന്റ് ജോസഫ്സ് ഇടവകയിൽ 01.07.2018 ഞായറാഴ്ച്ച ബഹു.പയസ് പടിഞ്ഞാറെമുറിയിലച്ചൻ വി.കുർബാന അർപ്പിക്കുകയും മാതാപിതാക്കളോടും യുവജനങ്ങളോടും കുട്ടികളോടും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഗവൺമെന്റ് തലത്തിലുള്ള പരീക്ഷകൾ എഴുതേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

2. അറബി സെന്റ് ജോസഫ്സ് ഇടവകയിൽ 08.07.2018 ഞായറാഴ്ച്ച യുവജനദിനത്തോടനുബന്ധിച്ച് തിരുകർമ്മങ്ങളിൽ ബഹു.ഡയറക്ടറച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും 'സഭയും യുവജനങ്ങളും ഈ കാലഘട്ടത്തിൽ' എന്ന വിഷയത്തെ സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു.

3. പെരുമ്പുന്ന ഫാത്തിമമാതാ ദേവാലയത്തിൽ 15.07.2018 ഞായറാഴ്ച്ച ബഹു.ഡയറക്ടറച്ചൻ വി.കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയെപ്പറ്റി വിശദീകരിക്കുകയും ചെയ്തു. കുഞ്ഞുങ്ങളുടെ വി.കുർബാനയ്ക്ക് ശേഷം ഇടവകയിലെ സൺഡേ സ്കൂൾ പി ടി എ അംഗങ്ങൾക്ക് 'കുഞ്ഞുങ്ങളിലെ വിശ്വാസരൂപീകരണം' എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ നയിക്കുകയും ചെയ്തു.

സെമിനാറുകൾക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തുതന്ന ബഹു. ജോമി തൊട്ടിയിലച്ചനും ബഹു.മാത്യു എടാട്ടച്ചനും ബഹു.ജേക്കബ് പുളിക്കക്കുന്നേലച്ചനും ഫാ. ജേക്കബ് വെണ്ണായപ്പിള്ളിലച്ചനും സ്നേഹത്തോടെ നന്ദി പറയുന്നു.

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് നിസീമമായ പിന്തുണ നൽകുന്ന എല്ലാവരെയും ഏറെ സ്നേഹത്തോടെ അനുസ്മരിച്ചുകൊണ്ടും തുടർപ്രവർത്തനങ്ങളിൽ വിലയേറിയ മാർഗനിർദ്ദേശങ്ങളും അഭിപ്രായങ്ങളും അഭ്യർത്ഥിച്ചുകൊണ്ടും ...

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ജ്യോതിർഗമയ 2018

വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ ഒന്നാം വർഷ ബി.ടെകിന് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം - ജ്യോതിർഗമയ 2018, വിമൽജ്യോതി സ്ഥാപനങ്ങളുടെ രക്ഷാധികാരി തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് 16.07.2018ന് ഉദ്ഘാടനം ചെയ്തു. അറിവിന്റെ ഉറവിടം ദൈവമാണെന്നും, പ്രപഞ്ച സൃഷ്ടാവാണ് ഏറ്റവും വലിയ എൻജിനീയർ എന്നും പിതാവ് തന്റെ ഉദ്ഘാടനസന്ദേശത്തിൽ ഊന്നിപ്പറഞ്ഞു. ഈശ്വരവിശ്വാസവും, ആത്മവിശ്വാസവും, സ്വഭാവശുദ്ധിയുമുള്ള യുവ എൻജിനീയർമാരെ രാഷ്ട്ര പുനർ നിർമ്മിതിക്കായി രൂപപ്പെടുത്തുകയാണ് വിമൽജ്യോതിയുടെ പ്രഖ്യാപിത ലക്ഷ്യമെന്നും അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു.

കോളേജ് ചെയർമാൻ റവ.ഡോ. തോമസ് മേൽവെട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് ഏവർക്കും സ്വാഗതമാശംസിച്ചു. അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജിനു വടക്കേമുളഞ്ഞനാൽ, പി.റ്റി.എ പ്രസിഡന്റ് ശ്രീ. മധുസൂദനൻ എം.ടി., സ്റ്റുഡന്റ് ചെയർമാൻ സബിൻ സുരേഷ് എന്നിവർ ആശംസകൾ നേർന്നു. ഫിനാൻസ് മാനേജർ റവ. ഫാ. ജോർജ്ജ് ആശാരികുന്നേൽ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ കത്തിച്ച തിരികൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നവാഗത വിദ്യാർത്ഥികൾ ഏറ്റുചൊല്ലി. പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ജോമി ജോസ് ഏവർക്കും നന്ദി പറഞ്ഞു.

## എൻജിനീയറിംഗ് & എം.ബി.എ അഡ്മിഷൻ 2018

ഒഴിവുള്ള ഏതാനും മാനേജ്മെന്റ് സീറ്റുകളിൽ ചേരാനാഗ്രഹിക്കുന്നവർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 6-ാം തീയതിക്ക് മുമ്പായി കോളേജിൽ നേരിട്ട് എത്തണമെന്ന് താല്പര്യപ്പെടുന്നു.

## പ്ലേസ്മെന്റ് വാർത്തകൾ

* ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ജൂലൈ 9 മുതൽ 12 വരെ ബ്രിഡ്ജ് കോഴ്സും, ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ ഇൻസൈറ്റ് ജോബ് ഗുരുവിലെ ട്രെയിനർമാർ ക്ലാസ്സുകൾ നയിച്ചു.
* ഹൊസൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന S.R Unique Solutions എന്ന കമ്പനി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 3 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
* Culture Instruments, N.G. Engineers, Stork Systems & Engineers, Prolific Systems എന്നീ കമ്പനികൾ വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 4 വിദ്യാർത്ഥികളെ വിവിധ തസ്തികകളിൽ നിയമിക്കുകയും ചെയ്തു.
* കോയമ്പത്തൂർ ആസ്ഥാനമായ Confident Engineering Industries വിമൽ ജ്യോതിയിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 3 മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാഡമി വാർത്തകൾ

ഇന്ത്യയിലെ ഏറ്റവും മികച്ച ഐ.എ.എസ് പരിശീലന കേന്ദ്രമായ ALS, ഒരു ആൾ കേരള സ്കോളർഷിപ്പ് എക്സാം സംഘടിപ്പിച്ചിരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാർത്ഥികൾക്കായി ചെമ്പേരി വിമൽ ജ്യോതി യിലും, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിലുമായിരുന്നു പരീക്ഷാ സെന്ററുകൾ. 82 വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തു. IAS, IPS, IFS, IRS, KAS എന്നീ മേഖലകളിൽ ശ്രമിക്കുന്ന വിദ്യാർത്ഥികളാണ് പരീക്ഷയിൽ പങ്കെടുത്തത്.

## ഡോ. റിതീഷ് ഹൻഡാ വിമൽ ജ്യോതിയിൽ

ഡൽഹി ആസ്ഥാനമായ ALS ന്റെ CEO-യും പ്രമുഖ ഫാക്കൽറ്റിയു മായ Mr. Ritesh Handa വിമൽജ്യോതിയിൽ IAS പരീക്ഷകളെയും അതിന് തയ്യാറെടുക്കുന്ന രീതികളെയും കുറിച്ച് സംസാരിക്കുകയും സംശയനിവാ രണം നടത്തുകയും ചെയ്തു. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷി പ്പോടെ ട്രെയിനിംഗിന് ചേരുവാനുള്ള അവസരം ഉണ്ട്. സ്കോളർഷിപ്പ് പരീക്ഷ വിദ്യാർത്ഥികൾക്ക് അടുത്ത ആഴ്ച്ച നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട 200 ഓളം വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രോഗ്രാമിൽ പങ്കെടുത്തു. സിവിൽ സർവ്വീസ് പരിശീലന മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ച് വിശദീക രിച്ചു. ALS ആസ്ഥാനമായ ഡൽഹിയിൽ നടക്കുന്ന ക്ലാസ്സുകൾ രാജ്യത്തെ 80 ഓളം സെന്ററുകളിൽ സാറ്റലൈറ്റ് സഹായത്തോടെ തത്സമയം ലഭിക്കുന്ന സംവിധാനത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു.

പുതിയ ബാച്ച് Main-Cum-Priliminary പരിശീലനം ആഗസ്റ്റ് 19ന് വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാഡമിയിൽ ആരംഭിക്കുന്നു. 11 മണി മുതൽ 4 വരെയായിരിക്കും പുതിയ ബാച്ചിന്റെ ക്ലാസ്സ് ടൈം.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിൽ ഈ വർഷം ചേർന്ന വിദ്യാർത്ഥി കൾക്ക് ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. വിവിധ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളാണ് ക്ലാസ്സുകൾക്ക് നേതൃത്വം കൊടു ത്തത്. Quetzal Academy യുടെ നേതൃത്വത്തിൽ ഒരു ദ്വിദിന സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമും നടത്തപ്പെട്ടു.

## വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഏകദിന ശില്പശാല

മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 27-ാം തീയതി ബൗദ്ധിക സ്വത്തവകാശം എന്ന വിഷയത്തെക്കുറിച്ച് ഒരു ശില്പ ശാല നടത്തി. തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററിലെ സയന്റിസ്റ്റ് വി.പി. ബാലഗംഗാധരൻ, തിരുവനന്തപുരം CSIR-NIIST സീനി യർ സയന്റിസ്റ്റ് ശ്രീ. ആർ.എസ് പ്രവീൺരാജ് എന്നിവർ വിശിഷ്ടാതിഥിക ളായിരുന്നു. വകുപ്പു മേധാവി പ്രൊഫ. രാജു കെ. കുര്യാക്കോസ്, പ്രൊഫ. ഡോ. ആർ ഉമേഷ് സുന്ദർ എന്നിവർ നേതൃത്വം നൽകി.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## അഭിമാനപൂർവ്വം...

പുതിയ അധ്യയനവർഷം ആരംഭിച്ചു. ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികളും ബിരുദാനന്തരവിദ്യാർത്ഥികളും കോളെജിൽ വന്നുകൊണ്ടിരിക്കുന്നു. 2017–18 വർഷം നിർമ്മലഗിരിക്ക് ഏറെ വിലപ്പെട്ടതും വിജയകരവുമായിരുന്നു. എൻഎസിസി പരിശോധനയിൽ 3.30 പോയിന്റോടെ എ ഗ്രേഡ് നേടിയ നിർമ്മലഗിരി NIRF (National Institutional Ranking Frame work) ൽ 87–ാം സ്ഥാനത്തുവന്നു. ഇന്ത്യയിലെ മികച്ച നൂറു ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഒന്നായി നിർമ്മലഗിരി തെരഞ്ഞെടുക്കപ്പെട്ടു. കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിൽ നിർമ്മലഗിരി മാത്രമാണ് NIRF ന്റെ ലിസ്റ്റിൽ ഉൾപ്പെട്ടത്.

## മികച്ച വിജയം

2018 മാർച്ചിൽ നടന്ന സർവ്വകലാശാല ബിരുദപരീക്ഷകളിൽ നിർമ്മലഗിരി കോളെജ് സർവ്വകലാശാലയുടെ ശരാശരി വിജയശതമാനത്തെക്കാൾ വളരെ ഉയർന്ന വിജയശതമാനം നേടി. മലയാളം, ഇംഗ്ലീഷ്, കെമസ്ട്രി, ഹോംസയൻസ്, വിഭാഗങ്ങൾ സർവ്വകലാശാലയിൽ ഒന്നാം സ്ഥാനത്തെത്തി. എല്ലാ വിഭാഗത്തിലുംകൂടി 23 A+ ഉം 109 എ ഗ്രേഡും നേടിയാണ് നിർമ്മലഗിരി വിജയത്തിന്റെ തിലകക്കുറി അണിഞ്ഞത്.

## നിർമ്മലഗിരി പുതിയ ചക്രവാളങ്ങൾ തേടുന്നു

**12.06.2018.** ഉത്തരമലബാറിലെ ശ്രദ്ധേയമായ നിർമ്മലഗിരി കോളെജ് പുതിയ വികസന സാധ്യതകൾ ആരായണമെന്ന ചിന്തയോടെ കോളെജിന്റെ വളർച്ചയ്ക്കുള്ള ആശയങ്ങൾ പങ്കുവയ്ക്കാൻ കഴിയുന്ന വിദഗ്ദരുടെ യോഗം അതിരൂപതാ ആസ്ഥാനത്ത് ചേർന്നു. മറ്റു സർവകലാശാലകളിൽ നിന്നുള്ള പ്രൊഫസർമാർ, വിദ്യാഭ്യാസ വിചക്ഷണൻമാർ, പൂർവ്വവിദ്യാർത്ഥി പ്രതിനിധികൾ, ആർക്കിടെക്റ്റസ് തുടങ്ങിയവർ കോളെജ് രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട്, മാനേജർ മാർ ജോസഫ് പാംപ്ലാനി എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം.

## 20.06.2018 മിഴി

സാമൂഹിക നീതിവകുപ്പും നിർമ്മലഗിരി കോളെജും സംയുക്തമായി പെൺകുട്ടികൾക്കുവേണ്ടി നിയമബോധവൽക്കരണ സെമിനാർ നടത്തി. നിയമവിദഗ്ദ്ധർ നേതൃത്വം നൽകി.

## 05.07.2018 വായനപക്ഷാചരണം

മലയാളം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വായനപക്ഷാചരണത്തിന്റെ ഭാഗമായി പ്രശസ്ത നോവലിസ്റ്റ് ശ്രീ വിനോയി തോമസ്, സിൻഡിക്കേറ്റ് മെമ്പർ ഡോ. ജോൺ ജോസഫ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

## വിജയവർഷം 18

NIRF ലെ മികച്ച റാങ്കിംഗും വിവിധപരീക്ഷകളിലെ ഉന്നതവിജയവും 17.7.2018–ന് ആഘോഷപൂർവ്വം കൊണ്ടാടി. കോളേജ് രക്ഷാധികാരി

# കരിസ്മാറ്റിക് നവീകരണരംഗം

**"കാസ 2018"**

കേരള കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റത്തിലെ കപ്പിൾസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി സോണിലെ ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ "കാസ 2018" എന്ന പേരിൽ ദമ്പതി സംഗമം നടന്നു. രൂപതാഡയറക്ടർ ഫാ. ജോസഫ് മഞ്ചപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശ്രീ സെലസ്റ്റിൻ ജോൺ ജെയിംസ്, മിനി (കോട്ടയം) സാജൻ, മാജി (കോഴിക്കോട്) എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജീവന്റെ മൂല്യം കുടുംബ വിശുദ്ധീകരണം, ദമ്പതി സെല്ലുകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ ക്ലാസ്സുകളിൽ 130 ദമ്പതികൾ പങ്കെടുത്തു.

കപ്പിൾസ് കോ-ഓർഡിനേറ്റർ ദേവസ്യ, എത്സിന പറമ്പിൽ, സോണൽ കോ-ഓർഡിനേറ്റർ അപ്പച്ചൻ, മേരി ചക്കിട്ടമുറിയിൽ, സബ് റീജിയൻ കൺവീനർ തങ്കച്ചൻ, പുഷ്പ കൂടക്കാട്ട്, സെക്രട്ടറി ഷാജി, ലില്ലി ചെട്ട്യാശ്ശേരി, ട്രഷറർ സെബാസ്റ്റ്യൻ, ആലീസ് കളപ്പുര, വക്കച്ചൻ, മേരി മേനാച്ചേരി, മാണി നെല്ലിമല എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പ്രാരംഭധ്യാനം നടത്തി :** കരിസ്മാറ്റിക് ധ്യാനത്തിന്റെ ആദ്യകാല അനുഭവത്തിലേക്ക് നയിക്കുന്ന പരിശുദ്ധാത്മ അഭിഷേക ധ്യാനം (LSS) ജൂലൈ 11 മുതൽ 14 വരെ സെഹിയോൻ പ്രാർത്ഥനാലയത്തിൽ വെച്ചു നടന്നു. ആദ്യകാല ധ്യാനഗുരുവായ ഫാ. മാത്യു കിഴക്കേൽ, പേപ്പൽ ബഹുമതി ലഭിച്ച ആദ്യകാല കരിസ്മാറ്റിക് ലീഡറും മുൻ കെഎസ്ടി വൈസ് ചെയർമാനുമായ വിവി അഗസ്റ്റിൻ (ഇടുക്കി തങ്കച്ചൻ) ആദ്യ സോണൽ കോ-ഓർഡി

---

മാർ ജോർജ് ഞറളക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്നയോഗം കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാനേജർ മാർ ജോസഫ് പാംപ്ലാനി സന്നിഹിതനായിരുന്നു.

## പീസ് ഫോറം

കണ്ണൂർ പീസ് ഫോറം (Kannur Peace Forum) ത്തിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനവും അവാർഡുദാനവും 2018 ജൂലൈ 24ന് വൈകുന്നേരം വള്ളോപ്പിള്ളി ഹാളിൽ നടന്നു. തലശ്ശേരി എ.എസ്.പി. ചൈത്ര തെരേസാ ജോൺ ഉദ്ഘാടനം ചെയ്തു.

## ജൂലൈ 28:ഏകദിനദേശീയ സെമിനാർ

Teaching, Learning and Research: Changing Perspectives എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. മാനേജർ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഡോ. പി.പി. സജിമോൻ (ഡീൻ, സെന്റ് അലോഷ്യസ് കോളെജ് മംഗലാപുരം), ഡോ. സി. പി. രമേശ് (മൈസൂർ യൂണിവേഴ്സിറ്റി) എന്നിവർ ക്ലാസ്സുകൾ നയിച്ചു. QAC കോ-ഓർഡിനേറ്റർ ഡോ. മിനി ജോസഫ് സ്വാഗതവും വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജേക്കബ് നന്ദിയും പറഞ്ഞു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ദീപികയുടെ പ്രചരണത്തിനും ഉന്നമനത്തിനുംവേണ്ടി രൂപീകൃതമായ ദീപികഫ്രണ്ട്സ് ക്ലബിനു പുതിയ ഡയറക്ടറായി നിയമിതനായ ഫാ. മാത്യു ആശാരിപ്പറമ്പിൽ 23.06.2018 ശനിയാഴ്ച കണ്ണൂർ ദീപികയിൽ ചേർന്ന ഡിഎഫ്സി ഭാരവാഹികളുടെ യോഗത്തിൽ വെച്ച് ചുമതലയേറ്റു. സർക്കുലേഷൻ മാനേജർ ജോർജ് തയ്യിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ യൂണിറ്റ് മാനേജർ ഫാ. സെബാൻ ഇടയാടിയിൽ അധ്യക്ഷത വഹിച്ചു. ഡിഎഫ്സി രൂപത പ്രസിഡന്റ് ബേബി നെട്ടനാനി, ജനറൽ കൺവീനർ ജോർജ് മാത്യു പ്ലാത്തോട്ടം തുടങ്ങിയവരും സംസാരിച്ചു.

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കർഷകജാഥ വൻ വിജയമാക്കാൻ പരിശ്രമിച്ച മാനേജർ സെബാൻ ഇടയാടി അച്ചനെയും കണ്ണൂർ യൂണിറ്റ് ജീവനക്കാരെയും യോഗം അഭിനന്ദിച്ചു. സംസ്ഥാന സമ്മേളനത്തിലും യൂണിറ്റിന്റെ പ്രതിനിധികൾ പങ്കെടുത്തു. ജൂൺ 26ന് കോട്ടയത്തു നടന്ന സംസ്ഥാന സമിതിയിൽ യൂണിറ്റ് മാനേജരും പ്രസിഡന്റും ജനറൽ കൺവീനറും പങ്കെടുത്തു. കുടുംബകൂട്ടായ്മകൾ അതിരൂപതയിൽ സജീവമാകുമ്പോൾ ഡിഎഫ്സിയും കരുത്താർജിക്കുമെന്നും അതിലൂടെ മുഴുവൻകുടുംബത്തിലും ദീപിക എത്തിക്കാൻ നമുക്ക് കഴിയണമെന്നും ഡയറക്ടർ ഉദ്ബോധിപ്പിച്ചു. ഡിഎഫ്സിയുടെ യൂണിറ്റ്, സോൺ, സംസ്ഥാന സമിതി തിരഞ്ഞെടുപ്പുകൾ ഓഗസ്റ്റ് മാസത്തിൽ നടക്കുമെന്നും അതിനുമുമ്പായി എല്ലാ യൂണിറ്റുകളും സജീവമാക്കണമെന്നും തീരുമാനിച്ചു. ഉണർവ്വിന്റെ പുതിയതാളം മനസ്സിൽ കുറിച്ചാണ് എല്ലാ അംഗങ്ങളും യാത്രയായത്.

സ്നേഹപൂർവ്വം,

| | |
|---|---|
| **ബേബി നെട്ടനാനി** | **ഫാ. മാത്യു ആശാരിപ്പറമ്പിൽ** |
| അതിരൂപതാ പ്രസിഡന്റ് | ഡയറക്ടർ |

---

നേററും ഇപ്പോഴും സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന എൻകെ മാണി നെല്ലിമല എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**അനുമോദിച്ചു :** കരിസ്മാറ്റിക് നവീകരണ രംഗത്ത് തുടക്കംമുതൽ പ്രവർത്തിച്ച് കത്തോലിക്കാ സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾ പരിഗണിച്ച് മാർപ്പാപ്പായിൽ നിന്നും 'പ്രോ എക്ളേസിയ ഡി പൊന്തിഫിച്ചേ' എന്ന പേപ്പൽ ബഹുമതിക്കർഹനായ ഇടുക്കി തങ്കച്ചനെ രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ ഷാൾ അണിയിച്ച് അനുമോദിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

അതിരൂപത അസംബ്ലിയുടെ ശക്തമായ നിർദ്ദേശമായ കുടുംബകൂട്ടായ്മയുടെ രൂപീകരണത്തിനായി പുതിയ ഒരു ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു. ജൂൺ 18-ന് പുതിയ സംരംഭത്തിന്റെ ഡയറക്ടറായി ഫാ. മാത്യു ആശാരി പറമ്പിൽ സ്ഥാനമേറ്റു. അതോടൊപ്പം കത്തോലിക്ക കോൺഗ്രസ്സിന്റെയും (എകെസിസി) ദീപിക ഫ്രണ്ട്സ് ക്ലബിന്റെയും (ഡിഎഫ്സി) ഡയറക്ടറായും അദ്ദേഹം സേവനം ചെയ്യുന്നു.

ക്രൈസ്തവ കുടുംബങ്ങളുടെ ചെറുകൂട്ടായ്മകൾ രൂപീകരിച്ച് വിശ്വാസ ജീവിതത്തിന് പുതിയ ഉണർവ്വും വളർച്ചയും നൽകി അല്മായ പങ്കാളിത്തവും സാമുദായിക സ്നേഹവും ഉണർത്തി ശക്തമായ യേശുസാക്ഷ്യം നൽകുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.

മുദ്രാവാക്യം - കൈകോർക്കാം; ഒന്നിച്ചുവളരാം

ബൈബിൾ ഭാഗം - കൈനീട്ടുക, നീ സുഖം പ്രാപിക്കും (മർക്കോ 3:5)

വിവിധതലങ്ങളിലെ പഠനങ്ങളും ചർച്ചകളും വഴി ഈ ആശയത്തിന് സമഗ്രമായ രൂപഭാവം നൽകാനാണ് ഈ ദിനങ്ങളിൽ ശ്രമിച്ചത്. ജൂൺ 26ന് സന്ദേശഭവൻ, ബിഷപ്സ് ഹൗസ്, സെമിനാരി എന്നിവിടങ്ങളിലെ വൈദികർ അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ ഒന്നിച്ചുചേർന്ന് പ്രാഥമിക ചർച്ചകൾ നടത്തി. ഡയറക്ടർ അവതരിപ്പിച്ച കരടുരേഖയുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങളും പ്രായോഗികതീരുമാനങ്ങളും ഉയർന്നുവന്നു. അഭിവന്ദ്യപിതാക്കന്മാർ ഫൊറോനകളിൽ മാസധ്യാനത്തിന് ചെല്ലുമ്പോൾ ഈ വിഷയം മുഖ്യമായി പങ്കുവച്ച് ചർച്ച ചെയ്യുമെന്ന് പറയുകയുണ്ടായി.

രണ്ടു ബാച്ചുകളിലായി നടന്ന വൈദികരുടെ റിഫ്രഷർ കോഴ്സിൽ ആദ്യ ദിവസംതന്നെ ഫാ. മാത്യു ആശാരിപ്പറമ്പിൽ കുടുംബകൂട്ടായ്മയെക്കുറിച്ച് വിശദമായ പഠനം അവതരിപ്പിച്ചു. ബഹു. വൈദികർ ഗ്രൂപ്പ് തിരിഞ്ഞും പൊതുവായും ചർച്ചകൾ നടത്തുകയും ഇത് നടപ്പിലാക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. അജപാലനത്തിന്റെ ഈ പുതിയ ശൈലി ഈ ദിനങ്ങളുടെ അനിവാര്യതയാണെന്നും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ഇത് ശക്തമായി നടപ്പിലാക്കണമെന്നും തീരുമാനിച്ചു. ആഗസ്റ്റ് മാസത്തിൽ അഭിവന്ദ്യപിതാവ് ഇതു സംബന്ധിച്ച് ഇടയലേഖനത്തിലൂടെ ജനത്തെ ഉദ്ബോധിപ്പിക്കും. ഒക്ടോബർ 30ന് മുമ്പായി 15-20 കുടുംബങ്ങൾ ചേരുന്ന ചെറുയൂണിറ്റുകളായി എല്ലാ ഇടവകകളെയും തിരിച്ച് റിപ്പോർട്ട് ഓഫീസിൽ എത്തിക്കണം. നവംബറിൽ ഫൊറോന സമിതികളും ഡിസംബർ ആദ്യം അതിരൂപതാതല ഉദ്ഘാടനവും നടക്കും.

വരുംദിനങ്ങളിൽ കുടുംബകൂട്ടായ്മയുടെ അനിവാര്യതയും നൂതനത്വവും പങ്കുവച്ച് ഇടവകാജനത്തെ ബോധവൽക്കരണം നടത്തിയാൽ മാത്രമേ ഇത് വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ബഹു. വൈദികരും സിസ്റ്റേഴ്സും മതാധ്യാപകരും പാരീഷ് കൗൺസിൽ അംഗങ്ങളും ത്യാഗബുദ്ധിയോടെ സജീവമായി പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഈ കൂട്ടായ്മയെ നയിക്കുവാൻ അഞ്ച് ഭാരവാഹികൾ ഉണ്ടായിരിക്കും**

**1. പ്രസിഡന്റ് :** പൊതുസമ്മതനും ഉന്നതനിലാവരം പുലർത്തുന്നവനുമായ വ്യക്തിയാണ് ഈ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുക്കുന്നത്. അദ്ദേഹമാണ് ലീഡർ. **വൈസ് പ്രസിഡന്റ് :** വനിതാപ്രതിനിധി, എല്ലാക്കാര്യത്തിലും ലീഡറാകാൻ കഴിവുള്ള ആൾ ആയിരിക്കണം. **സെക്രട്ടറി:** കുട്ടികളുടെയും യുവജനങ്ങളുടെയും വിദ്യാഭ്യാസത്തിലും വിശ്വാസപരിശീലനത്തിലും ശ്രദ്ധിക്കുവാൻ കഴിവുള്ള ആൾ (അധ്യാപകരോ മതാധ്യാപകരോ, ഇത്തരം യോഗ്യതയുള്ള ആരെങ്കിലുമോ ആവാം). റിപ്പോർട്ട് എഴുതണം. **ട്രഷർ:** സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ആളാണ്. കണക്ക് എഴുതുകയും അവതരിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഈ യുവജന പ്രതിനിധിയ്ക്കായിരിക്കും. **കൺവീനർ :** യൂണിറ്റിലെ എല്ലാ ഭക്തസംഘടനകളെയും കോർത്തിണക്കി പ്രവർത്തിക്കുവാൻ കഴിയണം. സാമുദായിക പ്രതിനിധിയാണ്.

1) ഈ അഞ്ച് ഭാരവാഹികളിൽ രണ്ട് പേർ പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.
2) രണ്ട് പേർ വനിതകളായിരിക്കണം.

ഇതിനുപുറമേ ഓരോ യൂണിറ്റിൽനിന്നും 8 പ്രതിനിധികളെ നിശ്ചയിക്കണം.

1) ക്രിസ്റ്റീൻ 2 ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും
2) മാതൃവേദി 3) കത്തോലിക്കാ കോൺഗ്രസ്സ് 4) മദ്യവിരുദ്ധ സമിതി 5) ദീപിക ഫ്രണ്ട്സ് ക്ലബ്ബ് 6) ഇൻഫാം 7) ടിഎസ്എസ്എസ്.

ഓരോ യൂണിറ്റിനും ഒരു സിസ്റ്റർ ആനിമേറ്റർ ഉണ്ടായിരിക്കും. ഈ കൂട്ടായ്മ എല്ലാമാസവും മുടങ്ങാതെ മുഴുവൻ അംഗങ്ങളും ചേർന്ന് നടത്തണം. അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ഹാജർ എടുക്കുകയും മുടങ്ങാതെ വരുന്ന കുടുംബത്തിനും വ്യക്തിക്കും വർഷാവസാനം സമ്മാനം നൽകുകയും വേണം. മാസത്തിലൊരിക്കൽ ഒന്നിച്ച് ചേരുമ്പോൾ ഉണ്ടാകുന്ന ചിലവുകൾക്കായി (ഭക്ഷണം, അലങ്കാരം, സമ്മാനം) 50 രൂപയിൽ കുറയാത്ത ഒരു തുക സ്തോത്രക്കാഴ്ചയായി സമർപ്പിക്കണം. സാമ്പത്തിക പരാധീനതയുടെ പേരിൽ ആരും മാറി നിൽക്കരുത്. പരസ്പരം സഹായിക്കുവാൻ മനസ്സ് തുറക്കുന്ന കൂട്ടായ്മയായി യൂണിറ്റുകൾ മാറണം. ഇടവകയിലെ യൂണിറ്റുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഇടവക കോ-ഓർഡിനേറ്റർക്കാണ്. യൂണിറ്റ് ഭാരവാഹികളെ മൂന്ന് മാസത്തിലൊരിക്കൽ വികാരിയച്ചൻ ഇടവകയിൽ വിളിച്ച് ചേർക്കുകയും ഇടവകയെക്കുറിച്ചുള്ള പദ്ധതികളും പഠനങ്ങളും നടത്തുകയും ചെയ്യുമ്പോൾ ഇടവകയിൽ ഏതുകാര്യവും (നിർമ്മാണം, തിരുനാൾ, കരോൾ മുതലായവ)

സുഗമമായി നടപ്പിലാക്കുവാൻ കഴിയും. അനുദിനകാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് മാസത്തിലൊരിക്കൽ ചേരുന്ന പാരീഷ്കൗൺസിൽ യോഗമാണ്. ഫൊറോനാകൗൺസിൽ കൂട്ടായ്മയുടെ ഫെറോന സംവിധാനവും പാസ്റ്ററൽ കൗൺസിൽ അതിരൂപതാസംവിധാനവുമായിരിക്കും. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായിരിക്കും കുടുംബക്കൂട്ടായ്മയുടെ അതിരൂപതാ കോർഡിനേറ്റർ.

കുടുംബക്കൂട്ടായ്മകളുടെ ഈ പുതുസംവിധാനം നമ്മുടെ വിശ്വാസജീവിതത്തിനും സഭാജീവിതത്തിനും പുതിയ ഉണർവ്വുകളും സാധ്യതകളും നൽകുന്നതാണ്. ഏകദേശം മൂന്ന് ലക്ഷത്തോളം കത്തോലിക്കാരും അറുപതിനായിരത്തിലധികം കുടുംബങ്ങളുമുള്ള ഈ കുടിയേറ്റജനതയുടെ ഐക്യവും കൂട്ടായ്മയും വളർത്തിയെടുക്കേണ്ട കാലഘട്ടമാണ്. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മാവിനെയാണ് കർത്താവ് നമുക്ക് നൽകിയിരിക്കുന്നത് (2 തിമോ 1:7) അതിനാൽ സ്നേഹത്തിന്റെ യോജിപ്പിലൂടെ നമ്മുടെ ശക്തി തിരിച്ചറിഞ്ഞ് നമ്മുടെ കൂട്ടായ്മകളും സഭാസ്നേഹവും സാമുദായിക ബോധവും നാം വളർത്തിയെടുക്കണം.

## പ്രായോഗിക നിർദ്ദേശങ്ങൾ

1. വാർഡുകൾ വിഭജിക്കുമ്പോൾ ഇടവകയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് വീടുകളുടെ എണ്ണത്തിൽ ചെറിയരീതിയിൽ കൂട്ടാനോ, കുറയ്ക്കാനോ വികാരിയച്ചന്മാർക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ ചെറുതാണ് സുന്ദരം, ശക്തം എന്ന അടിസ്ഥാന സ്വഭാവം മറികടക്കരുത്.
2. എളുപ്പത്തിൽ ഒന്നിച്ച് ചേരാവുന്ന രീതിയിൽ അടുത്തടുത്തുള്ള വീടുകളെ ക്രമീകരിക്കണം. (20-ൽ കൂടാതിരിക്കാൻ ശ്രമിക്കണം).
3. അഞ്ച് ഭാരവാഹികളെ നിശ്ചയിക്കണം.
   ഉണർവ്വും കഴിവും ജനസമ്മതിയും നേതൃത്വഗുണവും ഉള്ള ആളെ കണ്ടെത്തി പ്രസിഡന്റാക്കണം (ലീഡർ). ലീഡറുടെ താൽപര്യം പോലെയാണ് ഓരോ യൂണിറ്റുകളും ചലനാത്മകമാകുന്നത്.
4. എല്ലാ സംഘടനകളിലേയ്ക്കും ആളുകളെ കണ്ടെത്തി നിശ്ചയിക്കണം. ഒരു വീട്ടിൽനിന്ന് രണ്ട് പേർ ആയാലും കുഴപ്പമില്ല. യൂണിറ്റിലെ എല്ലാ കുടുംബങ്ങളും ഏതെങ്കിലും വിധത്തിൽ പങ്കുചേർക്കപ്പെടട്ടെ. ഓരോരുത്തരുടെയും പങ്കാളിത്തം എന്ന മന്ത്രം മുമ്പിൽ നിർത്തണം. Attachment leads to committment.
5. ഓരോ യൂണിറ്റിനും ഒരു മധ്യസ്ഥനെ നിശ്ചയിക്കണം. ആ വിശുദ്ധന്റെ/ വിശുദ്ധയുടെ തിരുനാൾ ദിവസം വാർഷികം ആയിരിക്കും.
6. കൂട്ടായ്മ ചേരുന്ന വീടുകൾ മുൻകൂട്ടി നിശ്ചയിക്കണം (മൂന്ന് മാസമെങ്കിലുംമുമ്പ്). ഒത്തു ചേരുന്ന വീട്ടിലെ കുടുംബനാഥൻ മറ്റ് വീട്ടുകാരെ, നേരിട്ടോ, ഫോണിലൂടെയോ രണ്ട് ദിവസം മുമ്പെങ്കിലും ഓർമ്മിപ്പിക്കണം.
7. കൂട്ടായ്മയുടെ ദിനവും ചേരുന്ന കുടുംബത്തിന്റെ പേരും വികാരിയച്ചൻ പള്ളിയിൽ വിളിച്ച് പറയണം.

8. കൂട്ടായ്മയുടെ അനിവാര്യതയാണ് ഒന്നിച്ച് ഭക്ഷണം കഴിക്കുന്നത്. വീട്ടുകാർ നേരത്തെതന്നെ ഭക്ഷണം തയ്യാറാക്കണം. അയൽക്കാർക്ക് സഹായിക്കാം (പ്രാർത്ഥന മുടക്കരുത്). ആർക്കെങ്കിലും സാമ്പത്തിക വിഷമമുണ്ടെങ്കിൽ സ്തോത്രക്കാഴ്ചയിലൂടെ സമാഹരിച്ച് സഹായിക്കണം. ലളിതമായ അത്താഴം (ഇറച്ചി, മീൻ ഒഴിവാക്കി) കൊടുക്കണം.
9. പാത്രങ്ങളും കസേരകളും ആവശ്യമെങ്കിൽ പൊതുവായി സംഘടിപ്പിക്കാം. (കുറച്ച് യൂണിറ്റുകൾ ചേർന്ന്).
10. ആളുകൾ കൂടുതലുള്ള കൂട്ടായ്മകൾ സജീവമാക്കുന്നതിനുവേണ്ടി ചെറിയ സൗണ്ട് സിസ്റ്റം വാങ്ങിക്കാം (കൂടുതൽ പേർ ഉണ്ടെങ്കിൽ ഒന്നിച്ച് വാങ്ങിച്ചാൽ വില കുറയും).
11. യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് കഴിയുന്നതും വേഗം തരണം. (ഫോറം എത്തിച്ചുതരുന്നതാണ്.)
12. നിയമാവലിയും റിപ്പോർട്ട് ഹാജർബുക്കും പ്രാർത്ഥനാപുസ്തകവും രണ്ട് മാസത്തിനുള്ളിൽ സംലഭ്യമാക്കുന്നതാണ്.
13. ആവശ്യമെങ്കിൽ കൂട്ടായ്മയിൽ സ്തോത്രക്കാഴ്ച എടുക്കാം.
14 ഇത് നടപ്പിൽ വരുത്തുമ്പോൾ പ്രാരംഭഘട്ടത്തിൽ ചില തടസവാദങ്ങൾ ഉണ്ടാകും. മഴക്കാലത്തെ ബുദ്ധിമുട്ടുകൾ, ചില വീടുകളുടെ വലിപ്പക്കുറവ്, വീടുകൾ തമ്മിലുള്ള അകലം, ഭക്ഷണം കൊടുക്കുന്നതിൽ പ്രായോഗികബുദ്ധിമുട്ട്, സ്തോത്രക്കാഴ്ചയെക്കുറിച്ചുള്ള ആശങ്ക, അച്ചന്മാരുടെ സാന്നിദ്ധ്യം, സിസ്റ്റേഴ്സിന്റെ പങ്കാളിത്തം, പ്രാർത്ഥന നടത്താനുള്ള ചില ലീഡേഴ്സിന്റെ കഴിവ് കുറവ് മുതലായവ. എന്നാൽ സാവധാനം ഇത് പരിഹരിക്കുവാൻ നമുക്ക് കഴിയും.

ഇത് നടപ്പിലാക്കി ഒരു വർഷം കഴിയുമ്പോൾ പ്രായോഗിക അനുഭവത്തിന്റെ വെളിച്ചത്തിൽ പുനർവിചിന്തനം നടത്താം. എങ്ങനെയെങ്കിലും തട്ടികൂട്ടി റിപ്പോർട്ടുകൾ മാത്രം ആക്കി ഒപ്പിക്കാം എന്ന് വെച്ചാൽ നാം ഉദ്ദേശിക്കുന്ന അന്മായ പങ്കാളിത്തം, സാമുദായികസ്നേഹം, സഭയുടെ ഉണർവ്വ് എന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്ക് എത്താൻ കഴിയില്ല. ഇതിന്റെ തനിമയിലും ആദർശത്തിലും പൂർണ്ണതയിലുമാണ് നടപ്പിലാക്കേണ്ടത്. ഏതു കാര്യത്തിനും നിർദ്ദേശവും പ്രോത്സാഹനവും നല്കാൻ ഓഫീസ് തയ്യാറായിരിക്കും. ഓഫീസിൽ കുടുംബകൂട്ടായ്മയുടെ ആനിമേറ്ററായി തിരുഹൃദയസഭയിലെ സി. മെർലിൻ ജോസ് എസ്എച്ച് (MSW BEd) ശുശ്രൂഷയ്ക്കായി നിയമിക്കപ്പെട്ടിട്ടുണ്ട്. ഓഫീസ് ഫോൺ നമ്പർ 9074314742. ഇതിനു പുറമേ അതിരൂപത സെൻട്രൽ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

തമ്പുരാനിൽ ആശ്രയിച്ചും പരിശുദ്ധമറിയത്തിന്റെയും യൗസേപ്പിതാവിന്റെയും മാധ്യസ്ഥ്യം തേടിയും ഈ പുതിയ ദൗത്യത്തിനായി നാം പരിശ്രമിക്കുന്നു. നമുക്ക് പ്രാർത്ഥിച്ച് പരസ്പരം ശക്തിപ്പെടുത്താം.

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

# എ.കെ.സി.സി.

*എല്ലാവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!*

## കത്തോലിക്കാകോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ്

30.6.2018 ശനിയാഴ്ച സന്ദേശഭവനിൽ ചേർന്ന അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിൽ അതിരൂപതപ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപ്പറമ്പിൽ വിഷയാവതരണം നടത്തി. സംഘടനയുടെ പ്രസക്തിയെപ്പറ്റിയും സംഘടന ആവിഷ്ക്കരിക്കേണ്ട പദ്ധതികളെയുംപറ്റിയും അദ്ദേഹം വിവരിച്ചു. നമ്മുടെ അതിരൂപതയിൽ ക്രിയാത്മകപ്രവർത്തനങ്ങളുമായി കത്തോലിക്കാ കോൺഗ്രസ് മുന്നേറണമെന്ന് ഡയറക്ടർ സൂചിപ്പിച്ചു. ജൂലൈ 21ന് പടന്നക്കാട് വെച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ് കാഞ്ഞങ്ങാട് റീജിയൻ കത്തോലിക്കാ കോൺഗ്രസ് പ്രതിനിധിസമ്മേളനം വിജയിപ്പിക്കണമെന്ന് തീരുമാനിച്ചു. കത്തോലിക്കാകോൺഗ്രസ് തലശ്ശേരി അതിരൂപത പ്രവർത്തനഫണ്ട് സ്വരൂപീകരണത്തിനായി നടത്തിയ പരസ്പരസഹായ നിധി കാലാവധി പൂർത്തിയായതിനാൽ പുതിയ പരസ്പരസഹായനിധി വീണ്ടും ആരംഭിക്കുന്നതിന് തീരുമാനിച്ചു. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ പുതിയ പ്രൊജക്ടുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കണം. ജൂലൈ മാസത്തിൽ എല്ലാ ഫൊറോന കമ്മിറ്റികളും ചേരുന്നതിനും യോഗത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുക്കുന്നതിനും തീരുമാനിച്ചു. ആഗസ്റ്റ്മാസത്തിൽ യൂണിറ്റ് കമ്മിറ്റികൾ ചേരുന്നതിനുവേണ്ട നടപടികൾ ഫൊറോനകമ്മിറ്റികൾ സ്വീകരിക്കേണ്ടതാണ്. ജൂലൈ 3 സെന്റ് തോമസ് ദിനം സമുദായദിനമായി ആചരിക്കുന്നതിനു എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തുന്നതിനും മറ്റും തീരുമാനിച്ചു.

## സമുദായദിനം ജൂലൈ 3 ആലക്കോട്

ജൂലൈ 3 സെന്റ് തോമസ് ദിനം സമുദായദിനമായി ആചരിച്ചു. സമുദായത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപ്പറമ്പിൽ നിർവ്വഹിച്ചു. രാവിലെ 7 മണിക്ക് ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച സമുദായദിന സന്ദേശം നൽകി. തുടർന്ന് പതാകഉയർത്തി. അതിരൂപതപ്രസിഡന്റ് ദേവസ്യ കൊങ്ങോല ആലക്കോട് സെന്റ് മേരീസ് ഫൊറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ, അതിരൂപത സെക്രട്ടറി തോമസ് മാണി കളപ്പുര, ഡൊമിനിക് വരിക്കമാക്കൽ, ബാബു വളവനാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു.

## ഫൊറോന കമ്മിറ്റികൾ

താഴെപ്പറയുന്ന തീയതികളിൽ ഫൊറോന കമ്മിറ്റികൾ ചേർന്നു!

ജൂലൈ 3 കുന്നോത്ത് ഫൊറോന - മാടത്തിൽ
4 ചെമ്പേരി ,, - ചെമ്പേരി
5 പൈസക്കരി ,, - ജോസ് മൗണ്ട്
15 ചെമ്പന്തൊട്ടി ,, - ചെമ്പന്തൊട്ടി
15 തളിപ്പറമ്പ് ,, - തളിപ്പറമ്പ്
16 നെല്ലിക്കാംപൊയിൽ ,, - ഉളിക്കൽ

ചെമ്പന്തൊട്ടി ഫൊറോനയിലെ കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ മക്കളിൽ എസ്എസ്എൽസി, പ്ലസ്ടൂ എന്നിവയ്ക്കു മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ 21 കുട്ടികളെ യോഗത്തിൽ അഭിനന്ദിച്ച്, മെമന്റോ നൽകി ആദരിച്ചു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നല്കി. ചെമ്പന്തൊട്ടി കത്തോലിക്കാ കോൺഗ്രസ് ഫൊറോനകമ്മിറ്റിക്ക് അതിരൂപത കമ്മിറ്റിയുടെ അഭിനന്ദനങ്ങളും പ്രവർത്തനവിജയങ്ങളും.

ജൂലൈ 17 ന് സന്ദേശഭവനിൽവെച്ച് അഭിവന്ദ്യപിതാക്കന്മാരുമായി കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതയിലെ പ്രവർത്തനങ്ങളെപറ്റി ആർച്ച്ബിഷപ്സ് ഹൗസിൽവെച്ച് മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് തിരുമേനിയുടെയും സന്ദേശഭവനിൽവെച്ച് സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിയുമായി പങ്കുവച്ചു. പുതിയ പദ്ധതികൾ രൂപീകരിച്ച് കത്തോലിക്കകോൺഗ്രസ്സ് മുന്നോട്ടു പോകണമെന്ന് അവർ നിർദ്ദേശിച്ചു.

## കാസർഗോഡ് ജില്ലാ പ്രതിനിധി സമ്മേളനം

ജൂലൈ 21 ശനിയാഴ്ച പടന്നക്കാടു പാസ്റ്ററൽ സെന്ററിൽ വച്ച് റീജണൽ കത്തോലിക്കാ കോൺഗ്രസ് പ്രതിനിധിസമ്മേളനം നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗം ഉദ്ഘാടനം നിർവ്വഹിച്ചു. മോൺ. ജോർജ് എളൂക്കുന്നേൽ, ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ, രൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ദേശീയ സെക്രട്ടറി ഡോ. ടോണി പുഞ്ചക്കുന്നേൽ എന്നിവർ ക്ലാസ് നയിച്ചു. റീജണൽ ഡയറക്ടർ ഫാ. തോമസ് ആമക്കാട്ട് സ്വാഗതവും കൺവീനർ ജെയിംസ് നന്ദിയും പറഞ്ഞു. നാല് ഫൊറോനകളുടെയും ഭാരവാഹികളും ഇടവകപ്രതിനിധികളുമായി നൂറോളംപേർ പങ്കെടുത്തു.

## കണ്ണൂർ ജില്ല സമ്മേളനം

കത്തോലിക്കാകോൺഗ്രസ്സിന്റെ കണ്ണൂർ ജില്ലാപ്രതിനിധി സമ്മേളനം സെപ്റ്റംബർ 1 ശനിയാഴ്ച 9 മണിക്കു തളിപ്പറമ്പ് പള്ളിയിൽചേരുന്നു. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനവും ആമുഖസന്ദേശവും നൽകും. എല്ലാ യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കണം.

## എക്സിക്യൂട്ടീവ് യോഗം

കത്തോലിക്കാകോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 4 ശനിയാഴ്ച 10മണിക്ക് സന്ദേശഭവനിൽ ചേരുന്നതാണ്.

## രണ്ടാംകർഷക സ്വാതന്ത്ര്യസമരം

വൻമുതലാളിമാരുടെയും അധികാരകേന്ദ്രങ്ങളുടെയും അടിമയായി ഞെരുങ്ങുന്ന കർഷകർ പുതിയ സ്വാതന്ത്ര്യത്തിനായ് സമരരംഗത്ത് കടക്കുകയാണ്. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 അതിരൂപതാതല ഉദ്ഘാടനം ശ്രീകണ്ഠാപുരം ടൗണിൽ എകെസിസിയുടെ ആഭിമുഖ്യത്തിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കുന്നു. ഓഗസ്റ്റ് 15,17 തീയതികളിൽ (ചിങ്ങം 1 കർഷക ദിനം) രൂപതയുടെ വിവിധകേന്ദ്രങ്ങളിൽ സായാഹ്ന ധർണകളും സമ്മേളനവും ചേർന്ന് കർഷകരുടെ പ്രശ്നങ്ങൾ ഉയർത്തുവാൻ പരിശ്രമിക്കണം. മുഴുവൻ സംഘടനകളുടെയും കർഷകമക്കളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

കത്തോലിക്കാ സമുദായത്തിന്റെ ഉണർവ്വിനും ഐക്യത്തിനുമുള്ള പരിശ്രമത്തിൽ കൂടുതൽ സജീവമായി കത്തോലിക്കാ കോൺഗ്രസ് മുന്നേറുകയാണ്. കച്ചേരിക്കടവിൽ ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലങ്ങൾ ഡയറക്ടറും രൂപതാഭാരവാഹികളും സന്ദർശിച്ചു. കാലികപ്രസക്തിയുള്ള വിഷയങ്ങളിൽ പ്രതികരിക്കുവാനും വേണ്ടിവന്നാൽ പ്രതിഷേധിക്കുവാനും കത്തോലിക്കാ കോൺഗ്രസ് തയ്യാറാവുന്നു. കൃഷിനാശം സംഭവിച്ചവർക്കു നഷ്ടപരിഹാരം നൽകുന്നതും അപകടഭീഷണി ഉയർത്തുന്ന വൻമരങ്ങൾ മുറിച്ച് നീക്കുക, വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കർഷകരെ രക്ഷിയ്ക്കുക തുടങ്ങിയ പ്രശ്നങ്ങൾ മാധ്യമ ശ്രദ്ധയിൽപ്പെടുത്തി അധികാരികളിലേയ്ക്ക് എത്തിക്കുവാൻ പരിശ്രമിച്ചു. 35 വയസ്സിന് മുകളിലുള്ള മുഴുവൻ കത്തോലിക്ക മക്കളും ഈ സംഘടനയിൽ സജീവമായി പങ്കുചേർന്ന് യൂണിറ്റുകൾ രൂപീകരിക്കുകയും മലബാറിലെ ശക്തമായ സാമുദായിക ശക്തിയായി നാം ഉയരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സഭയ്ക്കും സമുദായത്തിനുമെതിരായ പ്രചരണങ്ങളെ ഒറ്റക്കെട്ടായിനിന്ന് നേരിടാനുള്ള സാമുദായികബോധം ഉണരേണ്ട കാലഘട്ടമാണിത്. ഇപ്പോൾ ഇല്ലെങ്കിൽ പിന്നെ എന്നാണ് നാം ഒന്നിച്ച് സംഘടിച്ച് ശക്തിയാർജ്ജിക്കുക? സാമുദായിക ബോധത്തിന്റെ കൊടുങ്കാറ്റായി മാറാൻ കത്തോലിക്കാകോൺഗ്രസ്സിനെ ശക്തിപ്പെടുത്താനുമുള്ള പരിശ്രമത്തിൽ മുഴുവൻ വൈദികരുടെയും സമർപ്പിതരുടെയും ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

**LOVE & CARE**

ഫ്രാൻസിസിക്ൻ അൽമായ സഭയുടെ പുതിയ മിഷൻ ആയ Love & Care പദ്ധതി കുന്നോത്ത് ഫൊറോനയിലെ അങ്ങാടിക്കടവ് ഇടവകയിൽ വച്ച് ഔദ്യോഗികമയി ഉദ്ഘാടനം ചെയ്യപ്പെട്ടു. റവ. ഫാ. ജോൺ ബോസ്കോ താന്നിയ്ക്കപ്പാറ ഉദ്ഘാടന കർമം നിർവഹിച്ചു. നിർധനരോഗികൾക്കുള്ള മരുന്നു വിതരണ പദ്ധതിയായ Love & Care ന്റെ യൂണിറ്റുകൾ:ഇരിട്ടി മേഖ ലയിൽ എടൂർ, അങ്ങാടിക്കടവ്, നെല്ലിക്കാംപൊയിൽ-ചെമ്പേരി മേഖലയിൽ: ചെമ്പേരി, പൈസക്കരി, ചെമ്പംതൊട്ടി-ചെറുപുഴ മേഖലയിൽ:ചെറുപുഴ, മുളപ്ര, തിരുമേനി എന്നീ ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭി ച്ചു. Love & Care നു വേണ്ടി എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്ന ബഹു. വികാരിയച്ചൻമാർക്ക് വളരെയധികം നന്ദി. പദ്ധതിയുടെ സുഗമ മായ നടത്തിപ്പിനുവേണ്ടി മേഖലാ പ്രസിഡന്റ്, സെക്രട്ടറി, കോ-ഓർഡിനേ റ്റേർസ്, യൂണിറ്റ് കോ-ഓർഡിനേറ്റേർസ് എന്നിവരെ നിയോഗിച്ചു.

**ധ്യാനം, സെമിനാർ**

അതിരൂപതയിലെ ഫ്രാൻസിസിക്ൻ അൽമായ സഭാംഗങ്ങളുടെ വാർഷിക ധ്യാനം 2018 ഓഗസ്റ്റ് 30,31 സെപ്തംബർ 1 തിയ്യതികളിലായി പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ആല ക്കോട് സബ് റീജിയന്റെ ആഭിമുഖ്യത്തിൽ വായാട്ടുപറമ്പിൽ വച്ച് ഓഗസ്റ്റ് 4 ാം തിയ്യതി ഏകദിന സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

# ഇൻഫാം വാർത്തകൾ

കാലവർഷം തിമിർത്തു പെയ്യുകയാണ്. ഉരുൾപൊട്ടലും ചുഴലിക്കാറ്റും കാർഷിക മേഖലയെ കനത്ത പ്രഹരമാണ് ഏൽപ്പിക്കുന്നത്. വീട് നഷ്ടപ്പെട്ട, കൃഷിയിടം ഒലിച്ചുപോയ, കാറ്റിന്റെ സംഹാരത്താൽ തകർന്ന റബ്ബർ തോട്ടങ്ങൾ തുടങ്ങി നിരവധി നാശനഷ്ടങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതി ക്ഷോഭത്താൽ മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജീവിതകാലം മുഴുവനും അദ്ധ്വാനിച്ചതിന്റെ ഫലം ഒരു നിമിഷംകൊണ്ട് ഇല്ലാതാകുമ്പോൾ നിസ്സാഹയകനായിത്തീരുന്ന കർഷകർക്ക് താങ്ങും തണലുമാകാൻ കർഷകർ തന്നെ മുന്നോട്ടു വരേണ്ടതുണ്ട്. സർക്കാർ പ്രഖ്യാപനങ്ങളും നടപടിക്രമങ്ങളും പൂർത്തിയാകുമ്പോൾ കർഷകന് ന്യായമായ സഹായങ്ങളോ പരിഗണനയോ ലഭിക്കാറില്ല. കർഷകരെ സഹായിക്കാൻ കർഷകരുടെ കൂട്ടായ്മയും സഹകരണവും അനിവാര്യമാണ്.

വർഷങ്ങൾക്ക് ശേഷമാണ് കാലവർഷം ഇത്ര നന്നായി ലഭിച്ചത്. ഇനി വർഷങ്ങൾക്ക് ശേഷമായിരിക്കും ഇതുപോലെ മഴ ലഭിക്കുക. നമ്മുടെ കൃഷിയിടങ്ങളിൽ നീർക്കുഴികളിലൂടെ മണ്ണിലേക്ക് വെള്ളമിറങ്ങാനുള്ള സംവിധാനങ്ങൾ കർഷകർക്കുണ്ടാകണം. വെള്ളത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കാൻ കർഷക കൂട്ടായ്മയിലൂടെ നമുക്ക് പരിശ്രമിക്കാം.

## വീടിനൊരു അടുക്കളത്തോട്ടം പദ്ധതി

കണ്ണൂർ ഹോളിഫാമിലി ഇടവകയിൽ ഇൻഫാമിന്റെയും ഡിഎഫ്സി ദീപികയുടെയും നേതൃത്വത്തിൽ വീടിനൊരു അടുക്കളത്തോട്ടം പദ്ധതിക്ക് തുടക്കമായി. ഇടവകയിലെ മുഴുവൻ വീടുകളിലും പാരീഷ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറി വിത്ത് എത്തിച്ചു നൽകി. ഇടവകാതല ഉദ്ഘാടനം ഫാ. ജോസഫ് കാവനാടി നിർവ്വഹിച്ചു. ഫാ. സെബാസ്റ്റ്യൻ ഇടയാടിയിൽ മുഖ്യസന്ദേശം നല്കി. തോമസ് കുരിശുമൂട്ടിൽ, രാജു ഈറപ്ലാക്കൽ, ജോവിൻ മാടപ്പള്ളി, മാണി പാലയ്ക്കൽ എന്നിവർ നേതൃത്വം നല്കി.

## അടുക്കളത്തോട്ടം പദ്ധതി കരിക്കോട്ടക്കരി

18.7.18ന് കരിക്കോട്ടക്കരി പാരീഷ് ഹാളിൽ ഇൻഫാമിന്റെയും മാതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ വീടിനൊരു അടുക്കളത്തോട്ടം പദ്ധതിയുടെ ഭാഗമായി പച്ചക്കറിവിത്ത് വിതരണം ചെയ്തു. തുടർന്ന് ജൈവകൃഷിയെക്കുറിച്ചും പച്ചക്കറികൃഷിയെക്കുറിച്ചും അയ്യൻകുന്ന് കൃഷി ഓഫീസർ ശ്രീമതി റെജീന ക്ലാസ്സ് എടുത്തു. കർഷക സെമിനാർ ഫാ. ആന്റണി പുന്നൂർ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജോസഫ് വാരണത്ത് വിത്ത് വിതരണം നടത്തി. ഫാ. ജോസഫ് കാവനാടി സെമിനാറിന് നേതൃത്വം നല്കി.

## ആദരാഞ്ജലികൾ

ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി അച്ചന്റെ പ്രിയ മാതാവിന്റെ നിര്യാണത്തിൽ ഇൻഫാം കുടുംബത്തിന്റെ ആദരാഞ്ജ ലികൾ നേരുന്നു. ശവസംസ്കാര ശുശ്രൂഷയിൽ പങ്കുചേരുകയും കുടും ബാംഗങ്ങളെ ആശ്വസിപ്പിക്കുയും ചെയ്ത ഇൻഫാം ജില്ലാ, മേഖല, ഭാരവാ ഹികൾ, പ്രവർത്തകർ എല്ലാവർക്കും ഇൻഫാം കണ്ണൂർ ജില്ലാകമ്മിറ്റിയുടെ നന്ദി! നന്ദി!!

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്


## നവദർശൻ ഫാമിലി റിന്യൂവൽ സെന്റർ, മാങ്ങാട്

**(Managed by MSMI Sisters-Kannur)**

**സൈക്കോ സ്പിരിച്ച്വൽ റിട്രീറ്റ് "മെസഞ്ചർ"**

**കുട്ടികൾക്കും യുവജനങ്ങൾക്കും ധ്യാനവും കൗൺസിലിംങ്ങും**

| | | |
|---|---|---|
| പേൾസ് ഓഫ് ഹോളിയൂക്കരിസ്റ്റ് | : I - IV | ക്ലാസ്സ് |
| ക്രൗൺസ് ഓഫ് ഹോളിയൂക്കരിസ്റ്റ് | : V - VIII | ,, |
| കാൻഡിൽസ് ഓഫ് ഹോളിയൂക്കരിസ്റ്റ് | : IX - XII | ,, |
| സോൾജിയേഴ്സ് ഓഫ് ഹോളിയൂക്കരിസ്റ്റ് | : യുവജനങ്ങൾക്ക് | |

കുട്ടികളെയും കൗമാരപ്രായക്കാരെയും യുവതി യുവാക്കളെയും വി. കുർബാനകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായ ജീവിതശൈലി പരി ശീലിപ്പിക്കുന്നതിനും ആത്മീയ മാനസിക വളർച്ചയ്ക്കു സഹായിക്കുന്ന തിനുമായി എം.എസ്.എം.ഐ. സിസ്റ്റേഴ്സ് നടത്തുന്ന മാങ്ങാട്ടുള്ള നവദർശൻ ഫാമിലി റിന്യൂവൽ സെന്റർ ധ്യാനങ്ങൾ സംഘടിപ്പിക്കുന്നു.

ഇടവകകളിലും സ്ഥാപനങ്ങളിലും ഈ പരിപാടി സംഘടിപ്പിക്കുന്ന തിനായി വിളിക്കുക: 9745233073, 9961273663.

പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ്
**ഡോ.സി. ജോണറ്റ് മരിയ MSMI**
(Phd Clinical Psychology)
**സി. സ്റ്റെല്ലാ അരീപ്പറമ്പിൽ MSMI**
(Mphil Counselling Psychology)

# പ്രതീക്ഷ വാർത്തകൾ

## എഎ സമ്മേളനങ്ങൾ

പ്രതീക്ഷയിൽ ചികിത്സ കഴിഞ്ഞവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സമ്മേളനം ജൂൺ മൂന്നിനും ജൂലൈ ഒന്നിനുമായി നടത്തപ്പെട്ടു. സമ്മേളനങ്ങളിൽ സി. നിർമ്മല എസ്എബിഎസ് (ചേറ്റംകുന്ന്), ഡോ. ജയ്സൺ ഇലവുങ്കൽ (തളിപ്പറമ്പ്) എന്നിവർ ക്ലാസ്സുകളെടുത്തു. സി. തെരേസ് സിഎച്ച്എഫ്, ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ജോയി മണ്ഡപത്തിക്കുന്നേൽ, സി. എത്സീന എസ്എബിഎസ്, മനു മാത്യു, ഇ.വി നാരായണൻ എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം, ടിസി തോമസ് എന്നിവർ എഎ പങ്കുവയ്ക്കലിനും ചർച്ചകൾക്കും നേതൃത്വം നൽകി.

## ലോകപരിസ്ഥിതി ദിനാചരണവും സെമിനാറും

പ്രതീക്ഷയിലെ ചികിത്സാർത്ഥികളും സ്റ്റാഫും ഒന്ന് ചേർന്ന് നടത്തിയ ദിനാചരണത്തിൽ ഫാ. ജോൺസൺ അധ്യക്ഷത വഹിച്ചു. ക്ലാസ്സുകൾക്ക് എ.കെ. രമ്യ (എരഞ്ഞോളി) പഞ്ചായത്ത് പ്രസിഡന്റ് നേതൃത്വം നൽകി. അന്നേദിവസം വൃക്ഷത്തൈ നട്ട് ദിനാചരണം അർത്ഥവത്താക്കി.

## മാനേജിംഗ് കമ്മിറ്റി

ജൂൺ 22ന് ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ കണക്ക് വായനയും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയും നടന്നു. ആന്റണി അത്താഴപ്പാടം, അബ്രാഹം പാരിയ്ക്കാപള്ളി, മാത്യു എം. കണ്ടത്തിൽ, സണ്ണി പായ്ക്കാട്ട്, സണ്ണി ജോസഫ് പുത്തേട്ട്, കെ.വി. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, ജയ്സൺ മർക്കോസ്, സെബാസ്റ്റ്യൻ പെരുമ്പുഴ എന്നിവർ വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. നിലവിലുള്ള ബൈലോ നവീകരണത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഫാ. ഡയറക്ടർ, സണ്ണി ജോസഫ്, മാത്യു എം കണ്ടത്തിൽ, സണ്ണി പായ്ക്കാട്ട് എന്നിവരെ ഉത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്തു.

## ലോക ലഹരിവിരുദ്ധ ക്യാമ്പയിൻ

ലോകലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി തുടർച്ചയായ മൂന്നു ദിവസങ്ങളിൽ ഇരിട്ടി റീജിയൻ കേന്ദ്രമാക്കി ലഹരിവിരുദ്ധ ക്ലാസ്സുകളും പോസ്റ്റർ നിർമ്മാണം, പോസ്റ്റർ പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിച്ചു. ആറളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഔദ്യോഗിക ഉദ്ഘാടനസമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ ആറളം പഞ്ചായത്ത് വാർഡ് മെമ്പർ പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ചെയർപേഴ്സൺ ഡോ. വൽസമ്മ കൊങ്ങോല ഉദ്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ പി.പി. ലാലി സ്വാഗതവും ഫീദ ടി.പി നന്ദിയും അബ്രാഹം പാരിയ്ക്കാപള്ളിൽ ആശംസയും പറഞ്ഞു. മാത്യു എം. കണ്ടത്തിൽ വിഷയാവതരണവും ലഹരിവിരുദ്ധ പ്രതിജ്ഞയും ചൊല്ലി ക്കൊടുത്തു.

സെന്റ് അൽഫോൻസാ (ഇംഗ്ലീഷ് മീഡിയം) കീഴ്പ്പള്ളി, സെന്റ് സെബാസ്റ്റ്യൻ യു.പി. വെളിമാനം, സുഹറ യു.പി, വെള്ളരിവയൽ, സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്, എച്ച്എസ്എസ്, വെളിമാനം സെന്റ് മേരീസ് ഹൈസ്കൂൾ, എടൂർ, സെന്റ് തോമസ് എച്ച് എസ്എസ്, കിളിയന്തറ, സെന്റ്

മേരീസ് എച്ച്എസ്എസ്, എടൂർ സെന്റ് ജോസഫ്സ് എച്ച്എസ്എസ്, കുന്നോത്ത് ബെൻഹിൽ (ഇംഗ്ലീഷ് മീഡിയം) എന്നീ സ്കൂളുകളിൽ ഫാ. ജോൺസൺ അന്ത്യാംകുളം, ഡോ. ജോസലറ്റ് മാത്യു, അഡ്വ മനോജ് എം. കണ്ടത്തിൽ, സണ്ണി ജോസഫ് പുത്തേട്ട് എന്നിവർ ക്ലാസ്സുകൾക്കും ചർച്ച കൾക്കും നേതൃത്വംനൽകി. പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ മാത്യു എം.കണ്ടത്തിൽ, അബ്രാഹം പാരിക്കാപ്പള്ളിൽ എന്നിവർ ആശംസ കൾ അർപ്പിക്കുകയും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ചെയ്തു. സ്കൂൾ സന്ദർശനത്തിനും സെമിനാറിനും സഹായിച്ച വിവിധ സ്കൂൾ മനേജർമാരെയും പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, അധ്യാപകർ എന്നി വരേയും ഏറെ നന്ദിയോടെ ഓർക്കുന്നു.

## ലഹരിവിരുദ്ധദിനാചരണം പ്രതീക്ഷാസെന്ററിൽ

ജൂൺ 26-ന് ചികിത്സാകേന്ദ്രത്തിൽ വച്ച് പ്രത്യേക സമ്മേളനം നടത്ത പ്പെട്ടു. വികാരിജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ മുഖ്യാതിഥിയായി രുന്നു. ഫാ. ജോൺ നൂറമ്മാക്കൽ, സി. എത്സീന എസ്എബിഎസ്, സി. തെരേസ സിഎച്ച് എഫ്, സി. ഷാന്റി ജോൺ എസ്കെഡി എന്നിവർ ആശം സകൾ അർപ്പിച്ചുസംസാരിച്ചു.

## ഏകദിന സെമിനാർ

ചികിത്സാലയത്തിൽ വച്ച് ജൂൺ 28-ന് മദ്യവിമുക്ത സമൂഹം-ഇന്നിന്റെ വെല്ലുവിളികൾ-എന്ന വിഷയ കേന്ദ്രീകൃതമായ സെമിനാർ നടത്തപ്പെട്ടു. ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി ഷീബ (എരഞ്ഞോളി പഞ്ചായത്ത്) ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. എക്സൈസ് ഉദ്യോഗസ്ഥൻ മോഹൻദാസ് ക്ലാസ്സുകളും ചർച്ചകളും നയിച്ചു.

## ഗ്രൂപ്പ് ടാലന്റ് ഡേ

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ചികിത്സാർത്ഥികൾക്കായി വിവിധ ഗ്രൂപ്പുകളിലായി വിവിധമത്സര ഇനങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി.

## ബൈലോ ഭേദഗതി കമ്മിറ്റി

മുൻ നിശ്ചയപ്രകാരം കൂടിയ കമ്മിറ്റിയിൽ സണ്ണി പുത്തേട്ട്, സണ്ണി പായിക്കാട്ട്, അഡ്വ. മനോജ് എം. കണ്ടത്തിൽ ഫാ. ഡയറക്ടർ എന്നിവർ സംബന്ധിച്ച് ചർച്ച ചെയ്തു.

## ബോധവൽക്കരണ ക്ലാസ് തലശ്ശേരി സ്പെഷ്യൽ സബ് ജയിലിൽ

ജയിൽ ഉദ്യോഗസ്ഥർക്കും അന്തേവാസികൾക്കുമായി ജൂൺ 12-ന് ഫാ. ജോൺസൺ അന്ത്യാംകുളം സബ് ജയിൽ ഹാളിൽ വച്ച് ക്ലാസ്സെടുത്തു.

## അറിയിപ്പ്

ഇടവകകളിൽനിന്നും മദ്യം, പുകവലി തുടങ്ങിയ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരെ ചികിത്സക്കായി കണ്ടെത്തി രക്ഷിക്കാൻ വായനക്കാർ ശ്രദ്ധിക്കണേ.

സ്നേഹത്തോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ



# സെന്റ് വിൻസെന്റ് ഡി പോൾസൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"ദൈവത്തോട് ചേർന്നുനില്ക്കുക; അവിടുന്ന് നിങ്ങളോടും ചേർന്നു നില്ക്കും." (യാക്കോബ് 4:8)*

### ദി പ്രോജക്ട് വിഷന് തുടക്കം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി അതിരൂപത സെൻട്രൽ കൗൺസിൽ റൂബി ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കുന്ന ദി പ്രോജക്ട് വിഷൻ പരിപാടിയുടെ ഉദ്ഘാടനം തളിപ്പറമ്പിൽ നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗ്ഗീസ് നിർവഹിച്ചു. പ്രോജക്ട് വിഷൻ ഡയറ്കടർ ഫാ. ജോർജ് കണ്ണന്താണം ലോഗോ ഏറ്റുവാങ്ങി. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, ഫാ. എബ്രാഹം പോണാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ, ബാബു ജോസഫ് കൊട്ടാരത്തിൽ, പൗലോസ് പറേടം എന്നിവർ സംബന്ധിച്ചു. മരണശേഷം നേത്രപടലം അന്ധരായ ആളുകൾക്ക് സംഭാവന ചെയ്യാൻ പ്രേരിപ്പിക്കുന്നതിന് രാജ്യവ്യാപകമായ ബോധവൽക്കരണ പരിപാടികളാണ് പ്രോജക്ട് വിഷൻ ആവിഷ്ക്കരിക്കുന്നത്.

തലശ്ശേരി അതിരൂപതയിൽ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതിക്ക് വിൻസെന്റ് ഡി പോൾ സൊസൈറ്റിയാണ് നേതൃത്വം ഏറ്റെടുത്തിരിക്കുന്നത്. മരണശേഷം ആറു മണിക്കൂറിനുള്ളിൽ നേത്രപടലം എടുത്താൽ രണ്ട് അന്ധരായവർക്ക് വച്ചുപിടിപ്പിച്ച് അവർക്ക് ഇരുട്ടകറ്റാൻ സാധിക്കുമെന്നതിനാൽ ഈ പദ്ധതിയുടെ സന്ദേശം മുഴുവനാളുകളിലേക്കും എത്തിക്കാനുള്ള ചുമതലാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഈ വർഷം അഭിമാനപൂർവ്വം ഏറ്റെടുത്തിരിക്കുന്നതെന്ന് പ്രസിഡന്റ് ബാബു ജോസഫ് കൊട്ടാരത്തിൽ പറഞ്ഞു.

### ആത്മീയപ്രഭയിൽ റൂബി ജൂബിലി സമ്മേളനവും വാർഷികാഘോഷവും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സെൻട്രൽ കൗൺസിൽ2017-18 വർഷത്തെ വാർഷികാഘോഷവും റൂബി ജൂബിലി സമ്മേളനവും തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഹാളിൽ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

സ്നേഹിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വ്യക്തിയെ അറിയുകയും മനസിലാക്കുകയും ചെയ്യുകയെന്നതാണെന്നും 40 വർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് സുവിശേഷത്തെ സജീവമായി സാക്ഷ്യപ്പെടുത്തി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അതാണു ചെയ്തുകൊണ്ടിരിക്കുന്നതെന്നും മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

ചടങ്ങിൽ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് ബാബു ജോസഫ് കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു. മുൻ ആത്മീയ ഉപദേഷ്ടാക്കളായ വൈദികരുടെ കാർമികത്വത്തിൽ രാവിലെ 9.30ന് കൃതജ്ഞതാബലിയർപ്പണത്തോടെയാണ് വാർഷിക സമ്മേളനം ആരംഭിച്ചത്. മോൺ. ആന്റണി കൊഴുവനാൽ അനുഗ്രഹപ്രഭാഷണവും മൈക്കിൾ ഡിക്രൂസ് മുഖ്യപ്രഭാഷണവും നടത്തി. കെ.ഡി. ജോസഫ് കാരിക്കുന്നേൽ, ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ, പൗലോസ് പറേടം എന്നിവർ പ്രസംഗിച്ചു. ബേബി സിറിയക് ഉള്ളാട്ടിലിന്റെ പ്രാരംഭപ്രാർത്ഥന, അന്നമ്മ പൈകിടയുടെ ജ്ഞാനവായന എന്നിവയും നടന്നു.

ഉച്ചകഴിഞ്ഞ് നടന്ന റൂബി ജൂബിലി സമാപന സമ്മേളനം ദേശീയ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് അധ്യക്ഷത വഹിച്ചു. ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ ആത്മീയപ്രഭാഷണം നടത്തി. മരിയ ഷാജിയുടെ വിൻസെൻഷ്യൻ ചരിത്രാവിഷ്ക്കരണത്തോടെ ആരംഭിച്ച ചടങ്ങിൽ ബേബി കളരിക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ, ബാബു ജോസഫ് കൊട്ടാരത്തിൽ, ജോമി തയ്യിൽ, ജോസ് എലഞ്ഞിമണ്ണിൽ, ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

2017-18 വർഷത്തിൽ അതിരൂപതയിലെ 193 കോൺഫ്രൻസുകളിലൂടെ ജാതിമതഭേദമെന്യേയുള്ള ആതുരശുശ്രൂഷ, വിദ്യാഭ്യാസം, മറ്റു ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2.79 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയത്. റൂബി ജൂബിലി വർഷത്തിൽ ആഘോഷപരിപാടികൾ ഒഴിവാക്കി ജാതിമതഭേദമില്ലാതെ 40 വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചുവെങ്കിലും വിവിധകോൺഫ്രൻസുകളുടെ നേതൃത്വത്തിൽ 50 ഭവനങ്ങൾ നിർമ്മിക്കാൻ സാധിച്ചു. ഇതിൽ 43 എണ്ണം നിർമ്മാണം പൂർത്തീകരിച്ച് നല്കി കഴിഞ്ഞു. ഭവനനിർമ്മാണത്തിന് മാത്രം രണ്ടര കോടി രൂപയയാണ് ചിലവഴിച്ചത്.

ഈ വർഷം മികച്ച പ്രവർത്തനം നടത്തിയ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് കോൺഫറൻസ്, വെള്ളാട് സെന്റ് അൽഫോൻസാ വനിതാ കോൺഫറൻസ്, പെരുമ്പടവ് ഏരീയ കൗൺസിൽ എന്നിവയ്ക്കുള്ള അവാർഡുകൾ സമ്മേളനത്തിൽ വിതരണം ചെയ്തു. 40 വർഷം ശുശ്രൂഷ ചെയ്ത മുൻ സിസി പ്രസിഡന്റുമാരായ കെ.ഡി. ജോസഫ്, ബേബി സിറിയക് എന്നിവരെയും ചടങ്ങിൽ ആദരിച്ചു. ആയിരത്തിലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. എം.കെ. മാത്യു മൂന്നുപീടിക, സണ്ണി നെടിയകാലായിൽ, തോമസ് പാലാടി, ജോർജ് കൊല്ലംപറമ്പിൽ, ബസാനിയോ എസ്.വെട്ടം എന്നിവർ നേതൃത്വം നൽകി. മുൻ ആധ്യാത്മിക ഉപദേഷ്ടാക്കളായിരുന്ന മോൺ. ആന്റണി കൊഴുവനാൽ, റവ. ഫാ. അബ്രാഹം പോണാട്ട്, റവ. ഫാ. ജോസഫ് പൂവന്നിക്കുന്നേൽ, റവ. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, റവ. ഫാ. തോമസ് മേൽവെട്ടം. റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ എന്നിവരെ മാർ ജോസഫ് പാംപ്ലാനി പിതാവ് ഷാൾ അണിയിച്ചു ആദരിച്ചു.

**ഫാ. ജോസഫ് കാക്കരമറ്റത്തിൽ** — ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ** — സി.സി. പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനം

മദ്യവിരുദ്ധസമിതി, എഡിഎസ്‌യു, മുക്തിശ്രീ എന്നീ ലഹരിവിരുദ്ധ സംഘടനകൾ ജൂൺ 26 ലഹരിവിരുദ്ധദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

**സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് അങ്ങാടിക്കടവ്** : എഡിഎസ്‌യുവിന്റെ നേതൃത്വത്തിൽ അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് എച്ച്എസ്എസ് വിദ്യാർത്ഥികൾ അങ്ങാടിക്കടവ് ടൗണിൽ ലഹരിവിരുദ്ധറാലി, പ്രതിജ്ഞ, പോസ്റ്റർ, പ്രദർശനം, പൊതുസമ്മേളനം എന്നിവ നടത്തി. സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ ഫാ. ജോൺ മുല്ലക്കര അധ്യക്ഷത വഹിച്ചു.

**മേരിഗിരി എച്ച്എസ്എസ് തേർത്തല്ലി :** മേരിഗിരി എച്ച്എസ്എസ് വിദ്യാർത്ഥികൾ ലഹരിക്കെതിരെ പ്ലാക്കാർഡുകൾ ഏന്തി മുദ്രാവാക്യങ്ങൾ മുഴക്കി ഫ്ളാഷ് മോബിലൂടെ ലഹരിവിരുദ്ധ സന്ദേശം നല്കി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ആലക്കോട് പഞ്ചായത്ത് സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ ഗിരിജാ മണി അദ്ധ്യക്ഷത വഹിച്ചു.

**വായാട്ടുപറമ്പ് എച്ച്എസ്** : വായാട്ടുപറമ്പ ഹൈസ്കൂളിൽ നടന്ന ലഹരിവിരുദ്ധ സമ്മേളനം മുഖ്യാധ്യാപകൻ മാത്യു പുളിക്കൽ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ വികെ ജോർജ് നേതൃത്വം നൽകി.

വായാട്ടുപറമ്പ് സെന്റ് ജോസഫ് യുപി സ്കൂളിൽ ലഹരിവിരുദ്ധ റാലിയും പോസ്റ്റർനിർമാണവും രക്ഷിതാക്കൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സും നടത്തി.. ലഹരി ഉപയോഗത്തിന്റെ ഭവിഷ്യത്തുകൾ ചൂണ്ടിക്കാട്ടുന്ന വീഡിയോ പ്രദർശനവും നടത്തി.

**ചെറുപുഴ സെന്റ് മേരീസ് ഹൈസ്കൂൾ** : എഡിഎസ്‌യുവിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധറാലിയും പ്രതിജ്ഞയും നടത്തി. സ്കൂൾ അസംബ്ലിയിൽ എച്ച്എം ലഹരിവിരുദ്ധ സന്ദേശം നൽകി. കൊളാഷ്, പ്ലാക്കാർഡ് നിർമ്മാണം, മുദ്രാവാക്യം, പ്രസംഗം തുടങ്ങിയ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു.

**പെരുമ്പടവ് എച്ച്എസ്എസ്** : പെരുമ്പടവ് എച്ച്എസ്എസ് പ്രിൻസിപ്പാൾ ജേക്കബ് തോമസ് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ കുട്ടികൾ പ്രതിജ്ഞ എടുത്തു.

**കിളിയന്തറ എച്ച്എസ്എസ്** : കിളിയന്തറ സെന്റ് തോമസ് എച്ച്എസ്എസ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തിയ ലഹരിവിരുദ്ധ ദിനാചരണപരിപാടികൾ പായം പഞ്ചായത്ത് പ്രസിഡന്റ് എൻ അശോകൻ ഉദ്ഘാടനം ചെയ്തു. ഇരിട്ടി റേഞ്ച് എക്സൈസ് ഓഫീസർ ബാബുമോൻ ഫ്രാൻസിസ് ക്ലാസ്സ് എടുത്തു. തുടർന്ന് ലഹരിവിരുദ്ധ ചിത്രപ്രദർശനം നടത്തി. ബാബു, ക്ലീറ്റസ് എന്നിവർ പ്രസംഗിച്ചു.

**ഉളിക്കൽ വയത്തൂർ യുപി :** വയത്തൂർ യുപിഎസിൽ നടന്നലഹരിവിരുദ്ധ ദിനാചരണ പരിപാടികൾ ഉളിക്കൽ പോലീസ് സ്റ്റേഷനിലെ സിവിൽപോലീസ് ഓഫീസർ ഉമേഷ് ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ റാലി ഉളിക്കൽ ടൗണിൽ നടത്തുകയും ബസ്റ്റാന്റിൽ വച്ച് പ്രതീകാത്മകമായി പാൻമസാല ഏന്തിയ കോലം കത്തിച്ചു.

**മഞ്ഞളാംപുറം യുപി&കൊളക്കാട്യുപി** : ലഹരിവിരുദ്ധറാലി, സമ്മേളനം, പ്രതിജ്ഞ എന്നീ പരിപാടികൾ നടത്തി. എച്ച്എം മാത്യു ജോസ് ലഹരിവിരുദ്ധ സന്ദേശം നൽകി. കൊളക്കാട് യുപി സെന്റ് സെബാസ്റ്റ്യൻസ് യുപിഎസ് ഹെഡ്മിസ്ട്രസ് ശ്രീമതി ജാൻസി ജോസഫ് എഡിഎഡിയു പതാക ഉയർത്തി ലഹരിവിരുദ്ധ സന്ദേശം നൽകി.

**പാലാവയൽഎച്ച്എസ്എസ്** : സ്കൂൾ അസംബ്ലിയിൽ എച്ച്എം ശ്രീമതി റോസ്‌ലി ലഹരിവിരുദ്ധ സന്ദേശം നൽകി. എഡിഎസ്‌യു അംഗങ്ങളായ അൻഫിലോ, അഞ്ജന ബിനോയി എന്നിവർ പ്രസംഗിച്ചു. ഡിമൽ ഡിജോ കവിതാപാരായണം നടത്തി. ടൗണിലേക്ക് ലഹരിവിരുദ്ധ റാലിയും മയക്കുമരുന്ന് ഹോമവും നടത്തി.

**കോഴിച്ചാൽ എൽപിഎസ്&കരിക്കോട്ടക്കരിഎച്ച്എസ്** : സെന്റ് അഗസ്റ്റ്യൻസ് എൽപിഎസ് ലഹരിവിരുദ്ധ ദിനാചരണപരിപാടികൾ പയ്യന്നൂർ ബ്ലോക്ക് ഓഫീസർ പിപി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ടൗണിൽ ലഹരിവിരുദ്ധ റാലിയും നടത്തി കരിക്കോട്ടക്കരി എച്ച്എസ്-കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിൽ നടന്ന ലഹരിവിരുദ്ധ സമ്മേളനം ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംതടത്തിൽ ഉദ്ഘാടനം ചെയ്തു. മേഴ്സി മരിയ പ്രസംഗിച്ചു. ലഹരിക്കെതിരായുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഫോട്ടോ പ്രദർശനവും നടത്തി.

**പേരാവൂർ എച്ച്എസ്എസ് :** പേരാവൂർ എച്ച്എസ്എസിൽ നടത്തിയ ലഹരിവിരുദ്ധ പരിപാടികളുടെ ഉദ്ഘാടനം മാനേജർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് നിർവ്വഹിച്ചു. പ്രിൻസിപ്പാൾ റോയി മാത്യു അധ്യക്ഷം വഹിച്ചു. ജാക്സിൻ ജോസ്, റോബി ഇഗ്നേഷ്യസ്, റെനി ജോസഫ്, മഞ്ജുഷ കുര്യൻ എന്നിവർ പ്രസംഗിച്ചു. എഡിഎസ്‌യു പ്രസിഡന്റ് അതുൽകുര്യൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**മേരിപുരം എൽപിഎസ് :** സിവിൽ എക്സൈസ് പ്രവന്റീവ് ഓഫീസർ (ബന്തടുക്കറേഞ്ച്) ശ്രീ എൻ ദിവാകരൻ ബോധവൽക്കരണ ക്ലാസ്സ് നടത്തി. സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എം. കൃഷ്ണ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിവിൽ എക്സൈസ് ഓഫീസർമാരായ വിജയൻ സി, മനോജ് പി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**തോമാപുരം എച്ച്എസ് :** സ്കൂൾ മാനേജർ ഫാ. അഗസ്റ്റ്യൻ പാണ്ട്യാംമാക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് പിആർഒ ശ്രീ സെബാസ്റ്റ്യൻ പുത്തൻപുര ഉദ്ഘാടന സന്ദേശം നൽകി. തുടർന്ന് ലഹരിവിരുദ്ധ റാലി, പ്രതിജ്ഞ, പാൻപരാഗ് ഹോമം എന്നിവ നടത്തി. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള ഭൂരിപക്ഷം വിദ്യാലയങ്ങളിലും ലഹരിവിരുദ്ധദിനം വിവിധ പരിപാടികളോടെ ആചരിച്ചു. എഡിഎസ്‌യു ആനിമേറ്റേഴ്സിനും അധ്യാപകർക്കും എഡിഎസ്‌യു അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**കെസിബിസി മദ്യവിരുദ്ധസമിതി-കുന്നോത്ത്മേഖല**

കുന്നോത്ത്മേഖല മദ്യവിരുദ്ധസമിതി, മുക്തിശ്രീ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ജൂൺ 26 ലോകലഹരിവിരുദ്ധദിനം അങ്ങാടിക്കടവിൽ വച്ച് ആചരിച്ചു. അങ്ങാടിക്കടവ് അങ്കണത്തിൽനിന്നും ആരംഭിച്ച റാലി ടൗൺ ചുറ്റി യുപി സ്കൂൾ അങ്കണത്തിൽ സമാപിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം വികാരി ബഹു. ജോൺ മുല്ലക്കര അച്ചൻ ഉദ്ഘാടനം ചെയ്തു. ശ്രീ കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അധ്യക്ഷം വഹിച്ചു. മദ്യവിരുദ്ധസമിതി വൈസ് പ്രസിഡന്റ് മേൽവെട്ടം ആന്റണിസാർ പ്രസംഗിച്ചു. സി. ജോസ് മരിയ സിഎംസി, ഐപ്പ് സാർ പടവിൽ, സാലി പൈമ്പള്ളിക്കുന്നേൽ, ജോൺ ഒറ്റപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

**ചെമ്പേരി :** ജൂൺ 26ന് രണ്ടുമണിമുതൽ മൂന്നുമണിവരെ മദ്യപാനികളുടെയും സർക്കാരിന്റെയും മാനസാന്തരത്തിന് വേണ്ടി ഒരു മണിക്കൂർ ആരാധന തുടർന്ന് ഫൊറോന വികാരി ബഹു. ജോർജ് കാഞ്ഞിരക്കാട്ടച്ചന്റെ അധ്യക്ഷതയിൽ ലഹരിവിരുദ്ധ സമ്മേളനം നടത്തി. ജോസ് മേമടത്തിൽ, സെബാസ്റ്റ്യൻ അനന്തക്കാട്ട്, മുക്തിശ്രീ പ്രസിഡന്റ് ഷെൻസി കാവനാടി, ഷീബ തെക്കേടത്ത് എന്നിവർ പ്രസംഗിച്ചു.

**കണ്ണൂർ മേലെചൊവ്വ :** മുക്തിശ്രീയുടെ നേതൃത്വത്തിൽ സമാജ്‌വാദി കോളനിയിൽ ലഹരിവിരുദ്ധ സമ്മേളനം നടത്തി. ശ്രീമതി ഐസി മേരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ റൂബി മാണി, സി. അഞ്ജലി എഫ്സിസി, എന്നിവർ പ്രസംഗിച്ചു. സമാജ്‌വാദി കോളനിയിലെ പാവങ്ങൾക്ക് 40 കുടകൾ വിതരണം ചെയ്തു. 70ൽപരം സ്ത്രീകൾ യോഗത്തിൽ പങ്കെടുത്തു.

## എഡിഎസ്‌യു പഠനശാല

എഡിഎസ്‌യു ആനിമേറ്റേഴ്സ് ദിശാബോധ പഠനശാല 2018 ജൂലൈ 6ന് സന്ദേശഭവനിൽവച്ച് എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ സഞ്ജയ് ഷാജിയുടെ അധ്യക്ഷതയിൽ ചേർന്നു. കണ്ണൂർ ഡിവൈഎസ്പി ശ്രീ പിപി സദാനന്ദൻ നിലവിളക്ക് തെളിയിച്ച് ഉദ്ഘാടനം ചെയ്തു. 2018–19 വർഷത്തിലെ കർമ്മപദ്ധതി (ബ്രോഷർ) കോർപ്പറേറ്റ് മാനേജർ ഫാ. ചെല്ലങ്കോട്ട് ബ്രോഷറിന്റെ കോപ്പി കുമാരി റോസ് മരിയയ്ക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് ആനിമേറ്റർ ശ്രീ ജോർജ് പിഎ, അനന്തകൃഷ്ണൻ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണവും എഡിഎസ്‌യു ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം.കണ്ടത്തിൽ സ്വാഗതവും പറഞ്ഞു.

കെസിബിസി മദ്യവിരുദ്ധസമിതി പ്രസിഡന്റും നിർമ്മലഗിരി കോളേജ് മുൻ പ്രിൻസിപ്പാളുമായ ഡോ. ജോസ്‌ലറ്റ് മാത്യു അധ്യാപകന്റെ മൂല്യബോധത്തെക്കുറിച്ച് പഠനശാലയിൽ ക്ലാസ്സ് എടുത്തു. ശ്രീമതി ലൈസാ സോജൻ എല്ലാവർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചു.

## ആലക്കോട് ഫൊറോനാപള്ളി - മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റ് രൂപീകരണം

പരമ്പരാഗത മാർഗ്ഗത്തിലൂടെയല്ലാതെ ബഹു. വികാരിയച്ചൻ ഓരോ വാർഡുകളിൽനിന്നും ലഹരിവിരുദ്ധ കാര്യങ്ങളിൽ താൽപര്യവും നേതൃത്വഗുണവുമുള്ള 2 പേരെ വീതം കമ്മറ്റി രൂപീകരണത്തിന് പള്ളി ഓഡിറ്റോറിയത്തിലേയ്ക്ക് ക്ഷണിച്ചുവരുത്തി. ഈ ഗ്രൂപ്പിനോട് ലഹരിക്കെതിരെ

യുള്ള പ്രവർത്തനത്തിന്റെ കാലിക പ്രസക്തിയെക്കുറിച്ച് ഫാ. തോമസ് തൈത്തോട്ടം പ്രഭാഷണം നടത്തി. 40 പുരുഷന്മാരും 60 സ്ത്രീകളും പങ്കെടുത്ത യോഗത്തിൽനിന്നും മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും അഞ്ചുപേരടങ്ങുന്ന ഭാരവാഹികളെ തെരഞ്ഞെടുത്ത് കമ്മിറ്റി രൂപീകരിച്ചു. ഇടവകയിലെ വിവിധ സംഘടനകളുടെ രൂപീകരണത്തിന് ബഹു. സിബിച്ചൻ ആനക്കല്ലിൽ സ്വീകരിച്ച പുതിയ മെത്തേഡാണിത്. ഒരാൾ ഒറ്റസമയത്ത് പല സംഘടനകളിൽ അംഗമാകുന്ന അവസ്ഥ ഉണ്ടാകില്ല.

## മദ്യവിരുദ്ധസമിതി ഭാരവാഹികൾ

പ്രസിഡന്റ്-ബേബി ചേരോലിക്കൽ, വൈ.പ്രസിഡന്റ്-വാവച്ചൻ കളപ്പുര, ജന.സെക്രട്ടറി-ജോസ് മളളാത്ത്, സെക്രട്ടറി-ജോർജ് മറ്റത്തിൽ, ട്രഷർ-ആന്റണി വരമ്പകത്ത്.

## മുക്തിശ്രീ ഭാരവാഹികൾ

പ്രസിഡന്റ്-മേരി അരശ്ശേരിൽ, വൈസ്.പ്രസിഡന്റ്-പുഷ്പ കളപ്പുരയ്ക്കൽ, ജന.സെക്രട്ടറി-തങ്കമ്മ മനയിൽ, സെക്രട്ടറി-മായ കണ്ണോളിൽ, ട്രഷർ- ആലീസ് തെക്കേടത്ത്.

## ഇരിട്ടി റീജിയണൽ കമ്മിറ്റിയോഗം

പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാമ്പോയിൽ മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും മേഖലാ ഭാരവാഹികളുടെ യോഗം 22.6.18ന് ഇരിട്ടി സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു അധ്യക്ഷം വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രസംഗം നടത്തി. മുക്തിശ്രീ അതിരൂപത പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു പ്രസംഗിച്ചു. ജന. സെക്രട്ടറി ജയ്സൺ മർക്കോസ് സ്വാഗതം ആശംസിച്ചു. സംഘടനയെ എന്നും പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

## തീരുമാനങ്ങൾ

- യൂണിറ്റുകൾ ശാക്തീകരിക്കുക.
- മേഖല ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കണം.
- ഓരോ മേഖലയിലും റിസോഴ്സ് ടീം ഉണ്ടാകണം.
- മാസത്തിലൊരിക്കൽ കൃത്യസമയത്ത് യൂണിറ്റ് യോഗം നടത്തുക ഒരിക്കലും മുടക്കുവാൻ പാടില്ല.
- രഹസ്യ സംഭാവന നിർബന്ധമായും എടുക്കണം.
- മേഖല കമ്മറ്റികൾ രണ്ടുമാസത്തിലൊരിക്കൽ കൂടണം.
- മേഖല ഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും തമ്മിൽ ഫോണിൽ ബന്ധമുണ്ടായിരിക്കണം.
- ജൂൺ 26 ലോകലഹരിവിരുദ്ധദിനം വിവിധപരിപാടികളോടെ ആചരിക്കണം.
- ആഗസ്റ്റ് 11ന് ആലക്കോടുവച്ചു നടക്കുന്ന ലഹരിവിരുദ്ധ ജനമുന്നേറ്റവും ഡിസംബർ 15ന് വെള്ളരിക്കുണ്ടിൽ വച്ചു നടക്കുന്ന റൂബി ജൂബിലി സമാപനവും ലഹരിവിരുദ്ധ ജനമുന്നേറ്റവും വിജയിപ്പിക്കുക.

## റിസോഴ്സ് ടീം

**കുന്നോത്ത്മേഖല :** ആന്റണി മേൽവെട്ടം, ഡോ. ജോസ്ലറ്റ് മാത്യു, സജി കുളങ്ങരമുറി, ഐപ്പ് പടവിൽ, സി. ജോസ്മരിയ.

**എടൂർ മേഖല :** ഫാ. മാത്യു പൊട്ടൻപ്ലാക്കൽ, സി. മേരി മാത്യു, എബ്രാഹം പാരിക്കാപള്ളി, മാത്യു കണ്ടത്തിൽ, സി. ജിൽസ എസ്.കെ.ഡി, മേരി ആലക്കാമറ്റത്തിൽ.

**പേരാവൂർ മേഖല :** ജയ്സൺ മർക്കോസ്, സി. എൽസി ജയിംസ്, തങ്കം മൂക്കനോലിക്കൽ, ജോർജ് റാത്തപ്പള്ളി, ജോൺസൺ പൊട്ടക്കൽ.

**നെല്ലിക്കാംപോയിൽ മേഖല :** ജിജു കോലക്കുന്നേൽ, സി. പ്രിൻസി മരിയ, മേഴ്സി ഓലിക്കൽ, ടോമി വെട്ടിക്കാട്ട്.

ശ്രീ ആന്റണി മേൽവെട്ടത്തിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

**ചെമ്പേരി റീജിയൻ കമ്മിറ്റി :** മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ചെമ്പേരി റീജിയണിലെ ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി മേഖലകളിലെ ഭാരവാഹികളുടെ യോഗം 25.6.18 -ന് ചെമ്പേരി ലൂർദ് മാതാ പാരീഷ്ഹാളിൽ ചേർന്നു. മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു അധ്യക്ഷം വഹിച്ചു. ചെമ്പേരി ഫൊറോന വികാരി ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചൻ ഉദ്ഘാടനം ചെയ്തു. ചെമ്പേരി മേഖല ഡയറക്ടർ ഫാ. തോമസ് പുള്ളോലിക്കൽ സ്വാഗതം ആശംസിച്ചു. ഫാ. തോമസ് തൈത്തോട്ടം, ചെമ്പന്തൊട്ടി മേഖല ഡയറക്ടർ ഫാ. ജേക്കബ് ചാരംതൊട്ടിയിൽ സെക്രട്ടറി ഷീജ തെക്കേടത്ത് എന്നിവർ പ്രസംഗിച്ചു.

**തീരുമാനങ്ങൾ**

- എല്ലാ ഇടവകകളിലും യൂണിറ്റുകളും മേഖലാസംവിധാനങ്ങളും സമയബന്ധിതമായി സ്ഥാപിക്കണം.
- പൈസക്കരി, ചെമ്പന്തൊട്ടി മേഖലകളിൽ യൂണിറ്റുകളും മേഖലാ സംവിധാനവും എത്രയുംവേഗം ഉണ്ടാകണം.
- ജൂൺ 26 ലോകലഹരിവിരുദ്ധദിനം യൂണിറ്റുകളിൽ ആചരിക്കണം

ചെമ്പന്തൊട്ടി മേഖലാ ഡയറക്ടറായി ചാർജെടുത്തിരിക്കുന്ന ഫാ. ജേക്കബ് ചാരംതൊട്ടിക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് യോഗംസമാപിച്ചു.

## അതിരൂപതാ സ്റ്റിയറിംഗ് കമ്മിറ്റി

17.07.18ന് മദ്യവിരുദ്ധസമിതി അതിരൂപത സ്റ്റിയറിംഗ് കമ്മിറ്റി സന്ദേശഭവനിൽ ചേർന്നു. പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണം നടത്തി.

**തീരുമാനങ്ങൾ**

1. ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക സംസ്ഥാനപുരസ്ക്കാരത്തിന് മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യനെ തെരഞ്ഞെടുത്തു. 20,001 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതായിരിക്കും പുരസ്ക്കാരം.
2 പുരസ്ക്കാര സമർപ്പണം 2018 ആഗസ്റ്റ് 11ന് ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി അനുസ്മരണത്തോടനുബന്ധിച്ച് നടക്കുന്ന സമ്മേളത്തിൽവച്ച് പുരസ്ക്കാരജേതാവിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.
3. പുരസ്ക്കാരം ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമർപ്പിക്കും.

4 ആഗസ്റ്റ് 11ന് ആലക്കോടുവച്ചു നടക്കുന്ന ലഹരിവിരുദ്ധ ബഹുജനമുന്നേറ്റം വിജയിപ്പിക്കുന്നതിന് ശക്തമായി പ്രവർത്തിക്കണം.

5 റീജിയണൽ മീറ്റിംഗുകൾ രണ്ടാഴ്ചയിലൊരിക്കൽ വിളിച്ചു ചേർത്തുകൊണ്ട് മേഖല നേതൃത്വത്തെയും യൂണിറ്റുകളെയും ശക്തിപ്പെടുത്തണം.

## MEKHALA DIRECTORS

| No | Forane | Name | Phone |
|---|---|---|---|
| 1 | Alakode | Rev. Fr. Thomas Kattakkayam, Cheekadu | 85 47 88 69 33 |
| 2 | Chemperi | Rev. Fr. Thomas Pullolickal, Areeckamala | 94 95 14 87 39 |
| 3 | Chempenthotty | Rev. Fr. Jacob Charomthottiyil CST, Kottor | 90 48 50 86 90 |
| 4 | Cherupuzha | Rev. Fr. George Vellaringattu, Josegiri | 94 47 30 17 18 |
| 5 | Edoor | Rev. Fr. Mathew Pottenplackel, Mangode | 85 47 34 48 26 |
| 6 | Kangangad | Rev. Fr. Lukose Madassery, Padannakkadu | 94 46 53 18 22 |
| 7 | Kunnoth | Rev. Fr. Joseph Chathanattu, Kunnoth | 97 44 00 47 83 |
| 8 | Marygiri | Rev. Fr. Paul Pulimalayil MST, Karyappally | 94 97 36 19 23 |
| 9 | Nellickampoil | Rev. Fr. Jomy Thottiyil, Arabi | 97 44 29 67 29 |
| 10 | Paisakkari | Rev. Fr. Joseph Thenammackel, Payyavoor | 94 47 54 29 47 |
| 11 | Panathady | Rev. Fr. Mathew Valavanal, Marypuram | 85 47 14 82 74 |
| 12 | Peravoor | Rev. Fr. Martin Parappalliyath, Nirmalagiri | 94 95 12 58 27 |
| 13 | Thaliparamba | Rev. Fr. Antony Puthumana, Pilathara | 0497- 2800388 |
| 14 | Thomapuram | Rev. Fr. Sebastian Muttathupara | 96 45 15 89 18 |
| 15 | Vayattuparamba | Rev. Elavumkunnel George (Jr), Thadikkadavu | 96 56 81 13 77 |
| 16 | Vellarikkundu | Rev. Fr. Thadathimackel Varkey, Konnakkad | 94 47 41 06 22 |

## MEKHALA ANIMATORS

| No | Forane | Name | Phone |
|---|---|---|---|
| 1 | Alakode | Sr. Lisbin SH, Alakode | 82 81 91 56 25 |
| 2 | Chempenthotty | Sr. Gracia FCC, Naduvil | 85 47 65 49 78 |
| 3 | Chemperi | Sr. Susa Augustine, Chemperi | 99 95 75 03 19 |
| 4 | Cherupuzha | Sr. Vinaya MSJ, Cherupuzha | 04985-241136 |
| 5 | Edoor | Sr. Mary Mathew CMC, Velimanam | 81 56 91 05 03 |
| 6 | Kanhangad | Sr. Infant Mary FCC, Udayapuram | 95 62 32 33 82 |
| 7 | Kunnoth | Sr. Jose Maria CMC, Angadikkadavu | 97 45 50 85 43 |
| 8 | Marygiri | Sr. Prabha FCC, Vimalassery | 82 81 59 02 66 |
| 9 | Nellickampoil | Sr. Princy Maria CMC, Nellickampoil | 83 01 91 82 75 |
| 10 | Panathady | Sr. Leena MSMI, Paduppu | 82 81 03 87 45 |
| 11 | Paisakary | Sr. Mincy AO, Paisakary | 94 95 80 81 83 |
| 12 | Peravoor | Sr. Elsy James SH, Thondyil | 94 95 02 91 27 |
| 13 | Thaliparamba | Sr. Dona Maria CMC, Thaliparamba | 94 96 70 75 72 |
| 14 | Thomapuram | Sr. Cicily FCC, Kamballur | 82 81 36 81 38 |
| 15 | Vayattuparamba | Sr. Maria Joseph SH, Vayattuparamba | 90 48 06 18 16 |

**മദ്യവിരുദ്ധ സമിതി പുരുഷ വിഭാഗം യൂണിറ്റുകൾ-ഭാരവാഹികൾ**

**എടൂർ മേഖല**

പ്രസിഡന്റ് - അബ്രാഹം പാരിക്കാപ്പള്ളി,വൈസ് പ്രസിഡന്റ്-ജോസ് സി.പി.ചെല്ലിമറ്റത്തിൽ, ജന. സെക്രട്ടറി - ജോസഫ് തോട്ടുപുറത്ത്, സെക്രട്ടറി - ജോർജ് പുളിയാനിക്കാട്ട്, ട്രഷറർ - റോയി ഐക്കര. **കോഴിച്ചാൽ :** പ്രസിഡന്റ് - മൈക്കിൾ തോണിക്കുഴി, ജന. സെക്രട്ടറി-മാപ്രക്കരോട്ട് ജോസ്. **കാഞ്ഞിരക്കൊല്ലി** : പ്രസിഡന്റ്-അഗസ്റ്റ്യൻ ഉണ്ണിയേപ്പള്ളിയിൽ,വൈസ് പ്രസിഡന്റ് - ജോസഫ് മേപ്രത്ത്, ജന. സെക്രട്ടറി - വർഗീസ് ചുണ്ടക്കാട്ടിൽ, ജോ.സെക്രട്ടറി - അനൂപ് നീണ്ടിശ്ശേരി, ട്രഷറർ - ജിജു കോലക്കുന്നേൽ. **വായാട്ടുപറമ്പ് ഫൊറോന :** പ്രസിഡന്റ് - ജോർജ് അർത്തനാംകുന്നേൽ, വൈസ് പ്രസിഡന്റ് - റോയി പള്ളത്ത്, ജന. സെക്രട്ടറി - പോൾസൺ വെട്ടത്ത്, സെക്രട്ടറി - തോമസ് ചിന്താർമണിയിൽ, ട്രഷറർ - സിറിൾ അറയ്ക്കൽ. **കരുവൻചാൽ :** പ്രസിഡന്റ് -റോയി പള്ളത്ത്, വൈസ് പ്രസിഡന്റ് - ബേബി കാവാലം. **കരുണാപുരം :** പ്രസിഡന്റ് - സണ്ണി ഏത്തക്കാട്ട്, വൈസ് പ്രസിഡന്റ് - ബിനോയി കാടൻകാവിൽ, ജന. സെക്രട്ടറി - ജോൺ തെങ്ങുംപള്ളിൽ, സെക്രട്ടറി - റോണി ചാത്തക്കോട്ട്. **തടിക്കടവ് :** പ്രസിഡന്റ് - മാർട്ടിൻ കടക്കുഴ, വൈസ് പ്രസിഡന്റ് - പോൾസൺ വെട്ടത്ത്, ജന. സെക്രട്ടറി - ജോയി കൈപ്പൻപ്ലാക്കൽ. **വിജയപുരം :** പ്രസിഡന്റ് - ബിജു ഓരത്തേൽ, വൈസ് പ്രസിഡന്റ് - സണ്ണി പന്തപ്ലാക്കൽ, ജന. സെക്രട്ടറി - അഗസ്റ്റ്യൻ കവളക്കാട്ട്, സെക്രട്ടറി -ജെസി വീണപ്ലാക്കൽ. **വെള്ളാട് :** പ്രസിഡന്റ് -പയ്യംപള്ളിൽ വർഗീസ്, വൈസ് പ്രസിഡന്റ് - കട്ടക്കൽ തോമസ്. **അൽഫോൻസാഗിരി :** പ്രസിഡന്റ് - ചാൾസ് പൊന്നാട്ട്, ജന. സെക്രട്ടറി - ആന്റണി നല്ലേപ്പറമ്പിൽ. **പാത്തൻപാറ :** പ്രസിഡന്റ് - ബെന്നി പുന്നക്കാട്ട്, വൈസ് പ്രസിഡന്റ് - രാജു ചിറ്റേട്ട്, ജന. സെക്രട്ടറി - തങ്കച്ചൻ പട്ടാംകുളം, സെക്രട്ടറി - തങ്കച്ചൻ പ്രാക്കുഴി ട്രഷറർ - ജോയി വട്ടമറ്റത്തിൽ. **കുന്നുകൈ :** പ്രസിഡന്റ് - ചാക്കോ കാപ്പിൽ, വൈസ് പ്രസിഡന്റ് - ജോസഫ് മാളിയേക്കൽ, ജന. സെക്രട്ടറി - ദേവസ്യ കാനാട്ട്, സെക്രട്ടറി - ബാബു തടത്തിപ്പറമ്പിൽ, ട്രഷറർ - ജോസഫ് കൂട്ടുങ്കൽ. **ശ്രീകണ്ഠാപുരം :** പ്രസിഡന്റ് - ബേബി തൈക്കാനത്ത്, വൈസ് പ്രസിഡന്റ് - ജോസ് കൊല്ലിയിൽ, ജന. സെക്രട്ടറി - തോമസ് വെട്ടിയോലിൽ സെക്രട്ടറി - ജിജി ഞള്ളിമാക്കൽ, ട്രഷറർ - വർഗീസ് പുളിക്കൽ. **കോട്ടൂർവയൽ :** പ്രസിഡന്റ് - ജോയി ഞള്ളിമാക്കൽ, വൈസ് പ്രസിഡന്റ് - ബേബി പൂഴിക്കുന്നേൽ, ജന. സെക്രട്ടറി - ടോം ചെമ്മരപ്പള്ളി, സെക്രട്ടറി - സിജി പുതുപ്പറമ്പിൽ, ട്രഷറർ - ജോസ് കച്ചിറമറ്റം

**മുക്തിശ്രീ യൂണിറ്റുകൾ-ഭാരവാഹികൾ**

**എടൂർ മേഖല** : പ്രസിഡന്റ് - മേരി ആലക്കാമറ്റത്തിൽ, വൈസ് പ്രസിഡന്റ് - മിനി ഓലിക്കൽ, ജന. സെക്രട്ടറി - ചിന്നമ്മ വലിയകണ്ടത്തിൽ, ജോ.സെക്രട്ടറി - മേഴിസി കാവുങ്കൽ, ട്രഷറർ - ആലീസ് പെരുമാലിൽ **പൈസക്കരി :** പ്രസിഡന്റ് - ത്രേസാമ്മ കോവാട്ട്, വൈസ് പ്രസിഡന്റ് - ഏലിക്കുട്ടി ഓരത്തേൽ, ജന. സെക്രട്ടറി - സാലി ഉതിരുക്കുരിശുമാക്കൽ, ജോ.സെക്രട്ടറി - വത്സമ്മ തയ്യിൽ, ട്രഷറർ - റോസമ്മ ചിറമാട്ടേൽ **വായാട്ടുപറമ്പ് :** പ്രസിഡന്റ് - ഗ്രേസി കുന്നേൽ, വൈസ് പ്രസിഡന്റ് - റ്റിൻസി തെക്കേക്കൊട്ടാരം, ജന. സെക്രട്ടറി - ബീന ഇലക്കാട്ടുപറമ്പിൽ, സെക്രട്ടറി - എൽസി ആക്കപ്പള്ളിൽ, ട്രഷറർ - സാലി പുളിക്കൽ. **തടിക്കടവ് :** പ്രസിഡന്റ് - ബീന ഇലക്കാട്ടുപറമ്പിൽ, വൈസ് പ്രസിഡന്റ് - ലിനിറ്റ് പുതിയാപറമ്പിൽ, ജന.സെക്രട്ടറി - റെജി കുന്നേൽ, സെക്രട്ടറി - പ്രീതി പുല്ലാപ്പള്ളിൽ, ട്രഷറർ - സെലിൻ മാളിയേക്കൽ.

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

പശ്ചിമഘട്ട നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ TSSS നടപ്പിലാക്കുന്ന ചിറ്റാരിക്കൽ-ഗോക്കടവ് നീർത്തട വികസന പദ്ധതിയുടെ ഗവൺമെന്റ് തല വിലയിരുത്തലിന്റെ ഭാഗമായി തിരുവനന്തപുരം പശ്ചിമഘട്ട സെല്ലിൽ നിന്നും ശ്രീ. ഗഫൂർ 2018 ജൂലൈ 16 നു പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. TSSS എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജെസ്സി ടോം, പദ്ധതി കോർഡിനേറ്റർമാരായ ശ്രീ. സാന്റി ഓലിക്കൽ, ശ്രീ. ജോസ് പ്രകാശ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, നീർത്തട വികസന പദ്ധതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### ഫലവൃക്ഷതൈ വിതരണം

കണിച്ചാർ ഗ്രാമ പഞ്ചായത്ത് കുണ്ടലചാപ്പ നീർത്തട പദ്ധതിയുടെ ആഭിമുഖ്യത്തിൽ നീർത്തട പ്രദേശത്തെ കർഷകർക്ക് വേണ്ടി ഫലവൃക്ഷതൈകളുടെ വിതരണം നടത്തി. കണിച്ചാർ കൃഷി ഓഫീസർ ശ്രീ. ജോർജുകുട്ടി ഉദ്ഘാടനം ചെയ്തു. TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് യോഗത്തിൽ പങ്കെടുത്തു.

### കുട്ടനാട്ടിൽ സഹായഹസ്തവുമായി TSSS

വെള്ളപ്പൊക്കം മൂലം ഭക്ഷണം ഇല്ലാതെ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് നൽകാനായി തലശ്ശേരി അതിരൂപതയിലെ മലയോര മേഖലയിലെ സ്വാന്തനവും സ്നേഹവുമായി മലയോര ജനത ഒരുമിച്ചപ്പോൾ 10

---

**വെള്ളാട് :** പ്രസിഡന്റ് -മിനി മഠത്തിപ്പറമ്പിൽ, ട്രഷറർ - മിനി കുന്നേൽ. **മാവുഞ്ചാൽ :** പ്രസിഡന്റ് - എൽസി ആക്കപള്ളിൽ, വൈസ് പ്രസിഡന്റ് - ലീലാമ്മ കൊരണ്ടക്കാട്ട്, ജന.സെക്രട്ടറി - ഗ്രേസി തങ്ങനാട്ട്, സെക്രട്ടറി - സന്ധ്യ പാറക്കൽ. **കാഞ്ഞിരക്കൊല്ലി :** പ്രസിഡന്റ് - സുജ കണിയാശ്ശേരിൽ, വൈസ് പ്രസിഡന്റ് - ആശ ചാലിൽ പുത്തൻപുരയിൽ, ജന.സെക്രട്ടറി - സിന്ധു നെടുങ്കണ്ടത്തിൽ, സെക്രട്ടറി - റാണി കോലക്കുന്നേൽ, ട്രഷറർ - വത്സമ്മ കുറുവത്താഴത്ത് **ശ്രീകണ്ഠാപുരം :** പ്രസിഡന്റ് - സുജ അനന്തക്കാട്ട്, വൈസ് പ്രസിഡന്റ് - മേഴ്സി തോലമ്പുഴ, ജന. സെക്രട്ടറി - ജെസി വിലങ്ങുപാറ, സെക്രട്ടറി - ജെസി തുണ്ടത്തിൽ, ട്രഷറർ - മേരി തുടിയൻപ്ലാക്കൽ, **കോട്ടൂർവയൽ :** പ്രസിഡന്റ് - ജോസഫീന പുളിക്കൽ, വൈസ് പ്രസിഡന്റ് - ഏലമ്മ എറപുറത്ത്, ജന. സെക്രട്ടറി - ലീന കച്ചിറമറ്റം, സെക്രട്ടറി - എൽസമ്മ കൊടിത്താൻകുന്നേൽ, ട്രഷറർ - ചിന്നമ്മ കണ്ടങ്കിരി

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

ടൺ അരിയും പയറും ശേഖരിക്കാൻ സാധിച്ചു. ഈ നല്ല സംരംഭത്തിൽ TSSS ന്റെ എല്ലാ ഇടവക യൂണിറ്റുകളും ആലക്കോട്, ചെമ്പേരി, ചെറുപുഴ, എടൂർ, മേരിഗിരി, നെല്ലിക്കാംപൊയിൽ, പൈസക്കരി, പനത്തടി, പേരാവൂർ, തോമാപുരം, വെള്ളരിക്കുണ്ട് തുടങ്ങിയ മേഖലകളും സഹകരിച്ചു. അതിരൂപതയിലെ മറ്റു സംഘടനകളായ മിഷൻലീഗ്, ബൈബിൾ അപ്പോസ്തോലേറ്റ്, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, കുടുംബക്കൂട്ടായ്മ എന്നിവരും ഈ സംരംഭത്തിൽ പങ്കുചേർന്നു. സ്നേഹ വണ്ടിയുടെ ഫ്ളാഗ് ഓഫ് കർമ്മം ജർമ്മനിയിലെ കൊളോൺ അതിരൂപത കർദ്ദിനാൾ റയ്നർ മരിയ വോൾകി നിർവഹിച്ചു. വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്കൾക്കൊപ്പം തലശ്ശേരി അതിരൂപത കൂടെയുണ്ടെന്നു ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പറഞ്ഞു. മാർ ജോസഫ് പാംപ്ലാനി, ഫാ. തോമസ് തയ്യിൽ, ഫാ. ബെന്നി നിരപ്പേൽ, ബൈബിൾ, ഫാ. ജോസഫ് കാക്കരമറ്റം, ഫാ. ജെയിംസ് ചെല്ലംകോട്ട്, ഫാ. ബിനീഷ് വേങ്ങക്കുന്നേൽ എന്നിവർ സന്നിഹിതരായി. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സാധനവിതരണത്തിനുമായി കുട്ടനാട്ടിൽ TSSS ന്റെ 20 ഓളം വരുന്ന ജനകീയ സംഘത്തിന്റെ നേതാക്കന്മാരും സ്റ്റാഫും പങ്കുചേർന്നു.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കുട്ടനാട് ദുരിതാശ്വാസ ക്യാമ്പിലേക്ക് അരിയും മറ്റ് ഉൽപ്പന്നങ്ങളും വസ്ത്രവുമായി പോയ സംഘത്തിനു ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുംന്തോട്ടം, അതിരൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് മുണ്ടകത്തിൽ, മോൺ. തോമസ് പാടിയത്ത്, കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജോസഫ് വെട്ടിക്കാട്ട്, ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കളരിക്കൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. TSSS എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന്റെ നേതൃത്വത്തിൽ 17 അംഗ സംഘം ദുരിതാശ്വാസ ക്യാമ്പുകളിലെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

## പ്രോജക്ട് ഓഡിറ്റിംഗും പ്രോജക്ട് ഏരിയ സന്ദർശനവും

TSSS ന്റെ നേതൃത്വത്തിൽ 12 വാട്ടർഷെട്ടുകളിലായി നടപ്പിലാക്കി വരുന്ന Food Security & Poverty Alleviation of Marginal Farmers എന്ന പ്രോജക്ടിന്റെ അക്കൗണ്ട്സ്, സോഷ്യൽ ഓഡിറ്റിംഗ് ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Kumar Mittal & Co. (KMC) ചാർട്ടേഡ് അക്കൗണ്ട്സിന്റെ നേതൃത്വത്തിൽ നടന്നു. മൂന്ന് ഓഫീസർമാരുടെ നേതൃത്വത്തിൽ 15 ദിവസം നീണ്ടു നിന്ന ഓഡിറ്റിംഗ് നടത്താൻ ഇടയാക്കിയവർക്കും ഓഡിറ്റിംഗ് സുഗമമായി നടത്താൻ സഹായിച്ച TSSS സ്റ്റാഫ് അംഗങ്ങൾക്കും വാട്ടർഷെട്ട് കമ്മിറ്റി കൺവീനർമാർക്കും പ്രേത്യകം നന്ദി അറിയിക്കുന്നു.

## സെമിനാർ സംഘടിപ്പിച്ചു

സെന്റ് ജോസഫ് ക്രെഡിറ്റ് യൂണിയന്റെയും ഫൊറോന മഹിളാ സേവാ സംഘത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജൈവകൃഷിയും ഔഷധ സസ്യങ്ങളും എന്ന വിഷയത്തിൽ 2018 ജൂലൈ 10 നു സെമിനാർ നടത്തി. ഫൊറോന വികാരി ഫാ. തോമസ് പട്ടാകുളം ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവഹിച്ചു. MSS പ്രസിഡന്റ് ഷിമ്മി സന്തോഷ് അധ്യക്ഷത വഹിച്ചു. സെന്റ് ജോസഫ് ഫൊറോന ട്രസ്റ്റിയും പ്രമുഖ ജൈവകർഷകനുമായ ശ്രീ. റോയി പുന്നാംകുഴി, ആനിമേറ്റർ സി. ട്രീസ എന്നിവർ പ്രസംഗിച്ചു. സീതാറാം ആയുർവേദ ഫാർമസി വൈദ്യൻ ശ്രീ. ജോസഫ് സെബാസ്റ്റ്യൻ ക്ലാസ്സെടുത്തു. ശ്രീമതി. ഡെയ്സി ജോൺ സ്വാഗതവും ശ്രീ. അജി മാത്യു നന്ദിയും പറഞ്ഞു.

ചെമ്പേരി RCC യുടെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണവും ആരോഗ്യവും എന്ന വിഷയത്തിൽ 2018 ജൂലൈ 14 നു സെമിനാർ നടത്തി. ശ്രീ. മാനുവൽ പരത്തിനാൽ ക്ലാസ്സെടുത്തു. സെമിനാർ ഉദ്ഘാടനം ഫാ. രാജു കാഞ്ഞിരക്കാട്ട് നിർവഹിച്ചു. തുടർന്ന് ഈ ചടങ്ങിൽ SSLC, Plus Two പരീക്ഷയിൽ ഫുൾ A+ വാങ്ങിയ 26 കുട്ടികളെ മൊമെന്റോ നൽകി ആദരിച്ചു.

## ഫാമിലി കൗൺസിലിംഗ് സെന്റർ സബ് കമ്മിറ്റി മീറ്റിംഗ്

2017 ജൂലൈ 3-ാം തീയ്യതി TSSS ന്റെ നേതൃത്വത്തിൽ തലശ്ശേരി ടൗണിൽ പ്രവർത്തിക്കുന്ന മാനസ്വി കൗൺസിലിംഗ് സെന്ററിന്റെ സബ് കമ്മിറ്റി മീറ്റിംഗ് TSSS ഓഫീസിൽ വച്ച് നടന്നു. ഈ മീറ്റിംഗിൽ തലശ്ശേരി മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി. നജ്മ ഹാഷിം, തലശ്ശേരി എസ് ഐ ശ്രീ. സുനിൽ കുമാർ K, അഡ്വ. ഷീല വി. ടി., ഡിസ്ട്രിക്റ്റ് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നിന്നും മഞ്ജുഷ കെ. കെ, ലീഗൽ കൗൺസിലർ അഡ്വ. കെ. ബിന്ദു, കൗൺസിലർ ജുവൽ ഫെർണാണ്ടാസ്, TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, TSSS എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ എന്നിവർ പങ്കെടുത്തു.

**ഫാ. സ്കറിയ നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2018 ജൂലൈ & ആഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

<u>ആഗസ്റ്റ്</u>
05-10 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
11 : ഏകദിന കൺവെൻഷൻ
15 : എഫ്ഫാത്ത ഏകദിന കൺവെൻഷൻ (ശ്രവണ വൈകല്യമുള്ളവർക്ക് 9.30 am-4pm)
19-24 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
26-31 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
26-31 : സമർപ്പിത ശാക്തീകരണ ധ്യാനം (സിസ്റ്റേഴ്സിന്)
31 സെപ്റ്റം. 2 : തപസ് ധ്യാനം (10 am ആരംഭം)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

<u>ആഗസ്റ്റ്</u>
10 : ജാഗരണ പ്രാർത്ഥന
11 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
09-13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
26-30 : ആന്തരിക സൗഖ്യ ധ്യാനം

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

<u>ആഗസ്റ്റ്</u>
09-12 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം
17-19 : കുടുംബ ദർശന ധ്യാനം
13-26 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്
26-28 : കുട്ടികളുടെ ധ്യാനം

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

<u>ആഗസ്റ്റ്</u>
10-12 : ആന്തരീക സൗഖ്യ കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
17-19 : ആന്തരീക സൗഖ്യ- കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**6. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

<u>ആഗസ്റ്റ്</u>
04 : ഏകദിനം
05-09 : ആന്തരീക സൗഖ്യധ്യാനം
10 : ജാഗരണ പ്രാർത്ഥന
11 : ക്രിസ്റ്റീൻ വിങ്സ്
18 : അഖണ്ഡ ജപമാല
26-29 : ഏയ്ഞ്ചൽസ് ധ്യാനം (മാതാപിതാക്കളും മക്കളും ഒരുമിച്ച്)

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂൺ 2018

22 വൈകുന്നേരം പൊന്ന്യം സെന്റ് ജോൺപോൾ ഫോർമേഷൻ സെന്ററിൽ വി.ബലിയർപ്പിച്ച് വൈദിക വിദ്യാർത്ഥികളുമായി സമയം ചിലവഴിച്ചു.

23 ചേറ്റംകുന്ന് SABS കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഞറളക്കാട്ട് പിതാവിന്റെ 73-ാം ജന്മദിനം അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ആഘോഷിച്ചു.

24 തൊക്കിലങ്ങാടി - പാലക്കുന്ന് SABS കോൺവെന്റിൽ വി.ബലിയർപ്പിച്ച് വൃദ്ധരായ അഗതികളോടൊപ്പം സമയം ചിലവഴിച്ചു.

25 തലശ്ശേരി FCC കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

26 തലശ്ശേരി SD കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

27 തലശ്ശേരി മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

28 എറണാകുളം POC യിൽ വോക്കേഷൻ ബ്യൂറോ മീറ്റ് സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

29 തലശ്ശേരി MSMI കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

30 ഉച്ചകഴിഞ്ഞ് 3 മണിക്ക് ജോസഫ് കാവനാടിയച്ചന്റെ മാതാവ് മറിയക്കുട്ടി കാവനാടിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് രത്നഗിരി പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ആലക്കോട് ഇടവകയിൽ അജപാലന സന്ദർശനത്തിന് എത്തിച്ചേർന്നു. കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

### ജൂലൈ 2018

01 ആലക്കോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വി.കുർബ്ബാനയ്ക്കുശേഷം പുതിയതായി പണിയുന്ന ദൈവാലയത്തിൽ പ്രധാന കവാടം സ്ഥാപിച്ചു. വൈകുന്നേരം YMCA ആലക്കോട് റീജിയണൽ സമ്മേളനത്തിൽ ആശംസയർപ്പിച്ച് സംസാരിച്ചു. തുടർന്ന് കരുണാപുരം ഹെറാൾഡ് ഓഫ് ഗുഡ് ന്യൂസ് മൈനർ സെമിനാരിയിലെത്തി വൈദീക വിദ്യാർത്ഥികളോട് സംസാരിക്കുകയും, അത്താഴം കഴിക്കുകയും ചെയ്തു.

02 വൈകുന്നേരം 7 മണിക്ക് തലശ്ശേരി മൈനർ സെമിനാരിയിൽ ദുക്റാന തിരുന്നാളിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

03 രാവിലെ 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ ദുക്റാന തിരുന്നാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കുന്നോത്ത് FCC നൊവിഷ്യേറ്റ് ഹൗസിൽ പരേതയായ സി. ലിസ്യു FCC യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

04 രാവിലെ 10 മണിക്ക് ചെറുപാറ ഇടവകയിൽ നടന്ന മേരിഗിരി ഫൊറോനയിലെ വൈദീകരുടെ മാസധ്യാനത്തിലും, വൈകുന്നേരം 5 മണിക്ക് രാജഗിരി ഇടവകയിൽ വച്ച് നടന്ന ചെറുപുഴ ഫൊറോനയിലെ വൈദീകരുടെ മാസധ്യാനത്തിലും പങ്കെടുത്ത് സന്ദേശം നൽകുകയും, ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

05 രാവിലെ 6.30 ന് കുട്ടാപറമ്പ് ചെറുപുഷ്പം ദൈവാലയത്തിൽ വി. ബലിയർപ്പിക്കുകയും കളപ്പുരക്കൽ ബിനു-ജൂലി ദമ്പതികളുടെ നാലാമത്തെ കുട്ടി ജിയന്ന മരിയക്ക് മാമ്മോദീസ നൽകുകയും ചെയ്തു. തുടർന്ന് 10 മണിക്ക് ആലക്കോട് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിന് നേതൃത്വം കൊടുത്തു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടന്ന വൊക്കേഷൻബ്യൂറോ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

06 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ ഒന്നാം വർഷ വൈദീക വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. വൈകുന്നേരം പേരട്ട ഇടവകയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവന നിർമ്മാണത്ത പദ്ധതിയിൽ പണികഴിപ്പിച്ച കാരപ്പള്ളിൽ ഡൊമിനിക്കിന്റെ ഭവനം വെഞ്ചരിച്ചു.

07 രാവിലെ 11 മണിക്ക് കോലുവള്ളി ഇടവകയിൽ വടക്കേൽ കാരോൾ - ഷിമ്മി ദമ്പതികളുടെ മകൾ കെൻസിയ റോസിന് മാമ്മോദീസ നൽകുകയും, തുടർന്ന് വടക്കേൽ ജെയ്ൻ മാത്യുവിന്റെ ഭവനം വെഞ്ചരിക്കുകയും ചെയ്തു. വൈകുന്നേരം ആയന്നൂർ ഇടവകയിലെത്തി കിടപ്പു രോഗികളെ സന്ദർശിച്ചു.

08 ആയന്നൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

09 പുലിക്കുരുമ്പ ഇടവകയിൽ നിര്യാതനായ കുന്നേൽ വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. വൈകുന്നേരം സന്ദേശഭവനിൽ വൈദികരുടെ റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു.

10 രാവിലെ സന്ദേശഭവനിൽ റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുന്ന വൈദീകരോടൊത്ത് വി.ബലിയർപ്പിച്ചു.

11 റിഫ്രഷർ കോഴ്സിൽ സമാപന ചർച്ചകൾക്ക് നേതൃത്വം കൊടുത്തു. വൈകുന്നേരം സന്ദേശഭവനിൽ വച്ചുനടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

12 രാവിലെ 6.30ന് ധർമ്മടം ഹോളി ഫാമിലി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. കച്ചേരിക്കടവ് ഇടവകയിൽ നടന്ന കുന്നോത്ത് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിന് നേതൃത്വം കൊടുത്തു. വൈകുന്നേരം കുന്നോത്ത് സെമിനാരിയിൽ വിശ്രമിച്ചു.

13 കുന്നോത്ത് സെമിനാരിയിൽ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. വൈകുന്നേരം കരിക്കോട്ടക്കരി ഇടവകയിൽ നടന്ന എടൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിന് നേതൃത്വം നൽകി.

14 കുന്നോത്ത് സെമിനാരിയിൽ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. ഉച്ചകഴിഞ്ഞ് തേർമല ഇടവകയിൽ ബഹു.ജെയിംസ് ആനക്കല്ലിലച്ചന്റെ സഹോദരൻ പരേതനായ തോമസ് ആനക്കല്ലിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം തുരുമ്പി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

15 വിജയപുരം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

16 രാവിലെ 6.30 ന് നിർമ്മലഗിരി CMC കോൺവെന്റിൽ വി.ബലിയർപ്പിച്ചു. 10 മണിക്ക് ചെമ്പേരി എൻജിനിയറിങ് കോളേജിൽ അധ്യായന വർഷ ഉദ്ഘാടനം 'ജ്യോതിർഗമയ 2018' ൽ പങ്കെടുത്തു. വൈകുന്നേരം സന്ദേശഭവനിൽ വൈദീകരുടെ റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു.

17 രാവിലെ സന്ദേശഭവനിൽ റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുന്ന വൈദീകരോടൊത്ത് വി.ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് നിർമ്മലഗിരി കോളേജിൽ വിക്ടറി ഡേ ആഘോഷത്തിൽ പങ്കെടുത്തു.

18 സന്ദേശഭവനിൽ റിഫ്രഷർ കോഴ്സ് സമാപന ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

19 രാവിലെ 9.30 മണിക്ക് പേരാവൂരിൽ നവീകരിച്ച സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ ഓഫീസ് വെഞ്ചരിച്ചു. 10.30 മണിക്ക് പേരാവൂർ ഫൊറോനയിലെ വൈദീകരുടെ മാസധ്യാനത്തിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് ഉളിക്കൽ ഇടവകയിൽ നടന്ന സഖറിയാസ് മീറ്റിൽ സന്ദേശം നൽകി. 4 മണിക്ക് വട്ട്യാംതോട് കുരിശുപള്ളിയിൽ വി.അൽഫോൻസാമ്മയുടെ തിരുന്നാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ചു.

20 രാവിലെ 10 മണിക്ക് പടന്നക്കാട് വച്ച് നടന്ന കാഞ്ഞങ്ങാട്, പനത്തടി ഫൊറോനകളിലെ വൈദീകരുടെ മാസധ്യാനത്തിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നിലമ്പൂരിൽ വച്ച് നടക്കുന്ന മലബാർ യുവജന സംഗമത്തിൽ പങ്കെടുക്കാനായി മണിമൂളി പാസ്റ്ററൽ സെന്ററിലെത്തി വിശ്രമിച്ചു.

21 നിലമ്പൂരിൽ വച്ച് നടന്ന മലബാർ യുവജന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

22 കോളോൺ അതിരൂപതയിലെ ആർച്ചബിഷപ്പ് കർദ്ദിനാൾ റെയ്നർ മരിയ വോൾക്കിയേയും, മിഷൻ പ്രോജക്ട് മാനേജർ ഡോ. റുഡോൾഫ് സോൾസ്ബാഹറിനെയും, പ്രോജക്ട് ഓഫീസർ നദീം കെ അമ്മാനെയും അരമനയിൽ സ്വീകരിച്ചു.

23 കുന്നോത്ത് സെമിനാരിയിൽ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. വൈകുന്നേരം 4.30 ന് അങ്ങാടിക്കടവ് ഇടവകയിൽ പുതിയതായി നിർമ്മിച്ച അൾത്താര കൂദാശ ചെയ്ത് വി.ബലിയർപ്പിച്ചു. വൈകുന്നേരം കുന്നേത്ത് സെമിനാരിയിൽ കോളോൺ കർദ്ദിനാളോടും സംഘത്തോടും, സെമിനാരിയിലെ വൈദികരോടുമൊപ്പം മീറ്റിങ്ങിൽ പങ്കെടുത്തു.

## Programme of the Archbishop
## Mar George Njaralakatt

### AUGUST 2018

| | | | |
|---|---|---|---|
| 1-2 | Mumbai | - | CBCI |
| 3-6 | | - | Satna |
| 7-10 | | - | KCBC |
| 11 | 10.00 am | - | Puravayal |
| | 02.30 pm | - | Alakode |
| | | - | Pastoral visit – Cherupuzha |
| 12 | | - | Pastoral visit – Cherupuzha |
| 13 | | - | Kalpetta |
| 14 | | - | Engaged |
| 15 | 06.30 am | - | Cathedral Church |
| | 10. 00 am | - | Sandhesa Bhavan |
| 16 | | - | Priests' and Sisters' day |
| | 6.00 pm | - | Monthly recollection |
| 17 | | - | Out of station |
| 18 | 10.00 am | - | Pastoral Council - Thaliparamba |
| 19 | | - | Thrissur |
| 20-31 | | - | Synod |

### SEPTEMBER 2018

| | | |
|---|---|---|
| 01 | - | Pastoral visit - Ettupara |
| 02 | - | Pastoral visit - Ettupara |
| 03 | - | Finance council |
| 04 | - | Consulters meeting |

| | | | |
|---|---|---|---|
| 05 | | - | Visitors' day |
| 06 | | - | Priests' and Sisters' day |
| | 05.00 pm | - | VJEC council |
| 07 | | - | Out of station |
| 08 | | - | Kodencherry |
| | | - | Pastoral Visit - Neduvaloor |
| 09 | | - | Pastoral Visit - Neduvaloor |
| 10-14 | | - | Annual Retreat |
| 14 | 02.00 pm | - | ADSU Jubilee Peravoor |
| 15 | 10.00 am | - | Blessing School and Convent - Karakundu |
| | | | Pastoral visit - Vellad |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂൺ 2018

23 രാവിലെ 10 മണിക്ക് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ ചേർന്ന ദിയാക്കോണിയ റീജണൽ മീറ്റിൽ അധ്യക്ഷത വഹിച്ചു.

24 കോഴിച്ചാൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി

25 രാവിലെ 10 മണിക്ക് കുളത്തുവയൽ MSMI ജനറലേറ്റ് ഹൗസിൽ നടന്ന മോൺ സി.ജെ. വർക്കി അനുസ്മരണത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി.

26 രാവിലെ 11 മണിക്ക് കോട്ടൂർ ITI യിൽ നടന്ന തൊഴിലവസര പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം 6 മണിക്ക് ഗുഡ്നെസ് TV യുടെ ഷൂട്ടിങ്ങ് പരിപാടികളിൽ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ പങ്കെടുത്തു.

27 രാവിലെ 11 മണിക്ക് തളിപ്പറമ്പിൽ വച്ചു നടന്ന ഇൻഫാം ഡയറക്ടേഴ്സ് മീറ്റിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് തോമാപുരം യു പി സ്കൂളിൽ നടന്ന മലയാള മനോരമ ഭാഷ പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം 6 മണിക്ക് ഉളിക്കൽ ദൈവാലയത്തിൽ ഗുഡ്നെസ് TV യുടെ സത്യമറിയാൻ പ്രോഗ്രാമിന്റെ ഭാഗമായി യുവജനങ്ങളോട് സംവദിച്ചു.

28 രാവിലെ 10 മണിക്ക് ആൽഫാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടിവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

29 രാവിലെ 9 മണിക്ക് തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ നടന്ന കോൺവോക്കേഷൻ ചടങ്ങുകളിൽ അധ്യക്ഷത വഹിച്ചു.

30 വൈകുന്നേരം 5 മണിക്ക് കുന്നോത്ത് നടന്ന കുന്നോത്ത്, എടൂർ ഫൊറോനകളുടെ യൂത്ത് അസംബ്ലിയിൽ അധ്യക്ഷത വഹിച്ചു.

### ജൂലൈ 2018

01 കള്ളാർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

02 വൈകുന്നേരം 4 മണിക്ക് MSJ കോൺഗ്രിഗേഷൻ താമരശ്ശേരി പ്രൊവിൻസിന്റെ സിനാക്സിസിൽ വി.ബലിയർപ്പിച്ച് ക്ലാസ് നയിച്ചു.

03 രാവിലെ 8 മണിക്ക് പേരാവൂർ ഇടവകയിൽ വി.കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

04 രാവിലെ 10 മണിക്ക് നെല്ലിക്കാംപോയിൽ ഫൊറോനയിലെ വൈദീകരുടെ മാസധ്യാനത്തിൽ പ്രഭാഷണം നടത്തുകയും, യോഗത്തിൽ അധ്യ

ക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് വൈകുന്നേരം 4 മണിക്ക് പരിയാരം മദർഹോമിൽ ധ്യാനപ്രഭാഷണം നടത്തി.

5-6 ബാഗ്ലൂർ NBCLC യിൽ നടന്ന CBCI തിയോളജിക്കൽ കൊളോക്കിയത്തിൽ പങ്കാളിയായി.

07 രാവിലെ 10 മണിക്ക് വായാട്ടുപറമ്പ ഫൊറോന യൂത്ത് അസംബ്ലിയിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ശ്രീകണ്ഠാപുരം പൊടിക്കളം സ്കൂളിൽ നടന്ന യാത്രയയപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് 3 മണിക്ക് മേരിഗിരി ഫൊറോന യൂത്ത് അസംബ്ലിയിൽ അധ്യക്ഷത വഹിച്ചു.

08 ചാവറഗിരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

9-11 സന്ദേശഭവനിൽവച്ച് നടന്ന വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കാളിയായി.

13 രാവിലെ 9 മണിമുതൽ കുന്നോത്ത് സെമിനാരിയിൽ ക്ലാസ് നയിച്ചു. വൈകുന്നേരം 6 മണിക്ക് പൊന്മല ഇടവകയിൽവച്ച് നടന്ന ചെമ്പേരി ഫൊറോനാ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

14 രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

15 രാവിലെ 7.30 ന് ഉദയഗിരി ദൈവാലയത്തിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകുകയും, പൊതുയോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 4 മണിക്ക് തേർമല ഇടവകയിൽ നിര്യാതനായ തോമസ് ആനക്കല്ലിലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

17 ഉച്ചകഴിഞ്ഞ് 2.30 ന് നിർമ്മലഗിരി കോളേജിൽവച്ച് നടന്ന വിക്ടറി ഡേ ആഘോഷങ്ങളിൽ ആശംസയർപ്പിച്ചു.

18 ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

19 രാവിലെ 10 മണിക്ക് തോമാപുരം ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചട്ടമല ഇടവക ദൈവാലയം, വെള്ളരിക്കുണ്ട് കോളേജ് എന്നിവിടങ്ങൾ സന്ദർശിച്ചു. വൈകുന്നേരം 6 മണിക്ക് ഭീമനടി പള്ളിയിൽ നടന്ന വെള്ളരിക്കുണ്ട് ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു.

20 ഉച്ചയ്ക്ക് 2 മണിക്ക് ഉദയഗിരി ഇടവകയിൽ സ്കൂൾ നിർമ്മാണം നടക്കുന്ന സ്ഥലം സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. വൈകുന്നേരം 6 മണിക്ക് പൈസക്കരി ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

21 രാവിലെ 10 മണിക്ക് പടന്നക്കാട് റീജണൽ ബിഷപ്സ് ഹൗസിൽ നടന്ന AKCC യോഗത്തിൽ അധ്യക്ഷത വഹിച്ചു. 11 മണിക്ക് തളിപ്പറമ്പിൽ വച്ച് നടന്ന വിൻസന്റ് ഡിപോൾ റൂബി ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം

## Programme of the Auxiliary Bishop
## Mar Joseph Pamplany

### August - 2018

| | | | |
|---|---|---|---|
| 01 | 10.00 am | - | Shalom TV Shooting |
| 02 | 10.00 am | - | Theology Forum Thalassery |
| 03 | 09.00 am | - | GSMS Class |
| 04 | 10.30 am | - | Karivedakam, Jubilee Celebration |
| 05 | | - | Karivedakam : Pastoral Visit |
| 07-11 | | - | KCBC |
| 12 | | - | Kottody : Pastoral Visit |
| 13 | 10.30 am | - | Peravoor |
| 14 | 10.00 am | - | Minor Seminary |
| 15 | 09.30 am | - | Tellichery Research Center |
| 16 | 10.30 am | - | Alpha PHD Meeting |
| 17 | | - | GSMS Class |
| 18 | 10.00 am | - | Pastoral Council |
| 19 | | - | Manjalampuram : Pastoral Visit |
| 20-31 | | - | Bishops Synod : Kakkanad |

**Secretary to the Auxiliary Bishop**

ചെയ്തു. 2 മണിക്ക് നിർമ്മലഗിരി കോളേജിൽ സന്ദർശനം നടത്തി. തുടർന്ന് 4 മണിക്ക് കോളയാട് ദൈവാലയത്തിൽ അൽഫോൻസാ തിരുന്നാളിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

22 രാവിലെ 9 മണിക്ക് തലശ്ശേരി അരമനയിൽ സന്ദർശനത്തിനെത്തിയ കൊളോൺ അതിരൂപത ആർച്ച്ബിഷപ്പ് കർദ്ദിനാൾ റെയ്നർ മരിയ വോൾക്കിയ്ക്ക് നൽകിയ സ്വീകരണചടങ്ങുകളിൽ പങ്കാളിയാവുകയും, ആശംസയർപ്പിക്കുകയും ചെയ്തു.